F 41

~~30~~

~~424~~

F-41

41

GUPTA MEMORIAL

92
KRI

# മൂളിയിൽ കൃഷ്ണൻ

## (ജീവനചരിത്രം)



കെ. എം. നായർ.

210115

210115
424
20
Room

শ্রী হেমন্তকুমার
সরকার

বন্ধুবরেষু

— [illegible]

[illegible]

২৪.৬.৩৭

SENGUPTA MEMORIAL
READING ROOM & LIBRARY

F41 210115

# മൂളിയിൽ കൃഷ്ണൻ

## (ജീവനചരിത്രം.)

ഗ്രന്ഥകർത്താ

കെ. എം. നായർ, ബി. ഏ. ബി. എൽ.

PRINTED AT THE NORMAN PRINTING BUREAU

CALICUT.

വില 12 ണ.]

*All Rights Reserved.*

F41

92

1401

SEN GUPTA MEMORIAL
PUTHIYARA.
READING ROOM & LIBRARY

SEN GUPTA MEMORIAL
PUTHIYARA.
READING ROOM & LIBRARY



എം. കേ. രാമൻ, ബി. ഏ.

# അവതാരിക.

മൂളിയിൽ കൃഷ്ണൻ അവർകളെക്കുറിച്ചു എനിക്കു കേട്ടറിവുണ്ടായിരുന്നുവെങ്കിലും അദ്ദേഹത്തിൻെറ മകനും എൻെറ ഒരു സ്നേഹിതനുമായ മിസ്റ്റർ എം. കെ. രാമൻമുഖാന്തരമാണ അദ്ദേഹത്തെക്കുറിച്ചു അധികവിവരങ്ങൾ അറിവാനിടയായതും പിന്നീടു അദ്ദേഹവുമായി മുഖപരിചയത്തിന്നു സംഗതിവന്നതും. മിസ്റ്റർ കൃഷ്ണനെക്കുറിച്ചു മുമ്പു ഞാൻ 'കേട്ടിരുന്നതൊക്കെയും അദ്ദേഹത്തിൻെറ കീഴിൽ പഠിച്ചിരുന്ന ഉയൎന്ന ജാതിക്കാരായ ചിലവിദ്യാൎത്ഥികളിൽനിന്നായിരുന്നു. അവരിൽനിന്നുഅറിവാനിടയായ മിക്കകാൎയ്യങ്ങൾകൊണ്ടും തങ്ങളുടെ ഗുരുനാഥനെപ്പററി വലിയ ബഹുമാനമല്ല അവൎക്കുണ്ടായിരുന്നതെന്നു എനിക്കുതോന്നിയിരുന്നു. ആകപ്പാടെ യാതൊരു പ്രത്യേക സംഗതിയും കൂടാതെ ആ അഭിപ്രായം തന്നേ എനിക്കും ഉണ്ടായിത്തീൎന്നു. അദ്ദേഹവുമായി ഒന്നാമതു കണ്ടദിവസംതന്നെ ഞാൻ ധരിച്ചുവശായതല്ല അദ്ദേഹത്തിൻെറ പ്രകൃതി എന്നു എനിക്കു നല്ല ബോദ്ധ്യമായി. അടുത്തു പരിചയിക്കുംതോറും അദ്ദേഹത്തിൻെറ ഓരോ മനോഗുണങ്ങളും എനിക്കു വെളിവായിത്തീൎന്നു. ദോഷലേശമില്ലാത്ത മനുഷ്യൻ ഈശ്വരതുല്യനായിരിക്കേണമെന്നും മനുഷ്യരുടെ ഗുണബാഹുല്യമാണ അവ

രോടുള്ള സ്നേഹബഹുമാനങ്ങൾക്കു ആസ്പദമായിത്തീരുന്നതെന്നും വല്ല ദോഷശകലവും ഒരാളിൽ കണ്ടുകഴിഞ്ഞാൽ അയാളെ പിന്നീടു ഒരിക്കലും സമ്മതനായിക്കരുതിക്കൂടാ എന്നു വിചാരിക്കുന്നതു അബദ്ധമാണെന്നും എനിക്കു മുമ്പേ മനസ്സിലായിരുന്നതിനാൽ എന്റെ സ്നേഹിതന്മാരിൽ ചില ദുർഗ്ഗുണങ്ങളുള്ളവരും കൂടി ഉൾപ്പെട്ടിട്ടുണ്ട്. അങ്ങിനേയിരിക്കെ എനിക്കു നേരിട്ടനുഭവമായിവരാത്ത ദുർഗ്ഗുണങ്ങൾ അദ്ദേഹത്തിന്നുണ്ടെന്നു വിചാരിപ്പാനോ അതു ഹേതുവായി അദ്ദേഹത്തെ നിന്ദിക്കുവാനോ ഞാൻ ഒരുക്കമല്ലായിരുന്നു.

1921 ഫിബ്രുവരിമാസത്തിൽ ഒന്നുരണ്ടു ദിവസം ഞാൻ മിസ്റ്റർ എം. കെ. രാമന്റെ അതിഥിയായി തിരുനെൽവേലിയിൽ പാക്കാൻ ഇടയായി. അന്നു പലേ നേരംപോക്കുകളും പറഞ്ഞിരുന്ന കൂട്ടത്തിൽ അച്ഛന്റെ രസകരമായ ചില അനുഭവങ്ങളെക്കുറിച്ചും മിസ്റ്റർ രാമൻ എന്നോടു പറഞ്ഞു. ഞങ്ങൾ പിരിയുന്നതിന്നു മുമ്പായി "നിങ്ങൾ അച്ഛന്റെ ജീവനചരിത്രം എഴുതണം." എന്നു അദ്ദേഹം എന്നോടു ആവശ്യപ്പെടുകയും ചെയ്തു. അങ്ങിനെ ഞാൻ ചെയ്തുകൊള്ളാമെന്നു വാഗ്ദാനം ചെയ്തിരുന്നുവെങ്കിലും കൃത്യാന്തരബാഹുല്യത്താൽ എനിക്കു് അതിന്നു ഇടകിട്ടിയിരുന്നില്ല. മിസ്റ്റർ കൃഷ്ണൻ മരിക്കുന്നതിനു ഏകദേശം മൂന്നുമാസം മുമ്പു ഒരു ഞായറാഴ്ചയാണു ഞാൻ ഇതു തുടങ്ങാമെന്ന ഉദ്ദേശത്തോടുകൂടി മിസ്റ്റർ കൃഷ്ണന്റെ വീട്ടിൽപോയതു. ഒരു ജീവനചരി

ത്തും എഴുതി പ്രസിദ്ധപ്പെട്ടത്തുന്നതിന്നു മാത്രം തനിക്കു യോഗ്യതയില്ലെന്നും മററും അദ്ദേഹം ശഠിച്ചുവെങ്കിലും അതൊക്കെ തീച്ച്പ്പെടുത്തേണ്ടതു അവനവനല്ലെന്നു ഞാൻ വാദിച്ച് ചരിത്രത്തിലേക്കു ആവശ്യമായ വിവരങ്ങളൊക്കയ്യും അന്വേഷിച്ചു ഗ്രഹിച്ചു. എന്റെ ഒഴിവു സമയത്തു കുറേശ്ശ കുറേശ്ശയായി ഒരു മാസംകൊണ്ടു ഞാൻ ഇതെഴുതിത്തീത്തുവെങ്കിലും ഇതു അച്ചടിപ്പിക്കുവാൻ കുറെ താമസം വേണ്ടതായിവന്നു. ഒരു ദിവസം മിസ്റ്റർ കൃഷ്ണന്റെ "ഫോട്ടോആൽബം" എനിക്കു കാണ്മാനിടയായി. അതിൽ ഈ ജീവനചരിത്രത്തിൽ പറഞ്ഞിട്ടുള്ള പലരുടേയും ചിത്രങ്ങൾ ഉണ്ടായിരുന്നു. മലയാളഭാഷയിൽ ജീവനചരിത്രങ്ങൾതന്നെകുറവാണ്. അതിലും കുറവാണു ചിത്രങ്ങളുടങ്ങിയ പുസ്തകങ്ങൾ. ഈ ചെറിയ പുസ്തകത്തിൽ കുറെ ചിത്രങ്ങളുംകൂടി കൊടുക്കുന്നതായാൽ വായനക്കാക്കു കൌതുകത്തിന്നു കാരണമായിരിക്കുമെന്നു എനിക്കു തോന്നിയ അഭിപ്രായം ഞാൻ പറഞ്ഞപ്പോൾ മിസ്റ്റർ കൃഷ്ണൻ അതിന്നു സന്തോഷപുരസ്സരം അനുമതി നൽകി എന്നു മാത്രമല്ല, ഈ പുസ്തകത്തിൽ കാണിച്ച എല്ലാ ചിത്രങ്ങളുടേയും "ബ്ലോക്കുകൾ" ഉണ്ടാക്കിച്ചു അയച്ചുതരികയും ചെയ്തു. പക്ഷെ അതിന്നടുത്തുതന്നെ അദ്ദേഹം പെട്ടെന്നു കാലധമ്മം പ്രാപിച്ചു.

മഹാകവി കുമാരനാശാൻ എന്റെ ഒരു സ്നേഹിതനായിരുന്നു. അദ്ദേഹം മദിരാശി വരാറുണ്ടായിരുന്ന അ

വത്സരങ്ങളിലൊക്കെ ഞങ്ങൾ തമ്മിൽ കാണുക പതിവായിരുന്നു. മിസ്റ്റർ കൃഷ്ണന്റെ മരണാനന്തരം കുമാരനാശാൻ മദിരാശി വന്നപ്പോൾ ഞാൻ എഴുതിവെച്ചതായ ഈ ജീവചരിത്രം കാണുകയും ഒരാവർത്തി വായിക്കുകയും ചെയ്തു. അടിയന്തരമായി നാട്ടിലേക്കു പോകേണ്ടതുള്ളതുകൊണ്ടു നാട്ടിലെത്തിയ ഉടനെ സശ്രദ്ധം ഒരാവർത്തികൂടി വായിച്ചു തന്റെ വക ഒരു മുഖവുരയുംകൂടി അതിൽചേർത്തു അയക്കാമെന്നു പ്രതിജ്ഞയോടുകൂടി മഹാമടിയനായ ഞാൻ എഴുതിത്തീർത്ത കൈയെഴുത്തുകോപ്പി എടുത്തു കൊണ്ടുപോയി. ആ പോക്കിലാണു വഞ്ചിമുങ്ങി അദ്ദേഹം യശശ്ശരീരനായിത്തീർന്നതു. കുമാരനാശാനോടുകൂടി കൈയെഴുത്തുകോപ്പി പോയതിൽപിന്നെ രണ്ടാമതും ഇതെഴുതിയുണ്ടാക്കുവാൻ എനിക്കു വലിയ ഭാരമായിത്തോന്നിയതിനാലും കരടുകുറിപ്പുകൾ തിരഞ്ഞുനോക്കിയതിൽ തൽക്കാലം കാണാതിരുന്നതുകൊണ്ടും ഈ ചരിത്രം ഇതുവരേയും പുറത്തുവരുത്തുവാൻ എനിക്കു സാധിച്ചില്ല. ഇയ്യിടെ പഴയ കരടുകുറിപ്പുകൾ യാദൃച്ഛികമായി കണ്ടുകിട്ടുകയും ഉടനെ കാലോചിതമായ മാററങ്ങൾ വരുത്തി ഇതു അച്ചടിപ്പിക്കാൻ ഞാൻ ഒരുങ്ങുകയും ചെയ്തു. ഇതിൽ ചേർത്തിരിക്കുന്ന മുഖവുരയും എന്റെ പഴയ കരടുകുറിപ്പുകളോടുകൂടി കണ്ടുകിട്ടിയതാണ്.

ഈ ചരിത്രത്തിൽ, ഉള്ളതിൽ അധികമായി ഒന്നും പറയാതിരിക്കേണമെന്നു ഞാൻ പ്രത്യേകം ശ്രദ്ധവെച്ചിട്ടുണ്ടു. എനിക്കു കിട്ടിയ സകല വിവരങ്ങളും ചരിത്രനാ-

യകനിൽനിന്നു നേരിട്ടായതുകൊണ്ടു ഇതിൽ യഥാൎത്ഥത്തിന്നു വിപരീതമായി യാതൊന്നും ഉണ്ടാവാനിടയില്ല. ഇല്ലാത്ത ഗുണങ്ങൾ ഉണ്ടെന്നു കാണിച്ചോ ഉള്ള ദോഷങ്ങൾ മൂടിവെച്ചുകൊണ്ടോ ചരിത്രങ്ങൾ എഴുതുന്നതു ന്യായമല്ല. പക്ഷെ അന്യൎക്കു മനഃക്ഷോഭം ഉണ്ടാക്കിത്തീക്കാവുന്ന വല്ല സംഗതികളും ഒരു ചരിത്രത്തിൽ പെട്ടിട്ടുണ്ടെങ്കിൽ അതു പുറത്തുപറയുന്നത് യുക്തവുമല്ല. ഈ അഭിപ്രായപ്രകാരം ഈ ജീവനചരിത്രത്തിൽ ചില ഭാഗങ്ങൾ വളരെ വിശദമാക്കാതെ ഞാൻ വിട്ടുകളത്തിട്ടുണ്ടു്.

ഉത്സാഹത്തോടുകൂടി പരിശ്രമിക്കുന്ന ഏതൊരുത്തനും മാന്യ പദവിയിലെത്താൻ സാധിക്കുമെന്നുള്ള ഒരു ബോധം ഈ ജീവനചരിത്രത്തിൽനിന്നു ഗ്രഹിച്ചു അനേകം കേരളസന്താനങ്ങളും ഉൽഗതിക്കായി പരിശ്രമിച്ചുകാണ്മാൻ സംഗതിവരട്ടെ എന്ന പ്രാൎത്ഥനയോടുകൂടി ഞാൻ ഈ പുസ്തകത്തെ സജ്ജനസമക്ഷത്തിൽ അവതരിപ്പിച്ചുകൊള്ളുന്നു.

പുതിയറ,
സപ്തെമ്പർ 4, 1931

കെ. എം. നായർ,
ഗ്രന്ഥകൎത്താവ്.

SEN GUPTA MEMORIAL
PUTHIYARA.
READING ROOM & LIBRARY

# മുഖവുര.

എനിക്കു ഈ മുഖവുര എഴുതാനിടയായതു താഴെ പറയുംപ്രകാരമാണ്. ഞാൻ മദിരാശിയിൽ വന്നപ്പോ ൾ മിസ്റ്റർ കൃഷ്ണൻ മരിച്ചിരിക്കുന്നതായി അറിഞ്ഞു. ഒരു അനുശോചനയോഗം മലയാളി ക്ലബ്ബിൽ വെച്ചുണ്ടാകു മെന്നും അറിഞ്ഞതുകൊണ്ടു അവിടെ അന്വേഷിക്കാനാ യിട്ടു ചെന്നു. അപ്പോൾ മിസ്റ്റർ കൃഷ്ണൻെറ അപ്രതീക്ഷി തമായ മരണത്തിന്നു മുമ്പുതന്നെ ഈ ജീവചരിത്രം എ ഴുതിത്തീൎത്തുവെച്ചിരിക്കുന്ന ഉത്സാഹിയായ ഈ ഗ്രന്ഥക ൎത്താവിനെയാണ് ക്ലബ്ബിലെ സിക്രട്ടറിയുടെ നിലയിൽ അവിടെ കണ്ടതു്. അതുകൊണ്ടു സംഭാഷണത്തിന്നിട യിൽ ഈ പുസ്തകത്തിന്നു ഒരു മുഖവുര എഴുതുന്ന കടമ മിസ്റ്റർ കൃഷ്ണൻെറ ഗുണഗണങ്ങളെ നന്നായി അറിഞ്ഞി ട്ടുള്ള എൻെറതായിത്തീൎന്നു.

മലയാളഭാഷയിൽ ഗദ്യപുസ്തകങ്ങളായി കഥക ളും ഉപന്യാസപരമ്പരകളും ധാരാളം ഉണ്ടാകുന്നുണ്ടു്. എന്നാൽ ജീവചരിത്രം അധികംആരും രചിക്കുന്നില്ല. ജീവചരിത്രരചനക്കു നൈസൎഗ്ഗികമായ വാസനയുള്ള വർ മിസ്റ്റർ മാധവൻനായരെപ്പോലെ കേരളത്തിൽ വേ റേയുമുണ്ടായിരിക്കും. എന്നാൽ അദ്ദേഹത്തിന്നു മിസ്റ്റർ കൃഷ്ണൻെറ ജീവചരിത്രം എഴുതുവാനിടവന്നതുപോലെ മററുള്ളവൎക്കും മിസ്റ്റർ സത്യാൎത്ഥി, മിസ്റ്റർ സി. വി. രാമ

ൻപിള്ള, മിസ്റ്റർ ചന്തുമേനോൻ മുതലായ മുൻഷിമാരു ടേയും ഗദ്യകർത്താക്കന്മാരുടേയും ചരിത്രം എഴുതുവാനിട യാകാത്തതു കഷ്ടമാണ്. പദ്യം മാത്രം രചിച്ചിട്ടുള്ള ക വികളുടേയും ജീവചരിത്രങ്ങൾ നമുക്കാവശ്യമാണു.

മിസ്റ്റർ എം. കൃഷ്ണൻ ഒരേ ഒരു തലമുറയിലുള്ളവ രേ മാത്രം പഠിപ്പിച്ചിട്ടുള്ള ആളല്ല. പരോപകാരതല്പര നായി മാത്രം വക്കീൽപ്രവൃത്തി വിടാതിരിക്കുന്ന ടി. ആർ. രാമചന്ദ്രയ്യരവർകൾ തന്നെയും താൻ മിസ്റ്റർ കൃ ഷ്ണന്റെ വിദ്യാർത്ഥിയാണെന്നു അഭിമാനപൂർവ്വം ഇന്ന ലെ എന്നോടു പറഞ്ഞതാലോചിക്കുമ്പോൾ മിസ്റ്റർ കൃ ഷ്ണന്റെ ഭാഗ്യം അപരിമിതമാണ് എന്നുതന്നെ പറയാം. പഴയ റെഗ്ഗുലേഷൻ അനുസരിച്ചു പ്രസിഡൻസി കോ ളേജിൽ പഠിപ്പിച്ചിട്ടുള്ളതു കൂടാതെ പുതിയ റെഗ്ഗുലേഷ ൻ അനുസരിച്ചു വാൎദ്ധക്യകാലത്തുകൂടി സ്ത്രീകൾക്കായു ള്ള മദ്രാസ്സ് ക്രസ്ത്യൻ കോളേജിലും പഠിപ്പിച്ചുവന്നതു നോക്കിയാൽ മലയാളം പഠിപ്പിക്കാതെ കാലയാപനം ചെയ്യാൻ ഇദ്ദേഹത്തിന്നു പ്രയാസമായിരുന്നുവെന്നു തോന്നും.

മിസ്റ്റർ കൃഷ്ണന്നു സൌശീല്യവും സൌജന്യവും കൂടെ പ്പിറന്നതായിരുന്നു. അവകൊണ്ടു സംഭവിച്ചിരുന്ന ചി ല അപകടങ്ങളെ സഹിപ്പാനുള്ള ക്ഷമയും അദ്ദേഹ ത്തിന്നുണ്ടായിരുന്നു. പാഠപുസ്തകങ്ങളുടേ കൂട്ടത്തിൽ അ ക്ബറും മാൎത്താണ്ഡവൎമ്മയും എന്നു അദ്ദേഹം എഴുതി

യാൽ സർവ്വകലാശാലയിലെ പ്രൂഫ് നോട്ടക്കാർ Akbar by Marthandavarma എന്നാക്കിത്തീക്കും. കൃഷ്ണപ്പാട്ട്—കാളിയമർദ്ദനം എന്നു അദ്ദേഹം എഴുതിയാൽ Krishnappattu's Kaliamardanam എന്നു വെച്ചടിക്കും. വള്ളത്തോൾ നാരായണമേനോൻ എന്നു അദ്ദേഹമെഴുതിയാൽ Vallathil Narayanamenon എന്നു അവർ അടിച്ചുവിടും. പ്രൂഫെല്ലാം അദ്ദേഹത്തിന്നുതന്നെ അയച്ചുകിട്ടേണമെന്നു നിർബ്ബന്ധിക്കാത്തതെന്താണെന്നു ഞാൻ ഒരിക്കൽ അദ്ദേഹത്തോടു ചോദിച്ചപ്പോഴാണു സൌമ്യശീലനായ അദ്ദേഹം ചെയ്യാനുള്ള അപേക്ഷയെല്ലാം ചെയ്തിരുന്നുവെന്നും ദാരുണരായ സർവ്വകലാശാലക്കാരുടെ കടുപ്പമായ ഉദാസീനത മാത്രമാണു മലയാളലിസ്ററുകളിലുള്ള അബദ്ധങ്ങൾക്ക് എല്ലാം കാരണമെന്നും മനസ്സിലായതു്. മദിരാശി സർവ്വകലാശാലക്കാർ ബോർഡുകളിലെ അദ്ധ്യക്ഷന്മാർ ഈ പട്ടണത്തിലുള്ളവരായിരിക്കണമെന്നു പറഞ്ഞു അദ്ധ്യക്ഷപദവി പുറമേ ഉള്ളവക്കു കൊടുക്കുകയുമില്ല. മലയാളമറിയാത്തവരേക്കൊണ്ടു മാത്രമേ പ്രൂഫ് തിരുത്തിക്കുകയുമുള്ളു. ഇങ്ങിനെ ആയാലുള്ള അനുഭവത്തിന്നു സാധുവായ ചരിത്രനായകനെ കുററപ്പെടുത്തുന്നതു കഷ്ടമാണല്ലോ.

ഈ ചരിത്രത്തിലെ വിഷയവിഭാഗത്തിലും ഓരോ വിഭാഗത്തേയും രസകരമാക്കിക്കൊണ്ടുപോകുന്നതിലും മിസ്റ്റർ മാധവൻനായർ പ്രത്യേകം പാടവം പ്രദർശിപ്പിച്ചിട്ടുണ്ടു. അദ്ദേഹം സ്വതേ ആലോചനാശീലനാണെ

ന്നു കാണുന്നുണ്ടു. നമ്മുടെ നാട്ടിലുള്ള ഒരു വിശിഷ്ടന്റെ ജീവനചരിത്രം നമ്മുടെ നാട്ടിലെ വായനക്കാരെ ആഹ്ലാദിപ്പിക്കത്തക്ക നിലയിലായിരിക്കേണമെന്നറിഞ്ഞു അപ്രകാരം ഈ ഗ്രന്ഥം നിമ്മിച്ചിരിക്കയാണെന്നു പ്രത്യേകം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ഗദ്യരീതിയും സരളവും മനോഹരവുമായിട്ടുണ്ടു.

മദിരാശി,
30-4-1923.

സി. എൻ. എം. രാമയ്യശാസ്ത്രി എം. എ.
തിരുവനന്തപുരം രാജകീയകോളേജിലെ.
മലയാളം ലക്ക്ചറർ.

---

SEN GUPTA MEMORIAL
PUTHIYARA.
READING ROOM & LIBRARY

SEN GUPTA MEMORIAL
PUTHIYARA.
READING ROOM & LIBRARY

# ഒന്നാം അദ്ധ്യായം.

## കുടുംബവും ജനനവും.

തീയരുടെ ഇടയിൽ, വടക്കെ മലയാളത്തിൽ, ധാരാളം പ്രസിദ്ധിയുള്ള രണ്ടു പഴയ തറവാടുകളെക്കുറിച്ചു ആദ്യമായി കുറഞ്ഞൊന്നു വിവരിച്ചതിന്നു ശേഷമാണ് നമ്മുടെ ചരിത്രനായകൻെറ ജനനത്തെക്കുറിച്ചു എഴുതുന്നതിന്നു എളുപ്പമായിരിക്കുക. ചിറക്കൽ താലൂക്കിൽ ഇപ്പോൾ കണ്ണൂർ റെയിൽവെസ്റ്റേഷൻ നിൽക്കുന്നതിന്ന് അല്പം തെക്കുകിഴക്കായി, താവക്കര എന്നൊരു ദേശമുള്ളതിൽ ഒരു ഭേദപ്പെട്ട തറവാടാണു മൂളിയിൽ തറവാട്. ഈ തറവാട്ടിൽ പരംപരയാ വിഷവൈദ്യത്തിൽ വിഖ്യാതരായ അനേകം പേരുണ്ടായിരുന്നുവെന്നു കേട്ടുകേൾവിയുണ്ടു. പരിഷ്കാരം ലേശമില്ലാതിരുന്ന പണ്ടു കാലങ്ങളിൽ ഓരോ മഹാന്മാരുടേയും പ്രവൃത്തികൾ പിൻകാലങ്ങളിൽ ഉണ്ടായി വരുന്നവൎക്ക് ആദൎശമായിത്തീരുന്നതിന്നോ, സന്തോഷത്തോടു കൂടി വായിച്ചറിഞ്ഞുഅനുമോദിക്കുന്നതിന്നോ വേണ്ടി എഴുതിവെക്കുന്ന സംപ്രദായം നമ്മുടെ നാട്ടിലില്ലാതിരുന്നതുകൊണ്ട് കേരളത്തിലുണ്ടായിരുന്ന മഹാന്മാരുടെ ജീവിതകാൎയ്യങ്ങളെക്കു

റിച്ചു ഇന്നുള്ളവൎക്കു ഐതിഹ്യങ്ങളായി കൎണ്ണികൎണ്ണാക
യാ ഗ്രഹിക്കാൻ കഴിന്ന ചുരുക്കം ചില വിവരങ്ങൾ
മാത്രമാണല്ലൊ അറിവാൻ കഴിയുന്നതു്. അവയും പല
പ്പോഴും ഓരോരുത്തരുടേയും സരസ്വതീവിലാസം പോ
ലേ ഭേദപ്പെട്ടുവരുന്നതുകൊണ്ടു ചിലപ്പോൾ വിശ്വാസ
യോഗ്യമല്ലാതെയും വന്നുകൂടുന്നു. എന്നാൽ നമ്മുടെ ച
രിത്രനായകൻെറ അച്ഛൻെറ തറവാട്ടിൽ മുമ്പുണ്ടായിരു
ന്നവരുടെ വിഷവൈദ്യത്തിലും മററുമുണ്ടായിരുന്ന യോ
ഗ്യത വിശ്വാസയോഗ്യമാകും വിധം തെളിയിക്കാൻ നി
വൃത്തിയില്ലെങ്കിലും മൂന്നു തലമുറ മുമ്പായിട്ടുള്ളതു മുതൽ
അവൎക്കുണ്ടായിരുന്ന പാടവം കേവലം ഐതിഹ്യങ്ങളു
ടെ കൂട്ടത്തിലല്ലാതെ വിശ്വസയോഗ്യമായ വിധത്തിൽ
തന്നേ അറിയപ്പെട്ടിരുന്നു.

നമ്മുടെ ചരിത്രനായകൻെറ പിതാമഹൻ സാ
ത്വികവൃത്തിയുള്ള ഒരു ദേഹമായിരുന്നു. അദ്ദേഹത്തിന്നു
തൻെറ മരണകാലം നിൎണ്ണയിക്കാൻ കഴിഞ്ഞിരുന്നുവെ
ന്നും മരിക്കുന്ന ദിവസം പ്രത്യേകമായി ഒരാളെക്കണ്ടു ഒ
രു കാൎയ്യം പറവാനുണ്ടായിരുന്നതുകൊണ്ടു "ഇന്നു അസ്ത
മിക്കുന്നതിന്നുമുമ്പായിത്തന്നെ എൻെറ അടുക്കൽ എ
ത്തിട്ടില്ലെങ്കിൽ എന്നെ കാണ്മാൻ കഴിയുകയില്ലെന്നു പ
റയണം" എന്നു പറഞ്ഞയച്ചപ്രകാരം കാണേണ്ടുന്ന
ആൾ അസ്തമയത്തിന്നു മുമ്പായിത്തന്നെ വന്നു സംസാ
രിച്ചുപിരിഞ്ഞു വെന്നും അതിന്നുശേഷം ദിനംപ്രതിചെ
യ്യുവരാറുള്ള പ്രകാരം ദേഹശുദ്ധിവരുത്തി ഈശ്വരധ്യാ

നംചെയ്തു ഉടനെ കോസടി നിവിൎത്താൻ ആജ്ഞാപി ക്കുകയും അതിൽ കിടന്ന ഉടൻതന്നെ പരലോകപ്രാപ്ത നാവുകയും ചെയ്തുവെന്നും അറിയുന്നു. കേവലം ഈശ്വ രഭക്തന്മാൎക്കും ശുദ്ധമതികൾക്കുമല്ലാതെ ഈ വിധത്തി ലുള്ള മരണത്തിന്നു സാധിക്കയില്ലെന്നുള്ളതു പറഞ്ഞറി യിക്കേണ്ടതില്ലല്ലൊ.

ഇനി പറവാനുള്ളതു നമ്മുടെ ചരിത്രനായകന്റെ പിതാവിനെക്കുറിച്ചാണ. അദ്ദേഹത്തിന്റെ പേർ പത്മ നാഭൻ എന്നായിരുന്നുവെങ്കിലും സാധരണയായി പറ ഞ്ഞും അറിഞ്ഞും വന്നിരുന്നതു 'പൊക്കൻഗുരുക്കൾ' എ ന്നായിരുന്നു. മൂലിയിൽ തറവാട്ടിലെ വകയായി പണ്ടേ ഒരു വിദ്യാലയം ഉണ്ടായിരുന്നതിൽ അദ്ധ്യാപകവൃത്തി ഉണ്ടായിരുന്നതുകൊണ്ടാണ് ഗുരുക്കൾ എന്നുകൂടി പേ രോടു ചേൎത്തു വിളിച്ചുവന്നതു. പൊക്കൻഗുരുക്കൾക്കും അദ്ദേഹത്തിന്റെ അച്ഛനുണ്ടായിരുന്നതുപോലേ പ്ര ത്യേകമായ ചില അറിവും വിവരവും ഉണ്ടായിരുന്നു. തന്റെ മരണകാലം അദ്ദേഹത്തിന്നും നിൎണ്ണയിക്കാൻ കഴിഞ്ഞുവെന്നു മരിക്കുന്നതിന്നു രണ്ടുദിവസംമുമ്പായി ത ന്റെ അനുജനായ രാമോട്ടി ഗുരുക്കളോടു, തനിക്കു അ പ്പോൾ ബാധിച്ചിരുന്ന ജ്വരരോഗം സാധാരണയിലധി കരിച്ചതല്ലായിരുന്നുവെങ്കിലും അതിന്നു യാതൊരു ചി കിത്സയും ചെയ്തിട്ടു ഫലമില്ലെന്നും പക്ഷെ വിവരം കു ട്ടികളോടു പറയേണ്ടതില്ലെന്നും അറിയിച്ചിരുന്നുവെന്നു പറയുംപോൾ നമുക്കു മനസ്സിലാകുമല്ലോ.

ഇദ്ദേഹത്തിൻെറ ഭാൎയ്യയാവാനും നമ്മുടെ ചരിത്ര നായകൻെറ അമ്മയാവാനും യോഗമുണ്ടായതു ചിറക്കൽ താലൂക്കിൽതന്നെയുള്ള അഴീക്കോടംശത്തിൽ പഴയതും പ്രസിദ്ധപ്പെട്ടതുമായ മുണ്ടച്ചാലിൽ തറവാട്ടിലെ മീനാക്ഷി എന്ന സ്ത്രീക്കായിരുന്നു. ഈ തറവാട്ടിൽ മുമ്പുണ്ടായിരുന്ന ഒരു സ്ത്രീക്കു കുളക്കടവിൽവെച്ചു ഒരു മാണിക്യക്കല്ലു കണ്ടുകിട്ടിയെന്നും അതു കണ്ടെടുത്തു കൊണ്ടുപോയതുകൊണ്ടു ഉഗ്രമായ സൎപ്പകോപം തറവാട്ടിലേക്കു ഉണ്ടായിക്കൊണ്ടിരുന്നുവെന്നും ഒരു ഐതിഹ്യമുണ്ടു. ചില വിശേഷ സൎപ്പങ്ങൾക്കു വളരെ പ്രായം ചെല്ലുമ്പോൾ ഉടൽ നന്നെ ചെറുതാവുകയും ചിറകുകൾ ഉണ്ടാവുകയും രാത്രിയിൽ നിഷ്പ്രയാസം ഇര കണ്ടുപിടിപ്പാൻ വെളിച്ചത്തിന്നായി പ്രകൃതിദേവിയിൽനിന്ന് അവൎക്കു സിദ്ധിക്കുന്ന ഒരുതരം വിശേഷമായ രത്നക്കല്ലോടുകൂടി ആവക സൎപ്പങ്ങൾ രാത്രികാലങ്ങളിൽ എങ്ങും സഞ്ചരിക്കാറുണ്ടെന്നും ആ വക കല്ലുകൾക്ക് മാണിക്യക്കല്ലെന്നാണ് പേർ പറയാറുള്ളതെന്നും സൎപ്പങ്ങൾ ഇരവിഴുങ്ങുമ്പോഴൊ മററൊ ആ കല്ലുകൾ പുറത്തു വെക്കുന്നതു ആരെങ്കിലും കണ്ടാൽ അതുകളിന്മേൽ ചാണകം എറിഞ്ഞു പിടിപ്പിച്ചോ മൂത്രവിസൎജ്ജനം ചെയ്തോ പിന്നീടു അതുകളെ സൎപ്പങ്ങൾക്കു ഉപയോഗിക്കാൻ വയ്യാതാക്കിത്തീൎത്ത് കരസ്ഥമാക്കാറുണ്ടെന്നും ഇക്കാലത്തുകൂടിയും ജനങ്ങൾ വിശ്വസിച്ചുവരുന്നുണ്ടു. ഇന്ത്യയിൽ ചിറകുള്ള സൎപ്പങ്ങളെ കണ്ടതായി ചരിത്രപ്രസിദ്ധ

നായ യവനപണ്ഡിതൻ മഗെസ്തനീസ് എഴുതിയ ഒരു ഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ടു. ഏതായാലും മേൽവിവരിച്ച ഐതിഹ്യം വിശ്വാസയോഗ്യമോ അല്ലയോ എന്നു നമുക്കു തീൎച്ചപ്പെടുത്തുവാൻ സാധിക്കയില്ല. ഇതിനെക്കുറിച്ചു കുറെക്കൂടി വിവരം വഴിയെ പ്രസ്താവിക്കുന്നതാണ്. മുണ്ടച്ചാലിൽ തറവാട്ടിലെ മീനാക്ഷി എന്നു പേരായ സന്താനമാണു നമ്മുടെ ചരിത്രനായകന്റെ അമ്മ എന്നു പറഞ്ഞുവല്ലോ. മൂളിയിൽ പൊക്കൻഗുരുക്കൾക്ക് മുണ്ടച്ചാലിൽ മീനാക്ഷിഅമ്മയിൽ ഒമ്പതു സന്താനങ്ങളുണ്ടായി. അവരിൽ അഞ്ചാമത്തെ സന്താനമാണു നമ്മുടെ ചരിത്രനായകനായ മൂളിയിൽ കൃഷ്ണൻ. ഇദ്ദേഹത്തിന്റേയും സഹോദരീസഹോദരന്മാരുടേയും പേരുകൾ വയഃക്രമപ്രകാരം താഴെ കാണിക്കാം.

1. കുഞ്ഞിക്കണ്ണൻ.
2. പൈതൽ.
3. ചിരുത.
4. രാമൻ.
5. കൃഷ്ണൻ.
6. താല.
7. അച്ചുതൻ.
8. നാരായണൻ.
9. സീമന്തിനി.

ആദ്യജാതനായ കുഞ്ഞിക്കണ്ണനു നമ്മുടെ ചരിത്രനായകനേക്കാൾ പന്ത്രണ്ടു വൎഷം പ്രായം ചെന്നിരുന്നു.

അയാൾ പത്തൊമ്പതു വയസ്സുവരെ ജീവിച്ചിരുന്നതിന്നു ശേഷം വസൂരിരോഗത്താൽ മരിച്ചുപോയി. അയാൾ ചെറുപ്പത്തിൽതന്നെ സംസ്കൃതത്തിലും വിശേഷിച്ചു തമിഴിലും നല്ല പാണ്ഡിത്യം സംപാദിച്ചിരുന്നു. അയാളെക്കുറിച്ചു ഒന്നുകൂടി പറവാനുള്ളതു അയാളും കൊച്ചി രാജവംശത്തിലെ ഒരംഗമായി ജനിച്ചുവളൎന്നു പിന്നീടു ക്രിസ്തുമതം വിശ്വസിച്ചു സാധാരണയായി "രാമവൎമ്മസായ്പ്" എന്ന പേരോടുകൂടി കണ്ണൂരിൽ അക്കാലത്ത് താമസിച്ചുവന്നിരുന്ന രാമവൎമ്മതമ്പുരാനുമായുണ്ടായ പ്രത്യേക മൈത്രിയെക്കുറിച്ചാണ്. ഈ രണ്ടുപേരും വയോരൂപസംസ്കാരാദികളിൽ തുല്യന്മാരും അന്യോന്യം വലിയ സ്നേഹത്തോടുകൂടിയവരുമായിരുന്നു. കുഞ്ഞിക്കണ്ണന്നു വസൂരി പിടിപെട്ടപ്പോഴും രാമവൎമ്മസായ്പിന്നു വിട്ടുപിരിയുവാൻ മനസ്സുവന്നില്ല. കുഞ്ഞിക്കണ്ണൻ മരിച്ചു ഉടനെ രാമവൎമ്മസായ്പിന്നും വസൂരി പിടിപെട്ടു അദ്ദേഹവും മരിച്ചു. അവർ രണ്ടുപേരും ഇഹലോകത്തിൽ ഒന്നിച്ചിരുന്നു കാലം കഴിച്ചുപോലെ പരലോകത്തിലും കാലം കഴിച്ചുവന്നിരിക്കണം എന്നു നമുക്കൂഹിക്കാം.

രണ്ടാമത്തെ സന്താനമായ പൈതൽ ഏകദേശം എഴുപത്തഞ്ചുവയസ്സുവരെ ജീവിച്ചിരുന്നതിന്നുശേഷമാണ് മരിച്ചത്. ഇയ്യാളാണ് പരംപരയായിട്ടുള്ള മൂലിയിൽ സ്കൂളിലെ അദ്ധ്യാപകവൃത്തി പൊക്കൻ ഗുരുക്കളുടേയും രാമൊട്ടിഗുരുക്കളുടേയും പിൻകാലത്തു നടത്തി

വന്നതു. ഈ മനുഷ്യനെക്കുറിച്ചു നമ്മുടെ ചരിത്രത്തിൽ ചിലേടങ്ങളിൽ വിശേഷിച്ചു, നമ്മുടെ ചരിത്രനായകന്റെ വിദ്യാഭ്യാസകാൎയ്യങ്ങളിൽ പറയേണ്ടതുണ്ടായിരിക്കും. അമ്പതു സംവത്സരങ്ങളോളം അദ്ധ്യാപകവൃത്തിയിൽ ജീവിതം നയിച്ചതിന്നുശേഷമാണ് അയാൾ പരലോകപ്രാപ്തനായതു.

മൂന്നാമത്തെ സന്താനമായ ചിരുത എന്ന സ്ത്രീ വലിയ കഷ്ടപ്പാടൊന്നും കൂടാതെ വളൎന്നുവന്നു, പ്രസിദ്ധനായ ഒയിററി രാമൻ താസിൽദാരുടെ ഭാൎയ്യയായി, സന്താനസമ്പൽസുഖങ്ങളോടുകൂടി വളരെക്കാലം ജീവിച്ചിരുന്നശേഷം മരിച്ചു.

നാലാമത്തെ സന്താനമായ രാമൻ ഇംഗ്ലീഷുവിദ്യാഭ്യാസം കഴിച്ചു റവന്യൂ ഡിപ്പാർട്ടുമെണ്ടിൽ ഒരുദ്യോഗത്തിൽ പ്രവേശിച്ചു, പിന്നീടു വളരെക്കാലത്തോളം കോഴിക്കോട്ടു ഹജ്ജൂരിൽ ട്രാൻസ്ലേററരായി ഇരുന്നശേഷം പെൻഷൻവാങ്ങി പിരിഞ്ഞു. കുറെകൊല്ലങ്ങൾക്കശേഷം പരലോകപ്രാപ്തനായി. ഇദ്ദേഹത്തിന്റെ സന്താനങ്ങളാണു മിസ്റ്റർ മൂളിയിൽ കേശവനും, ജാനകിഅമ്മയും മററും.

അഞ്ചാമത്തെ സന്താനമായ നമ്മുടെ ചരിത്രനായകൻ എഴുപത്തഞ്ചാമത്തെ വസ്സിൽ ഒന്നുരണ്ടു മാസത്തോളം ഭക്ഷണത്തോടു ഒരു വിരക്തി മാത്രമല്ലാതെ മററു പറയത്തക്ക രോഗമൊന്നും കൂടാതെ 1923 ഏപ്രി

ൽ 25-ാംനു രാത്രി ഏഴരമണിക്കു, മദിരാശിയിലുള്ള തന്റെ സ്വന്തം ഭവനത്തിൽവെച്ചു കാലധൎമ്മംപ്രാപിച്ചു.

ആറാമത്തെ സന്താനമായ താല പതിനേഴാമത്തെ വയസ്സിൽ അപസ്മാരരോഗത്താൽ അപമൃത്യു പ്രാപിച്ചുപോയി. ഈ സ്ത്രീക്കു ഒരു സന്താനമുണ്ടായിരുന്നതും അധികകാലം കഴിയുന്നതിന്നുമുമ്പായിത്തന്നെ മരിച്ചു.

ഏഴാമത്തെ സന്താനമായ അച്ചുതൻ ഇംഗ്ലീഷുവിദ്യാഭ്യാസം കഴിഞ്ഞു റവന്യൂ ഡിപ്പാർട്ടുമെണ്ടിൽ ഒരു ഉദ്യോഗത്തിൽചേൎന്നു. ഒടുവിൽ ഹജ്ജൂരിൽ അക്കൌണ്ടണ്ടായിരുന്ന കാലത്തു പെൻഷൻവാങ്ങിപ്പിരിഞ്ഞു ഇപ്പോൾ സ്വഗൃഹത്തിൽ സുഖമായി ജീവിച്ചുവരുന്നു.

എട്ടാമത്തെ സന്താനമായ നാരായണൻ ഇംഗ്ലീഷുവിദ്യാഭ്യാസംചെയ്തു എം. എ. പരീക്ഷയിൽ വിജയിയായി. അദ്ദേഹവും ഇപ്പോൾ ഉദ്യോഗത്തിൽനിന്നു പിരിഞ്ഞു പെൻഷൻപററി സുഖമായി കാലക്ഷേപം ചെയ്തുവരുന്നു,

ഒടുവിലത്തെ സന്താനമായ സീമന്തിനി അതി രൂപലാവണ്യമുള്ള ഒരു കുട്ടിയായിരുന്നു. പക്ഷെ ആ കുട്ടിക്കു് മൂന്നുകൊല്ലത്തോളമേ ഇരിക്കാൻ യോഗമുണ്ടായുള്ളു. പരക്കെയുണ്ടായ വസൂരിരോഗത്തിൽ മൂന്നാമത്തെ വയസ്സിൽ ആ കുട്ടിയും തന്റെ ആദ്യജാതനായ സഹോദരനോടൊപ്പം മൃതയായി.

ഈ ഘോരരോഗം നമ്മുടെ ചരിത്രനായകനേയും ബാധിക്കാതിരുന്നില്ല. രോഗം പിടിപെട്ടപ്പോൾ ഏഴ വയസ്സ മാത്രമെ പ്രായമായിരുന്നുള്ളൂ. രോഗം സാമാന്യത്തിലധികം ഗൌരവമുള്ളതായിരുന്നതുകൊണ്ട ജീവിച്ചുപോരുന്ന കാൎയ്യം വളരെ ദിവസങ്ങളോളം സംശയസ്ഥാനത്തിലാക്കി ഒടുവിൽഎന്നെന്നും നിലനില്ക്കുന്നതായ ഒരടയാളവും നൽകി വസൂരിരോഗം നമ്മുടെ ചരിത്രനായകനെ വിട്ടമാറി.

ഇങ്ങിനെ കഠിനരോഗം തറവാടടക്കം ബാധിച്ചതിന്ന വല്ല പ്രത്യേക കാരണങ്ങളുമുണ്ടായിരിക്കാമെന്ന നിശ്ചയിച്ച ഒരു പ്രസിദ്ധനായ ജ്യോതിഷക്കാരനെക്കൊണ്ട ചിന്തിപ്പിച്ചതിൽ മുമ്പു വിവരിച്ചപ്രകാരം മുണ്ടച്ചാലിൽ തറവാട്ടിലേക്ക മാണിക്യക്കല്ല കിട്ടിയ വിവരവും അതിൽനിന്നുണ്ടായിട്ടുള്ള സൎപ്പകോപമാണ ഈ ബാധക്ക കാരണമെന്നും വെളിവായി. അതിന്ന പ്രായശ്ചിത്തമായി പലതും ചെയ്യാമെന്ന നിശ്ചയിച്ച കൂട്ടത്തിൽപൊക്കൻ ഗുരുക്കളുടെ ഭാൎയ്യയും മക്കളും മേലാൽ മുണ്ടച്ചാലിൽ തറവാട്ടിലെ അംഗങ്ങളുടെ നില വിട്ട മൂളിയിൽ തറവാട്ടിലെ അംഗങ്ങളായിത്തന്നെ നിന്നുകൊള്ളാമെന്നും നിശ്ചയിച്ചു. വടക്കെമലയാളത്തിലെ തീയരുടെ ഇടയിൽ ആചരിച്ചുവരുന്നതു മരുമക്കത്തായമായിരിക്കേ മേൽപറഞ്ഞ നിശ്ചയം സാധാരണ ആദരണീയമായിരുന്നില്ല. പക്ഷെ ഈശ്വര വിശ്വാസത്തിലും ദൈവികമായ വിഷയങ്ങളിലും അക്കാലത്തുണ്ടായിരുന്ന ദൃഢവി

ശ്വാസത്തിന്റെ ഫലമായി ഈ നിശ്ചയത്തിന്നു എല്ലാവരുടേയും അനുമതി ലഭിച്ചു. അന്നുമുതൽ നമ്മുടെ ചരിത്രനായകന്റെ കുടുംബം മുണ്ടച്ചാലിൽ തറവാടുമായുള്ള ബന്ധവും വിട്ടു.

ഈ അദ്ധ്യായം അവസാനിപ്പിക്കുന്നതിന്നു മുമ്പായി പൊക്കൻ ഗുരുക്കളുടെ സഹോദരനായ രാമോട്ടിഗുരുക്കൾ എന്ന ഒരാളെക്കുറിച്ചു അല്പം കൂടി പ്രസ്താവിക്കേണ്ടതായിരിക്കുന്നു. ക്രിസ്തുമതപ്രചാരത്തിന്നു അശ്രാന്തം പരിശ്രമിച്ചു വന്നിരുന്ന പാതിരിസ്സായ്പന്മാർക്കു പൊതുജനങ്ങളോടുകൂടി ഇടപെടേണ്ടതിന്നു മലയാളഭാഷയുടെ സഹായം അത്യന്തം ആവശ്യമായിരുന്നു. അതുകൊണ്ടു അക്കാലങ്ങളിൽ പാതിരിസായ്പന്മാരെല്ലാം മലയാളഭാഷ പഠിക്കുന്നതിൽ വളരെ ഔത്സുക്യമുള്ളവരായിരുന്നുവെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. അത്യുത്സാഹശീലന്മാരായ അവരിൽ ചിലരുടെ ഈ പരിശ്രമംകൊണ്ടാണു മലയാളഭാഷക്കു ആദ്യകാലങ്ങളിൽ വലിയ ഗുണോൽകർഷങ്ങളുണ്ടായിട്ടുള്ളതെന്നും, ഗുണ്ടർട്ട്, ഗാർത്തുവേററ് മുതലായ പേരുകൾ തുഞ്ചൻ കുഞ്ചൻ എന്നീ പേരുകളെപ്പോലെ വന്ദനീയങ്ങളാണെന്നും ഭാഷാഭിമാനികൾക്കു ഒരിക്കലും വിസ്മരിക്കത്തക്കതല്ല. പണ്ടു കണ്ണൂരിൽ പാപ്പാക്കിയിരുന്ന പാതിരി സായ്പന്മാരെ മലയാളഭാഷ പഠിപ്പിക്കുവാൻ നിയമിച്ചിരുന്നതു മേൽപറഞ്ഞ മൂളിയിൽ രാമോട്ടി ഗുരുക്കളെയായിരുന്നു. ഹിന്ദുസമുദായത്തിൽ തങ്ങൾക്കു അനുഭവമായി വന്നിരുന്നതും

ഇപ്പോൾ വെറപ്പോട്ടകൂടി കേരളത്തിലെ പത്തൊമ്പതു ലക്ഷത്തോളം സംഖ്യയുള്ള തീയസമുദായക്കാർ ഒന്നായിച്ചേൎന്നു നിശ്ശേഷം വേരറക്കുവാൻ ഉത്സാഹിച്ചുവരുന്നതും ഉയൎന്നജാതിക്കാരെന്നഭിമാനിച്ചു വരുന്നവരിൽ ശരിയായ വിദ്യാഭ്യാസവും മഹാമനസ്കതയും സിദ്ധിച്ചുവരും ആലോചിക്കുംതോറും ലജ്ജയോടുംകൂടി വെറക്കുന്നതും ആയ പലേ ദുരാചാരങ്ങളും ദുശ്ശാസനകളും ക്രിസ്തുമതാവലംബികളാകുന്ന തൽക്ഷണം നശിച്ചുപോകുന്നു എന്നുള്ള പ്രത്യക്ഷ തത്വമോ പാരത്രികമായി അനുഭവമായി വരാവുന്ന അപ്രത്യക്ഷഫലങ്ങളോ പാതിരിസ്സായ്പന്മാർക്ക തങ്ങളുടെ ഗുരുനാഥൻെറ വിശേഷഗുണങ്ങൾ കണ്ടിട്ടുള്ള സന്തോഷംനിമിത്തം അത്തരത്തിലുള്ള ഒരു ദേഹത്തെ തങ്ങളുടെ സംഘത്തിൽ ഏതു വിധത്തിലെങ്കിലും ചേൎത്തേ കഴിയൂ എന്നുള്ള ആഗ്രഹത്തിൻെറ പരിപൂൎത്തിയൊ എന്തായിരിക്കാം ഇദ്ദേഹത്തെ ക്രിസ്തുമതത്തിൽ ചേരുവാൻ പ്രേരിപ്പിച്ചതെന്നു നമുക്കറിവാൻ ഇപ്പോൾ നിവ്വാഹമില്ല. എന്തായാലും രാമോട്ടി ഗുരുക്കൾ ക്രിസ്തുമതം അവലംബിച്ചു എന്നു പറഞ്ഞാൽ കഴിഞ്ഞുവല്ലോ. സംസ്കൃതത്തിൽ നല്ല പാണ്ഡിത്യമുള്ളവനും ഒന്നാന്തരം വാചാലനും ആയിരുന്ന ഈ മനുഷ്യനെ തങ്ങളുടേ സംഘത്തിൽചേൎത്തു കിട്ടിയതുകൊണ്ടു കേരളത്തിലേ ക്രിസ്തീയസംഘത്തിന്നു ആകപ്പാടെ സന്തോഷമുണ്ടായി. ഹിന്തുസമുദായത്തിൽ തീയൎക്കു ന്യായമായി കിട്ടേണ്ടുന്ന സ്ഥാനലബ്ധിയില്ലാത്തതുകൊ

ണ്ടു് ഉടനെ തീയരൊട്ടുക്ക ക്രിസ്തുമതം അവലംബിച്ചു കൊള്ളുകയാണു നല്ലതെന്നു ചില ക്രിസ്തീയ നേതാക്കന്മാർ ഇയ്യിടെയായി ഉപദേശിക്കുന്നതു അന്നേത്തെ രാമോട്ടിഗ്ഗുരുക്കളെപ്പോലുള്ള ഇന്നേത്തെ അനവസാനം ദേഹങ്ങളെ തങ്ങളുടെ സംഘത്തിലേക്കു കിട്ടിയാലുണ്ടാവുന്നതായ തങ്ങളുടെ പ്രാബല്യത്തെക്കുറിച്ചാലോചിച്ചായിരിക്കുമെന്നു ആരും സംശയിച്ചുപോകും.

രാമോട്ടിഗ്ഗുരുക്കളുടെ സന്താനങ്ങളിൽ ഇപ്പോൾ ജീവിച്ചിരിക്കുന്ന ജോസഫ്മൂളിയിൽ അവർകളെക്കുറിച്ചു അറിയാത്തവർ സ്കൂൾ പാഠപുസ്തകങ്ങൾ വായിച്ചവരിൽ ആരുമുണ്ടായിരിക്കയില്ല. മേൽവിവരിച്ചതിന്നു പുറമെയായി നമ്മുടെ ചരിത്രനായകൻെറ കുടുംബത്തിലുള്ളവരെക്കുറിച്ചു യഥാവസരം പ്രസ്താവിച്ചുകൊള്ളുന്നതാണു്.

## രണ്ടാം അദ്ധ്യായം.

### ശൈശവവും വിദ്യാഭ്യാസവും.

നമ്മുടെ ചരിത്രനായകന്നു ശൈശവത്തിൽ ബാല്യാരിഷ്ടു യാതൊന്നും ഇല്ലായിരുന്നു എന്നു മാത്രമല്ല നല്ല ദേഹപുഷ്ടിയും ശക്തിയും ഉണ്ടായിരുന്നു. നന്നെ ചെറുപ്പത്തിൽതന്നെ ജ്യേഷ്ഠന്മാൎക്കുകൂടി പ്രയാസമായിരുന്ന പലേ പ്രവൃത്തികളും ചെയ്യുന്നതിന്നു ഈ ബാലന്നു



ഒയിററി രാമൻ താസിൽദാർ.



ചരിത്രനായകന്റെ സോദരി ചിരുത.

SEN GUPTA MEMORIAL
PUTHIYARA
READING ROOM & LIBRARY

എളുപ്പവും ഇഷ്ടവും ആയിരുന്നു. സാധാരണ മലയാളികളുടെ ഇടയിൽ അന്നു നടപ്പുള്ള സംപ്രദായപ്രകാരം അഞ്ചാം വയസ്സിൽ എഴുത്തിന്നിരുത്തി. ഈ ക്രിയ നടത്തിയതു അച്ഛനായ പൊക്കൻഗുരുക്കൾതന്നെയായിരുന്നുവെങ്കിലും വിദ്യാഭ്യാസം ചെയ്യിപ്പിച്ചതൊക്കെയും ജ്യേഷ്ഠന്മാരായ കുഞ്ഞിക്കണ്ണനും അയാളുടെ മരണശേഷം പൈതൽ ഗുരുക്കളും ആയിരുന്നു. വികൃതിയായ നമ്മുടെ ചരിത്രനായകന്നു നിലത്തെഴുത്തും മററും പഠിക്കുന്നതിൽ യാതൊരു പ്രയാസവുമുണ്ടായിരുന്നില്ല. പഠിക്കുന്നതിന്നു ഇത്ര വാസനയുള്ള കുട്ടികൾ സബ്രഹ്മചാരികളിൽ ആരുംതന്നെ ഉണ്ടായിരുന്നില്ല. പക്ഷെ ശിക്ഷ അനുഭവിക്കുന്നതിൽനിന്നു ഈ ബാലൻ ഒരു ദിവസമെങ്കിലും ഒഴിവായിരുന്നില്ലെന്നുതന്നേ പറയാം. വികൃതികളായ കുട്ടികൾക്കു തല്ലുകൊള്ളുന്നതിന്നു പരിഷ്കാരമെത്തിയ ഇക്കാലത്തുകൂടി വളരെ എളുപ്പമായിരിക്കേ അക്കാലത്തെ കഥ പറയേണമെന്നില്ലല്ലൊ. എന്നാൽ അക്കാലങ്ങളിൽ അനുഭവിക്കേണ്ടിയിരുന്ന ശിക്ഷ തല്ലുകൊള്ളുക മാത്രമായിരുന്നില്ല. ഇപ്പോൾ നമുക്കു കേൾക്കുമ്പോൾകൂടി ഭയം വരുന്നതായ വിധത്തിൽ ചെറിയ കുട്ടികളുടെ കണ്ണിൽ കുരുമുളക് അരച്ചെഴുതുക പണ്ടൊക്കെയും സാമാന്യമായ ഒരു ശിക്ഷയായിരുന്നു. ഈ ശിക്ഷകൊണ്ടു രണ്ടുവിധത്തിലുള്ള ഫലമുണ്ടെന്നായിരിക്കേണം അക്കാലത്തുണ്ടായിരുന്നവരുടെ വിശ്വാസം. കുരുമുളക് അരച്ചെഴുതുന്നതുകൊണ്ടു കണ്ണിന്നു നല്ല തണുപ്പുണ്ടാകുമെന്നുള്ള

ഒരു വിശ്വാസംനിമിത്തം തൽക്കാലം വളരെ വേദനയു ണ്ടാകുമെങ്കിലും മേലാലേക്കു ഗുണകരമായ പ്രവൃത്തിയാ ണു തങ്ങൾ ചെയ്യുന്നതെന്നു ഈ ഭയങ്കരകൃത്യം ചെയ്യു ന്ന ഘാതകന്മാർക്കു തോന്നിയതുകൊണ്ടായിരിക്കേണം ബാലന്മാരെ ക്രൂരമായ ഈവിധത്തിൽ ശിക്ഷ അനുഭവി പ്പിപ്പാൻ അവർ ഒരുങ്ങിയിരുന്നതു. ഏതായാലുംനമ്മുടെ വികൃതിക്കുട്ടിക്കും ഈവിധത്തിലുള്ള ശിക്ഷ മിക്കപ്പോഴും അനുഭവിക്കേണ്ടിവന്നു. നിലത്തെഴുത്തു അതിശീഘ്രം പഠിച്ചുകഴിഞ്ഞു. ഗണപതിക്കിരുത്തി. ഗണാഷ്ടകം, സ രസ്വത്യഷ്ടകം, മുകുന്ദാഷ്ടകം മുതലായ ചില്ലറശ്ലോകങ്ങ ൾ പ്രയാസമെന്നിയെ ചൊല്ലി ഉരുക്കഴിക്കുന്നതു കണ്ടു അക്കാലത്തു മൂഴിയിൽ സ്കൂളിലെ അദ്ധ്യാപകനായിരു ന്ന പൈതൽ ഗുരുക്കൾ "ഇവനെ ഒന്നു പഠിപ്പിക്കണം" എന്ന നിശ്ചയത്തോടുകൂടി പിന്നീടു എഴുതിക്കൊടുത്ത ശ്ലോകം ഇരുപത്തിനാലുവൃത്തത്തിലെ,

"ജഗത്രയീജനങ്ങളെപ്പിടിച്ചുതച്ചുകൊന്നുടൻ
ഞരംപറക്കടിച്ചുപച്ചമാംസഭക്ഷിരക്ഷസാം
കുലംമുടിപ്പതിന്നുപായമെന്തുനല്ലതെന്നസൌ
വിചിന്തയൻമഹാത്മനാമുകുന്ദരാമപാഹിമാം"

എന്നതായിരുന്നു. ഇതും മററു ശ്ലോകങ്ങളെപ്പോലെ ത ന്നെ വേഗത്തിൽ പഠിച്ചുചൊല്ലികൊടുക്കുവാൻ ഈ ബാ ലന്നു സാധിച്ചു. ധാരണാശക്തി ഇത്രത്തോളമുള്ള കുട്ടി കൾ ചുരുക്കം മാത്രമേ ഉള്ളു എന്നു പൈതൽഗുരുക്കളും സമ്മതിച്ചു.

കുട്ടിക്കാലത്തു എഴുത്തുപഠിക്കുന്നതിന്നു പുറമേ, പശുക്കളെ മേക്കുക, പശുക്കൾക്കു പുല്ലരിയുക മുതലായ ഗൃഹകൃത്യങ്ങളും നമ്മുടെ ബാലന്നു നിത്യത്തൊഴിലായിത്തീൎന്നു. ദേഹത്തിന്നു നല്ല മിടുക്കുണ്ടായിരുന്നതുകൊണ്ടു് ആദ്യകാലങ്ങളിൽ വിനോദത്തിന്നായിത്തുടങ്ങിയ ഈ പ്രവൃത്തികൾ ക്രമേണ സ്വന്തം ജോലിയായിത്തീൎന്നു. ഈ പ്രവൃത്തികൾ ദിനംപ്രതി മുട്ടാതെ ചെയ്യേണ്ടതിന്നു വേറെ ആരും ഇല്ലാതേയും ആയി.

അങ്ങിനെ വികൃതി എന്നു് സൎവ്വസമ്മതനായി വിദ്യാഭ്യാസത്തിൽ നല്ല ചുറുചുറുക്കോടുകൂടി വളൎന്നുവരുന്ന കാലത്താണു ഒന്നാം അദ്ധ്യായത്തിൽ വിവരിച്ച വസൂരിരോഗം കുടുംബത്തിൽ പിടിപെട്ടതു. ഈ രോഗം മാറി എഴുന്നേററപ്പോൾ ഏഴു വയസ്സു മാത്രമേ പ്രായം ആയിരുന്നുള്ളുവെങ്കിലും ഇടത്തേക്കണ്ണിന്നു കാഴ്ചയില്ലാതായതുകൊണ്ടു തനിക്കു ജന്മാവസാനംവരേ നിലനില്ക്കുന്ന വൈരൂപ്യം വന്നുപോയിരിക്കുന്നുവെന്ന ഒരു ബോധം നമ്മുടെ ചരിത്രനായകനിൽ ദൃഢമായി വേരൂന്നി. അന്നുമുതൽ ജനങ്ങളുടെ ഇടയിൽ- പ്രത്യേകിച്ചു സ്ത്രീജനങ്ങളുടെ ഇടയിൽ ചെന്നുചേരുന്നതിന്നു ഈ കുട്ടിക്കു വളരെ വൈമുഖ്യമുണ്ടായി. പലപ്പോഴും ജ്യേഷ്ഠന്മാരും മററും ജനക്കൂട്ടങ്ങളിൽ ചേൎന്നു ഉല്ലാസത്തോടെ അഹംകരിക്കുംപോൾ നമ്മുടെ ബാലൻ അവരെ വിട്ടൊഴിഞ്ഞു തനിയെ നടന്നുകൊണ്ടിരിക്കും.

വസൂരിരോഗത്തിൽ ജ്യേഷ്ഠസഹോദരനായ കുഞ്ഞിക്കണ്ണൻ മരിച്ചശേഷം പതിനഞ്ചുവയസ്സുമാത്രം പ്രായമു

ള്ള പൈതൽ ഗുരുക്കളായി മൂളിയിൽ സ്കൂളിലെ പ്രധാന അദ്ധ്യാപകൻ. അപ്പൊഴെക്കും മൂളിയിൽ സ്കൂൾ പാതിരിമാർ ഏറ്റെടുത്തിരുന്നു. അവരുടെ മേൽനോട്ടത്തിൽ ആണ പിന്നീട്ട സ്കൂൾ നടത്തിവന്നതു. നമ്മുടെ ചരിത്രനായകന്നു രോഗം തീരെ സുഖപ്പെട്ട ദേഹം മുൻസ്ഥിതിയിൽ ആയതുമുതൽ പൈതൽഗുരുക്കൾക്ക അനുജനേക്കൊണ്ട സഹായം ആവശ്യമായിത്തീൎന്നു. രാമൻ എന്നു പേരായ ജ്യേഷ്ഠസോദരൻ ഇംഗ്ലീഷുവിദ്യാഭ്യാസം ചെയ്യുകയായിരുന്നു. അതിനാൽ അയാളേക്കൊണ്ട പൈതൽഗുരുക്കൾക്ക യാതൊരു സഹായവും ഇല്ലാതായി. പൈതൽഗുരുക്കളുടെ നിത്യവൃത്തി ഒരു പ്രത്യേകതരത്തിലുള്ളതായിരുന്നു. രാവിലെ കാപ്പികഴിഞ്ഞു ഉടനെ നടക്കാൻ പോകും. പിന്നീട്ട മടങ്ങിവന്നു ഭക്ഷണം കഴിച്ച സ്കൂളിലേക്കെത്തുക പതിനൊന്നരമണിക്ക മാത്രമാണ. അപ്പൊഴെക്കും അതുവരേ സ്കൂളിലേ സകല കാൎയ്യങ്ങളും നമ്മുടെ ചരിത്രനായകൻ നടത്തിവരേണം. കുട്ടികൾ പഠിച്ചതു ശരിയായി ചൊല്ലിക്കുക തലേദിവസം എഴുതിക്കൊടുത്ത പുതിയ ശ്ലോകങ്ങൾ പഠിച്ചുവോ എന്നു നോക്കുക, പഠിച്ചവൎക്ക ഒക്കെയും പുതിയ ശ്ലോകങ്ങൾ എഴുതിക്കൊടുക്കുക ഇവകൾക്ക പുറമെ ഇത്ര ഇത്ര ശ്ലോകങ്ങളൊ ഭാഗങ്ങളൊ അമരം, രൂപം മുതലായ ഗ്രന്ഥങ്ങളിൽനിന്നു താൻതന്നെ പഠിച്ചുചൊല്ലുക, ഈവക പ്രവൃത്തികളൊക്കെയും ചെയ്തുകൊള്ളേണമെന്നു നിൎബ്ബന്ധമുണ്ട്. ഇതിൽ ഏതെങ്കിലും ഒരു കാൎയ്യത്തിന്നു അമാ

ന്തം വന്നുപോയാൽ കഠിനശിക്ഷയാണു അനുഭവം. പൈതൽഗ്ഗുരുക്കൾ സ്കൂളിൽ വരുംപോഴെക്കും നമ്മുടെ ചരിത്രനായകന്നു ഇന്നതെന്നില്ലാത്ത ഭയമായി. ഇന്ന താണു കുററം എന്നറിയിക്കാതെയാണു ശിക്ഷ. ഇന്നു കുട്ടികളെ പഠിപ്പിച്ചതു, ചൊല്ലിച്ചതു നന്നായില്ല എന്ന കുററത്തിന്നാണെങ്കിൽ നാളെ സ്കൂളിൽനിന്നു കുട്ടികളെ ലഹളകൂട്ടാൻ അനുവദിച്ചു എന്ന കുററത്തിന്നായിരിക്കും പ്രഹരം. മററന്നാൾ താൻ പഠിച്ചുചൊല്ലേണ്ടും ശ്ലോകങ്ങളുടെ സംഖ്യ കുറഞ്ഞതുകൊണ്ടു ഇങ്ങിനെ ഒരിക്കലും ഒരു സമാധാനവും കൊടുക്കാതെ സദാ പ്രഹരിച്ചുംകൊണ്ടാണു ഈ കനിഷ്ഠസഹോദരനോടു പൈതൽഗ്ഗുരുക്കൾ പെരുമാറിവന്നിരുന്നതു. സ്കൂളിലെ കൃത്യങ്ങളെല്ലാം ശരിയായിനിർവ്വഹിച്ചുകഴിഞ്ഞു എന്നിരിക്കട്ടെ. എന്നാലും പൈതൽഗ്ഗുരുക്കൾക്കു പ്രഹരിപ്പാൻ വേറെ സംഗതികളുണ്ടാകും. പശുക്കളെ കൃത്യസമയത്തു അഴിച്ചുകെട്ടിയില്ല. അവക്കു വേണ്ടിടത്തോളം പുല്ലരിഞ്ഞില്ല. അവയെ സന്ധ്യക്കു മുമ്പായി ആലയിലാക്കിയില്ല. ഇവയൊക്കെയും പ്രഹരത്തിന്നെന്നുവേണ്ട കണ്ണിൽ കുരുമുളകു അരച്ചു എഴുതുന്നതിന്നുപോലും തക്കതായ കാരണങ്ങളായിരുന്നു. നൂറിലധികം വിദ്യാൎത്ഥികളുണ്ടായിരുന്ന ആ സ്കൂളിൽ പണ്ടേത്തെ സംപ്രദായപ്രകാരം ഓലയിൽ എഴുത്താണികൊണ്ടു പുതിയ ശ്ലോകങ്ങൾ ദിനംപ്രതി എഴുതിക്കൊടുത്തുവന്നതുകൊണ്ടു നമ്മുടെ ബാലന്നു ഇടത്തെ കൈയിന്റെ പെരുവിരലിന്നുണ്ടായിരുന്ന

കുഴി തൻെറ ബാല്യകാലത്തിലെ കഷ്ടജീവിതത്തെ സദാ ഓൎമ്മപ്പെട്ടത്താനെന്നപോലേ നമ്മുടെ ചരിത്രനായകൻ ഉന്നതസ്ഥിതിയിൽ എത്തിയപ്പോഴും വളരെക്കാലത്തോളം മാഞ്ഞുപോകാതെന്നെ നിലനിന്നിരുന്നു.

മൂളിയിൽസ്കൂൾ അക്കാലത്ത് പാതിരിസ്സായ്പന്മാർ ഏറെറടുത്തിരുന്നുവെന്നു പറഞ്ഞുവല്ലോ. അതിനാൽ ഇടക്കിടക്കു അവിടെ സായ്പന്മാർ പരിശോധനക്കു വരാൻ തുടങ്ങി. മലയാളത്തിലുള്ള "പുതിയനിയമം" "പഴയനിയമം" എന്നി രണ്ടു ക്രിസ്തുവേദപുസ്തകങ്ങളിൽ നിന്നും ചോദ്യങ്ങൾ ചോദിക്കുന്നതിന്നു ശരിയായ സമാധാനം പറയുന്നവൎക്കു സമ്മാനമായി പണം കൊടുക്കുക എന്ന ഒരു സംപ്രദായം അവർ തുടങ്ങിയിരുന്നു. അവർ വന്ന സമയങ്ങളിലൊന്നും നമ്മുടെ ബാലന്നു രണ്ടും നാലും ഉറുപ്പിക കിട്ടാതിരുന്നില്ല. ഒരിക്കൽ ഒരു സായ്പചോദിച്ച ചോദ്യങ്ങൾക്കു ഒക്കയും പുസ്തകങ്ങളുടെ നാനാഭാഗങ്ങളിൽ നിന്നും ഈ കുട്ടി കാണാപ്പാഠം പഠിച്ചതുചൊല്ലുന്നതുകേട്ടു അദ്ദേഹം വളരെ സന്തോഷിക്കുകയും ആശ്ചൎയ്യപ്പെടുകയും ചെയ്യുകയും, ഇത്ര ബുദ്ധിയും ശുഷ്കാന്തിയും ഉള്ള ഈ കുട്ടി ഒരു "ക്രിസ്ത്യാനി"യായിത്തീരാതേ "അജ്ഞാനി"യായിത്തന്നെ ഇരിക്കുന്നുവെല്ലോ എന്നു വിഷാദിച്ചു പറയുകയും ചെയ്തുപോൽ.

ഏകദേശം പത്തു വയസ്സായപ്പോൾ ഒരു ജ്യോത്സ്യൻനമ്മുടെ ചരിത്രനായകൻെറ ജാതകപരീക്ഷചെയ്യുവാനിടയായി. ഈ കുട്ടിയെ ഇംഗ്ലീഷുപഠിപ്പിച്ചിട്ടു

ഫലമില്ല, എന്നു ആ ജ്യോത്സ്യൻ അഭിപ്രായപ്പെട്ടതിനാൽ "ഇവനെ സംസ്കൃതം പഠിപ്പിച്ചാൽ മതി" എന്നു പൊക്കൻ ഗുരുക്കൾ തീച്ചപ്പെടുത്തിയിരുന്നു. തൻെറ ജ്യേഷ്ഠസഹോദരനായ രാമൻ സ്കൂളിൽനിന്നു സബ്രഹ്മചാരികളോടോപ്പം വന്നു ഇംഗ്ലീഷുഭാഷയിൽ അന്യോന്യം സംസാരിക്കുന്നതു കേൾക്കുംപോൾ തനിക്കും ഇംഗ്ലീഷു പഠിക്കേണമെന്ന ആഗ്രഹം ഈ ബാലന്നു് അതിയായി വന്നുകൂടി. അല്പമായി ഇംഗ്ലീഷു പഠിക്കുംപോഴേക്കും ആ ഭാഷയിൽ സവ്വാബദ്ധമായിട്ടെങ്കിലും മററുള്ളവരെ കേൾപ്പിക്കാൻവേണ്ടി മാത്രം സംസാരിച്ചു അഭിമാനിക്കുന്ന സംപ്രദായം സ്കൂൾ കുട്ടികൾക്കു സാധാരണയാണല്ലൊ. എന്നാൽ ഇതു കേൾക്കുംതോറും ഈ രാജഭാഷയിൽ തനിക്കും സംസാരിക്കേണമെന്ന അത്യാഗ്രഹം നമ്മുടെ ചരിത്രനായകനിൽ ബലമായി അങ്കുരിച്ചുകൊണ്ടിരുന്നു. പക്ഷേ എത്ര അപേക്ഷിച്ചിട്ടും ജ്യോത്സ്യരുടെ വാക്കിലുള്ള വിശ്വാസം നിമിത്തം അച്ഛനാവട്ടെ, തൻെറ സഹായത്തിന്നു വേറേ ആരുമില്ലാതിരുന്നാൽ തനിക്കു മുടക്കം നേരിടുമെന്ന വിചാരംകൊണ്ടു പൈതൽഗുരുക്കളാവട്ടെ ഈ ബാലൻെറ ആഗ്രഹസാദ്ധ്യത്തിന്നു യാതൊന്നും സഹായിച്ചില്ല. അക്കാലത്തു നമ്മുടെ ചരിത്രനായകൻെറ ദിനചയ്യം ഏകദേശം താഴെ പറയും പ്രകാരമായിരുന്നു.

രാവിലേദേഹശുദ്ധി ചെയ്തു കാപ്പിയും കഴിഞ്ഞു സ്കൂളിലേക്കുപോയി. സ്കൂളിലേ സകലമേലനോഷണാ

-വും കഴിച്ചു താൻ നിത്യത പഠിച്ചുചൊല്ലേണ്ട ശ്ലോകങ്ങ ളും പഠിച്ചുകഴിഞ്ഞാൽ പതിനൊന്നരമണിക്കശേഷം പൈതൽഗുരുക്കൾ സ്കൂളിലേക്ക വരുന്നതിൽപിന്നെ വീട്ടിലേക്ക ഭക്ഷണത്തിന്നുപോകാം. ഭക്ഷണംകഴിഞ്ഞാ ൽ പിന്നെ രണ്ടു മണിക്കുത്തു സ്കൂളിലെത്തിയാൽമതി. ഇതിനിടക്കുള്ള സമയം പശുക്കളുടെ ഭരണത്തിന്നുള്ള താണ്. രണ്ടു മണിക്ക സ്കൂളിലെത്തീട്ടുവേണം പൈത ൽഗുരുക്കൾക്ക വീട്ടിലേക്ക ഭക്ഷണത്തിന്നു പോകുവാൻ. അതിൽപിന്നെ വൈകുന്നേരം സ്കൂൾ വിടുന്നതുവരെ എ ങ്ങും പോകാനും നിവ്വാഹമില്ല.

തനിക്ക ഇംഗ്ലീഷു പഠിക്കേണമെന്നുള്ള അതിയാ യ ആഗ്രഹത്തിന്നു അച്ഛന്റെയും ജ്യേഷ്ഠന്റെയും പ്രാ തികൂല്യം പ്രതിബന്ധമായിത്തീരുന്നതിന്നുപകരം നമ്മു ടെ ബാലന്നു സുസാദ്ധ്യമായ ഒരു മാഗ്ഗം തിരിക്കുകയാ ണുണ്ടായതു എന്നു താഴെ വിവരിക്കുന്നതിൽനിന്നു നമു ക്ക മനസ്സിലാകുന്നതാണ്. മൂളിയിൽ സ്കൂളിന്നു കുറെ അകലത്തായി റോമൻകത്തോലിക്കുകാരുടെ ഒരു സ്കൂ ൾ ഉണ്ടായിരുന്നു. അവിടെ പഠിക്കുന്ന വിദ്യാത്ഥികളോ ടു ഫീസ്സ യാതൊന്നും വസൂലാക്കിയിരുന്നില്ല. പതിനൊ ന്നര മണിക്ക മൂളിയിൽ സ്കൂളിൽനിന്നു വിട്ടു ഉടനെ ന മ്മുടെ ബാലൻ ഒരോട്ടത്തിന്നു വീട്ടിലെത്തി ഭക്ഷണംക ഴിച്ചു പശുക്കളെ ഒരു നിമിഷംകൊണ്ടു അഴിച്ചുകെട്ടി ഈ റോമൻകത്തോലിക്ക് സ്കൂളിൽ ഓടിയെത്തും. ഒ ന്നരണ്ടു മണിക്കൂറുനേരം അവിടെവെച്ചു ഇംഗ്ലീഷു പഠി



കഞ്ഞമ്പു താസിൽദാരും

മൂന്നു തലമുറ സന്താനങ്ങളും.

ക്കം. രണ്ടുമണിക്കു മുമ്പായി പിന്നേയും മൂളിയിൽ സ്കൂളിൽ ചെന്നെത്തും ഇങ്ങിനെ രണ്ടുമൂന്നു മാസത്തോളം ആരും അറിയാതെയും ആരുടെയും അനുവാദം കൂടാതേയും ഭഗീരഥപ്രയത്നം ചെയ്തു ഇംഗ്ലീഷു പഠിച്ചുവന്നു കൊണ്ടിരിക്കെ ഈ ഗൂഢയാത്രകളും മററും പുറത്തറിഞ്ഞുതുടങ്ങി. പക്ഷെ കാൎയ്യത്തിന്റെ സൂക്ഷ്മം അന്വേഷിച്ചറിഞ്ഞപ്പോൾ അച്ഛന്നു വളരെ സന്തോഷമാണുണ്ടായതു. "ഇത്ര ആഗ്രഹമുണ്ടെങ്കിൽ അവനും പഠിച്ചുകൊള്ളട്ടെ"എന്നു അദ്ദേഹം നൽകിയ അനുമതി നമ്മുടെ ചരിത്രനായകനു ഒരനുഗ്രഹമായിത്തീൎന്നു.

1864 ജൂൺ മാസത്തിലാണു ഇംഗ്ലീഷു പഠിച്ചുകൊള്ളുവാനുള്ള അനുമതിയോടുകൂടി ആദ്യമായി നമ്മുടെ ചരിത്രനായകൻ സ്കൂളിൽ ചേൎന്നതു. പഠിക്കേണമെന്നുള്ള അത്യാഗ്രഹത്തോടുകൂടി പഠിക്കുന്നതായിരുന്നതുകൊണ്ടു ഓരൊ ക്ലാസ്സിലും ഒന്നും രണ്ടും മാസമേ ഇരിക്കേണ്ടിവന്നുള്ളു. അപ്പോഴേക്കും മേലെ ക്ലാസ്സിലേക്കു കയററം കിട്ടിക്കഴിഞ്ഞു. അക്കാലങ്ങളിൽ ഇപ്പോഴുള്ള പോലെ ഓരോ ക്ലാസ്സിലും ഓരോ കൊല്ലം തികച്ചും വായിച്ചുകൊള്ളേണമെന്നു നിൎബ്ബന്ധമുണ്ടായിരുന്നില്ല. ഈ പഠിപ്പുകാലത്തു ഒരു വിശേഷ സംഗതി പറവാനുള്ളതു നമ്മുടെ ചരിത്രനായകനു കണക്കുശാസ്ത്രത്തിലുണ്ടായിരുന്ന പ്രത്യേക അഭിരുചിയേക്കുറിച്ചാണു. തന്റെ മരിച്ചുപോയ സഹോദരനായ കുഞ്ഞിക്കണ്ണന്നു തമിഴ ഭാഷയിലുള്ള അനവധി പുസ്തകങ്ങളുണ്ടായിരുന്നു.

ഈ പുസ്തകങ്ങളുടെ സഹായത്താൽ നമ്മുടെ ചരിത്രനാ യകൻ തമിഴ വായിക്കാൻ പഠിച്ചു കഴിഞ്ഞിരിക്കുന്നു. പുസ്തകങ്ങളുടെ കൂട്ടത്തിൽ തമിഴിലുള്ള "കൊള്ളിൻസോ സ് കണക്കുശാസ്ത്രം ബീജഗണിതം" "Collinso' Arithmetic and Algebra" എന്ന പുസ്തകത്തിൽ ചെയ്തുകാണിച്ച ക ണക്കുകൾ മാതൃകയാക്കി അതുകളുടെ സഹായത്തോടു കൂടി പഠിച്ച ആ പുസ്തകത്തിലുള്ള എല്ലാ കണക്കുകളും പ്രയാസമെന്നിയെ ചെയ്യാൻ സ്കൂളിൽ ചേരുന്നതിന്നു മുമ്പായിത്തന്നെ ഈ ബാലന്നു വശമായിരുന്നു. കണക്കു ശാസ്ത്രത്തിലുള്ള വിശേഷവിധിയായ അറിവിനെക്കുറി ച്ചു സ്കൂളിലെല്ലാം താമസിയാതെ പ്രസിദ്ധിയുണ്ടാവുക കം മട്രിക്കുലേഷൻ ക്ലാസ്സിലെ കുട്ടികൾക്കും കൂടി ചെ യ്യാൻ കഴിയാത്ത പ്രയാസമുള്ള കണക്കുകളെ രണ്ടും മൂന്നും ക്ലാസ്സ താഴെ പഠിക്കുമ്പോൾ കൂടിയും ഈ കുട്ടി യെക്കൊണ്ടു മാസ്റ്റർമാർ ബോഡിന്മേൽ എഴുതി ചെയ്യി പ്പിച്ച മററു കുട്ടികളെ ആശ്ചര്യഭരിതരാക്കിത്തീക്കുകയും ഉണ്ടായിട്ടുണ്ടു. ഇംഗ്ലീഷിൽ കൊടുത്ത കണക്കുകളുടെ അത്ഥം മനസ്സിലാകാതിരിക്കുമ്പോൾ അതു മലയാള ത്തിൽ പറഞ്ഞുകൊടുത്തു കൂടിയും ചില മാസ്റ്റർമാർ ഈ കുട്ടിയെക്കൊണ്ടു ഉയന്ന ക്ലാസ്സിലെ കണക്കുകൾ ചെയ്യിക്കാറുണ്ടായിരുന്നു.

അതുപോലെ മലയാളം പഠിപ്പിക്കുന്നതിലും ന മ്മുടെ ചരിത്രനായകൻെറ സഹായം ആവശ്യമായി വ ന്നിരുന്നു. അക്കാലത്തു മലയാളം പഠിപ്പിക്കുവാൻ പ്ര

ത്ത്യേകം മുൻഷിമാരുണ്ടായിരുന്നില്ല. ഓരോ ക്ലാസ്സിലേയും മാസ്റ്റർമാർതന്നേ അതാതു ക്ലാസ്സിൽ മലയാളവും പഠിപ്പിക്കേണമെന്നായിരുന്നു നിശ്ചയം. നമ്മുടെ ചരിത്രനായകന്നു സംസ്കൃതത്തിലും ഭാഷയിലും നല്ല പരിജ്ഞാനം ഉണ്ടായിരുന്നതുകൊണ്ടു സ്കൂളിലെ മാസ്റ്റർമാരെല്ലാം ഈ കുട്ടിയുടെ സഹായം ആവശ്യപ്പെട്ടുതുടങ്ങി. ഇതിലെല്ലാം എത്രയോ സന്തോഷത്തോടുകൂടി മാസ്റ്റർമാരേ ഒന്നൊഴിയാതേ എല്ലാവരേയും സന്തോഷിപ്പിച്ചുകൊണ്ടാണു ഈ ബാലൻ തന്റെ പഠിപ്പു തുടൻവന്നതു.

1868 ഒക്ടോബർമാസത്തിലാണ് നമ്മുടെ ചരിത്രനായകൻ അൺകവനൻറ് സിവിൽസാർവ്വീസ്സു പരീക്ഷയിൽവിജയിയായതു. അതേകൊല്ലത്തിൽ ഡിസംപർ മാസത്തിൽ മട്രിക്കുലേഷൻ പരീക്ഷക്കും ഹാജരായി. ആകുറി മട്രിക്കുലേഷൻപരീക്ഷക്കു ഒരു സ്കൂൾമാസ്റ്ററും ഇരുപത്തിരണ്ടു വിദ്യാൎത്ഥികളും ആയിരുന്നു കണ്ണൂരിൽ ഹാജരായിരുന്നതു. പക്ഷേ മൂന്നുപേർ മാത്രമേ വിജയികളായുള്ളു. വിജയികളിൽ ഒന്നു നമ്മുടേ ചരിത്രനായകനായിരിക്കുമെന്നു വായനക്കാർ ഊഹിച്ചിട്ടുണ്ടായിരിക്കാം. അതേ. മൂന്നാം ജയിച്ചതിൽ ഒന്നാമനായതു നമ്മുടേ ചരിത്രനായകൻതന്നെയായിരുന്നു. വേറേ ഒരു വിദ്യാൎത്ഥികൂടി ജയിച്ചു. മൂന്നാമത്തേ ആൾ സ്കൂൾമാസ്റ്ററുമായിരുന്നു. ഇത്രവേഗത്തിൽ മട്രിക്കുലേഷൻ പരീക്ഷയിൽ വിജയിയായതിൽ എല്ലാവൎക്കും വളരെ സന്തോഷമുണ്ടായി. തന്റെ ഈ മകന്നു കായികമായ പ്ര

വൃത്തികൾക്കാണ് അധികം യോജ്യത എന്നു ആദ്യമേ ധരിച്ചവരായിരുന്ന പൊക്കൻ ഗുരുക്കൾക്കു ഇങ്ങിനേയുണ്ടായ ഈ വിജയം പ്രത്യേകിച്ചു സന്തോഷമുണ്ടാക്കിത്തീൎത്തുവെന്നു പറയേണ്ടതില്ലല്ലോ. ഏതുനിലയിലാണ് ഇവൻ വളൎന്നുവരുന്നതു എന്നറിഞ്ഞില്ലല്ലോ എന്നുള്ള ഉൽകണ്ഠയോടേ ആദ്യകാലങ്ങളിൽ മനസ്താപപ്പെട്ടിരുന്ന പിതാവിന്നു ഈ വിജയം വലിയ ആശ്വാസമായിത്തീൎന്നു. പക്ഷേ ഏറെക്കാലം ഈ സന്തോഷമോ ഈ വിജയത്തിൻേറ ഫലമായി കുടുംബത്തിലേക്കു ഉണ്ടായിവന്ന അധികമായ ആദായമോ അനുഭവിക്കാൻ സാധിക്കാതേ നമ്മുടെ ചരിത്രനായകൻ മട്രിക്കുലേഷൻ പരീക്ഷ ജയിച്ചു ഉടനേതന്നേ പൊക്കൻ ഗുരുക്കൾ കാലധൎമ്മം പ്രാപിച്ചു.

അടുത്തകാലത്തു കണ്ണൂരിൽ പാതിരിമാരുടെ ഒരു സ്കൂൾ സ്ഥാപിച്ചിരുന്നു. നമ്മുടെ ചരിത്രനായകനേ, മട്രിക്കുലേഷൻപരീക്ഷ ജയിച്ചു ഉടനേതന്നേ ആ സ്കൂളിലേ ഹെഡ് മാസ്റ്ററായി നിശ്ചയിച്ചു. ശമ്പളം നാല്പതുറുപ്പികയായിരുന്നു. അക്കാലങ്ങളിൽ ഇതൊരു വലിയ തുകയായിരുന്നുവെന്നു പറയേണ്ടതില്ലല്ലോ. മിഷ്യൻ സ്കൂളിൽ ഹെഡ്മാസ്റ്ററായി നാല്പതുറുപ്പിക മാസ്പടി വാങ്ങിത്തുടങ്ങിയകാലത്തു നമ്മുടെ ചരിത്രനായകന്നു പതിനാറുവയസ്സു പ്രായമായിരുന്നു. അപ്പോഴാണ് അദ്ദേഹം നല്ല നിലയിലുള്ള വസ്ത്രധാരണം തുടങ്ങിയതു. സ്കൂളിൽ പഠിക്കുന്ന കാലത്തു സാധാരണയായി ഒററമുണ്ടുമാത്ര

മായിരുന്നു ഉടുപ്പു്. കുറേ മുതിർന്നതിന്റേ ശേഷം "മദിരാ
ശിഉറുമ്മാൽ" എന്ന പേരിൽ അറിയപ്പെട്ടിരുന്നതും ചു
കപ്പുനിറത്തിൽ വെള്ള വരിയിലുള്ള കള്ളികളായി ഒരു
വാരസമചതുരത്തിൽഉള്ളതും ആയ ഒരു അംകവസ്ത്രവും
കൂടി ഉണ്ടായിരുന്നു. നമ്മുടെ ചരിത്രനായകൻആദ്യമായി
ദേഹാച്ഛാദനംചെയ്തതു ഒരു വിശേഷദിവസത്തിലായി
രുന്നു. ഹോബാർട്ട് എന്നു പേരായ മദിരാശിഗവർണ്ണർ
കണ്ണൂര സംദശിച്ച അവസരത്തിൽ താൻ ചേന്നു പഠി
ച്ചിരുന്ന ഇംഗ്ലീഷു് സ്കൂളും സംദശിക്കുമെന്നും അന്നു നല്ല
ഉടുപ്പിടാതേ ആരും സ്കൂളിൽ വരരുതെന്നും അധികാര
സ്ഥന്മാർ എല്ലാ കുട്ടികളേയും അറിയിച്ചിരുന്നു. നമ്മു
ടേ ചരിത്രനായകന്നു വിശേഷിച്ചു ക്ലാസ്സിൽ ഒന്നാമനാ
യിരുന്നതുകൊണ്ടു ഗവർണ്ണരോടു ഒരു സമ്മാനം വാങ്ങേ
ണ്ടതുമുണ്ടായിരുന്നു. ആ അവസരത്തിൽ ധരിക്കാനായി
വീട്ടുകാർ ഒരു കുപ്പായം ഉണ്ടാക്കിച്ചുകൊടുത്തു. അതു
വെള്ളത്തശീലകൊണ്ടു മാറത്തുമാത്രം മൂന്നു കുടുക്കുമായി
മുമ്പു ഉപയോഗിച്ചുവന്നിരുന്ന ഒരുവിധം "കുടുത്ത"യാ
യിരുന്നു. അന്നേത്തേ ദിവസം ആ കുപ്പായം താൻ ഉ
പയോഗിച്ചുവെങ്കിലും പിന്നീടു മുമ്പെപ്പോലേയുള്ള മു
ണ്ടും മദിരാശി ഉറുമ്മാലും തന്നേയായിരുന്നു പഠിപ്പു മാ
റുവന്നതുവരേയും അദ്ദേഹം ഉപയോഗിച്ചുവന്നിരുന്നതു.

സ്വന്ത സംപാദ്യംകൊണ്ടു വസ്ത്രങ്ങൾ മേടിക്കാൻ
സംഗതിയായതു മുതൽ മുണ്ടും ഷർട്ടും കോട്ടും തലപ്പാ
വും എല്ലാം വൃത്തിയിൽ ധരിക്കാൻ തുടങ്ങി. പക്ഷേവ

സ്ത്രാഡംബരത്തിലോ മറേറാ ഭ്രമിച്ചു അനാവശ്യമായി വ്യയം ചെയ്യുവാൻ നമ്മുടെ ചരിത്രനായകൻ ഒരിക്കലും ശ്രമിച്ചതുമില്ല. അതിന്നു പ്രത്യേകമായ ഒരു സംഗതിയും ഉണ്ടായിരുന്നു. ഇംഗ്ലീഷു വിദ്യാഭ്യാസത്തിലുള്ള ആഗ്രഹം അദ്ദേഹത്തിന്നു മട്രിക്കുലേഷൻ പരീക്ഷ ജയിച്ചതുകൊണ്ടു തീൎന്നിരുന്നില്ല. എഫ്. ഏ. പരീക്ഷക്കു പഠിക്കുവാൻ കണ്ണൂരിൽ നിൎവ്വാഹവുമുണ്ടായിരുന്നില്ല. കോഴിക്കോട്ടുപോയി പഠിക്കേണ്ടതിന്നു തൽക്കാലം പണം ഇല്ലാതിരുന്നതിനാൽ ആ കാൎയ്യസാദ്ധ്യത്തിന്നു വേണ്ടുന്ന പണം ഉടനെ സംപാദിക്കേണമെന്നുള്ള ആഗ്രഹത്തോടുകൂടിയാതൊരുഅനാവശ്യച്ചെലവുംചെയ്യാതേയും ഒന്നുരണ്ടു “കുറി”കളിലും മററും ചേൎന്നും അദ്ദേഹം പണം സംപാദിക്കുവാൻ തുടങ്ങി. 1872-ൽ ആറുമാസത്തേ കല്പന വാങ്ങി കൊഴിക്കോട്ടേക്കു പോയി. അക്കാലത്തു എഫ്. ഏ. പരീക്ഷക്കു രണ്ടു കൊല്ലം ക്ലാസ്സിൽ ചേൎന്നു വായിച്ചു കൊള്ളേണമെന്നു നിൎബ്ബന്ധമുണ്ടായിരുന്നില്ല. ആറുമാസം ശ്രദ്ധയോടേ സ്വകാൎയ്യമായി വായിച്ചു 1872-ൽ തന്നേ എഫ്. ഏ. പരീക്ഷ ജയിച്ചു. പരീക്ഷയുടേ ഫലം അറിയുന്നതിന്നു മുമ്പായിത്തന്നേ കോഴിക്കോട്ടു ഗവൎമ്മേണ്ടുകോളേജിലേ മലയാളം മുൻഷി മരിച്ചുപോയ ഒഴിവിലേക്കു നമ്മുടെ ചരിത്രനായകനേ നിശ്ചയിച്ചു. അങ്ങോട്ടപേക്ഷിക്കാതേ ഇങ്ങോട്ടാവശ്യപ്പെട്ടു നിശ്ചയിച്ചതാകയാലും ഗവൎമ്മേണ്ടുദ്യോഗം എന്ന ഒരു വിശേഷവിധിയുണ്ടായിരുന്നതുകൊണ്ടും ശംപളം മുപ്പതുറപ്പിക

മാത്രമേ ഉണ്ടായിരുന്നുള്ളവെങ്കിലും നമ്മുടേ ചരിത്രനായകൻ അതു സ്വീകരിച്ചു.

ശംപളംകുറഞ്ഞും ചെലവു വദ്ധിച്ചും വന്നു. കണ്ണൂരിലായിരുന്നപ്പോൾ സ്വന്തം ഗൃഹത്തിൽ താമസിക്കാമായിരുന്നു. കോഴിക്കോട്ടു താമസത്തിന്നും ചെലവുതന്നെ. നമ്മുടേ ചരിത്രനായകന്നോ എഫ്. ഏ. പരീക്ഷ ജയിച്ചതോടുകൂടി ബി. ഏ. പരീക്ഷയുടെ വിചാരമായി. അതിന്നു മദിരാശി പോയി പഠിക്കുകതന്നേ വേണം. രണ്ടു കൊല്ലത്തോളം മദിരാശിപ്പോയി താമസിച്ചു പഠിക്കേണമെങ്കിൽ വളരേ പണച്ചെലവും ബുദ്ധിമുട്ടും ഉണ്ടുതാനും. അക്കാലത്തു വളരേ ചുരുക്കം പേർ മാത്രമേ കേരളത്തിൽ നിന്നു ഉയന്നതരം വിദ്യാഭ്യാസത്തിന്നായി മദിരാശിയിൽ ചെന്നു താമസിക്കാറുണ്ടായിരുന്നുള്ളു. ഏതായാലും തനിക്കതു സാധിക്കേണമെന്ന വിചാരം നമ്മുടെ ചരിത്രനായകനേ പ്രബലമായി ബാധിച്ചു. കോഴിക്കോട്ടു ഗവമ്മേണ്ടുസ്കൂളിൽ ഏകദേശം നാലു കൊല്ലത്തോളം പ്രവൃത്തിചെയ്തു, തന്റേ മദിരാശി വാസത്തിന്നും പഠിപ്പിന്നും വേണ്ട ദ്രവ്യം സംപാദിച്ചു എന്നു കണ്ട ശേഷം നമ്മുടെ ചരിത്രനായകൻ രണ്ടു കൊല്ലത്തേ കല്പനക്കപേക്ഷിച്ചു. അന്നേത്തേ ഇൻസ്പെക്ടരായിരുന്ന ഗാത്തവേറു സായ്പു കല്പന അനുവദിക്കുന്നതല്ലെന്നു മറുപടിയും കല്പിച്ചു. ഈ മറുവടികൊണ്ടു മടങ്ങുന്ന ആളല്ല നമ്മുടേ ചരിത്രനായകനെന്നു കഴിഞ്ഞേടത്തോളം ഭാഗത്തിൽ നിന്നു നമുക്കു മനസ്സിലാക്കാമല്ലോ. കല്പന തരു

ന്നതല്ലെങ്കിൽ ഉദ്യോഗംതന്നേ വേണ്ട എന്നു നിശ്ചയിച്ചു നമ്മുടെ ചരിത്രനായകൻ ഉദ്യോഗം രാജികൊടുത്തു. രാജി സമ്മതിച്ചു ശേഷം ഉദ്യോഗത്തിൽ നിന്നു പിരിഞ്ഞു ഉടനേതന്നേ മദിരാശിക്കു പോകുകയും ചെയ്തു.

1876-ൽ മദിരാശിയെത്തി പ്രസിഡൻസി കോളേജിൽ ചേൻ്നു. മദിരാശിയിൽ യാതൊരു പരിചയവും മുമ്പില്ലാതിരുന്നതിനാൽ നമ്മുടെ ചരിത്രനായകൻ ചെന്നു താമസിച്ചതു അവിടേവെച്ചു അക്കാലത്തു ഏററവും വൃത്തികെട്ട "പെരിയമെട്ടു" എന്ന സ്ഥലത്തായിരുന്നു. ജലദൌർല്ലഭ്യംകൊണ്ടും ഉള്ളവെള്ളത്തിന്നുതന്നെ ഗുണം പോരാഞ്ഞതുകൊണ്ടും നമ്മുടേ ചരിത്രനായകന്നു ഉഷ്ണാതിസാരം വിടാതേയായി. അനേകം പ്രാവശ്യം പത്തും പതിനഞ്ചും ദിവസത്തേ കല്പനവാങ്ങി നാട്ടിലേക്കു പോകേണ്ടി വന്നതിനാൽ വായനയിൽ ശ്രദ്ധവെക്കുവാൻ വളരേ പ്രയാസമായിത്തുടങ്ങി. പിറേറത്തെ കൊല്ലത്തിൽ ഏതായാലും പരീക്ഷക്കു ഹാജരായി. താൻ തീച്ചയായും തോററുപോകുമെന്നു നമ്മുടെ ചരിത്രനായകന്നു ഉറപ്പുണ്ടായിരുന്നു. ഹോളിൽവെച്ചു പരീക്ഷക്കടലാസ്സിൻെറ ഉത്തരം എഴുതിക്കൊണ്ടിരിക്കുംപോൾ പ്രസിഡൻസികോളേജിലെ പ്രിൻസിപ്പാൾവന്നു ആ കോളേജിലെ മലയാളം മുൻഷി മരിച്ചുപോയ ഒഴിവിൻ നിശ്ചയിക്കുന്നതു ഇഷ്ടമാണോ എന്നു ചോദിച്ചു. ഇതു് എത്രയോ സംതോഷത്തോടുകൂടി അദ്ദേഹം സ്വീകരിക്കുകയും ചെയ്തു. 1878 ഫിബ്രുവരി മാസത്തിൽ കോളേജു തുറന്ന

തോടുകൂടി പ്രസിഡൻസി കോളേജിൽ മലയാളം മുൻഷിയായി പ്രവൃത്തിയും തുടങ്ങി. അക്കാലത്തു ബി. എ. ക്ലാസ്സിൽ വായിച്ചിരുന്നവരിൽ സാമൂതിരി രാജവംശത്തിലേ കിഴക്കേകോവിലകത്ത് മാനവേദൻ തമ്പുരാനും പരേതനായ പെൻഷൻ സബ്ജഡ്ജി പനങ്ങാടൻ രാമനും നമ്മുടേ ചരിത്രനായകൻേറ സബ്രഹ്മചാരികളായിരുന്നു. സർ. സി. ശങ്കരൻനായർ മുൻഗാമിയുമായിരുന്നു. വേറേ ജീവിച്ചിരുപ്പുള്ളവരിൽ സബ്രഹ്മചാരികളായി ആരുമുണ്ടെന്നു തോന്നുന്നില്ല.

മലയാളം മുൻഷിയായി പ്രസിഡൻസികോളേജിൽ പ്രവൃത്തി തുടങ്ങിയപ്പോൾ ബി. എ. പരീക്ഷക്കു സ്വകാര്യമായി വായിക്കാൻ അധികസൌകര്യവും സിദ്ധിച്ചു. ആ കൊല്ലത്തിൽ തന്നെ ബി. എ. പരീക്ഷ ജയിക്കുകയും ചെയ്തു. ഇത്രത്തോളം ബുദ്ധിമുട്ടി ബി. എ. പരീക്ഷ ജയിച്ച ഈ മനുഷ്യൻ ഇനിയെങ്കിലും സുഖമെട്ടുത്തുകളയാമെന്നു തീച്ചപ്പെടുത്തിയിരിക്കുമെന്നു ആരും വിചാരിച്ചുപോകരുത്. ബി. എ. പരീക്ഷ ജയിച്ചശേഷം ഇനി എന്താണു പരീക്ഷ ജയിക്കാനുള്ളതു എന്നായി അദ്ദേഹത്തിൻെറ ആലോചന. അതുവരേ ഉണ്ടായിരുന്നപോലേ സൌകര്യവും സമയവും ഇല്ലാതേയും മററനേകം കാര്യങ്ങളിലും എപ്പെട്ടുകൊണ്ടിരുന്നിട്ടും ബി. എൽ. പരീക്ഷയും കൂടി താൻ ജയിക്കാതിരിക്കയില്ല എന്ന ദൃഢനിശ്ചയത്തോടുകൂടി പരാജയം വരുമ്പോഴൊക്കെയും നിരാശപ്പെടുന്നതിന്നു പകരം ഉത്സാഹവൽ

നയോടുകൂടി ശ്രമിച്ചു നമ്മുടെ ചരിത്രനായകൻ 1894ാം കൊല്ലത്തിൽ ബി. എൽ. പരീക്ഷയിലും വിജയിയായി. ഇതിന്നുശേഷം മാത്രമേ പരീക്ഷ ജയിക്കേണമെന്നുള്ള അദ്ദേഹത്തിൻെറ ആഗ്രഹത്തിന്നു തൃപ്തിവന്നുള്ളു.

# മൂന്നാം അദ്ധ്യായം.

## വിവാഹവും സന്താനങ്ങളും.

ഏഴുവയസ്സു ചെന്നപ്പോൾ വസൂരി ബാധിച്ചതുനിമിത്തം നമ്മുടേ ചരിത്രനായകന്നു ഇടത്തേക്കണ്ണിന്നു കാഴ്ചയില്ലാതായി. അന്നുമുതൽ അദ്ദേഹത്തിൻേറ വിശ്വാസം താൻ വിരൂപിയാണെന്നായിരുന്നു. ഈ വിശ്വാസത്തിൻേറ ഫലമായി സ്ത്രീജനങ്ങളോടു പെരുമാറുന്നതിൽ അദ്ദേഹത്തിന്നു വലിയ വിരക്തിയുണ്ടായി. യാതൊരു യുവതിയും തന്നേ സ്നേഹിക്കുന്നതല്ല എന്നുള്ള തൻേറ വിശ്വാസംകൊണ്ടു അദ്ദേഹത്തിന്നു വലിയ ഗുണോൽകർഷങ്ങൾക്കാണ സംഗതിയുണ്ടായതു. പ്രഥമ ദൃഷ്ടത്തിൽ നമുക്കു വിപരീതഫലത്തെ ചെയ്യുന്നു എന്നു തോന്നിക്കുന്ന ചില കാൎയ്യങ്ങൾ ആന്തരത്തിൽ നമുക്കു ഗുണപ്രദമായിക്കലാശിക്കുമെന്നു പലേ സംഗതികളിൽ നിന്നും നമുക്കു ഗ്രഹിക്കാവുന്നതാകുന്നു. അതായിരിക്കാം "അനുഭവിക്കുന്നതെല്ലാം അവനവൻെറ നന്മക്കാണു്" എന്ന ആപ്തവാക്യത്തിന്നു ആസ്പദമായിത്തീൎന്നതു. നമ്മു



ചരിത്രനായകൻ

(ബി. എൽ. പാസ്സായ ഉടനേ)

ടേ ചരിത്രനായകന്നു തനിക്കുണ്ടെന്നു താൻ കരുതിവന്ന വൈരൂപ്യം തന്റെ ബാല്യചാപല്യങ്ങളിൽനിന്നും, യുവാക്കളിൽ പ്രായേണ കണ്ടുവരുന്ന ഓരോതരം ദുർവ്യാപാരങ്ങളിൽനിന്നും തന്നേ വിമുക്തനാക്കിത്തീർക്കുവാൻ പൎയ്യാപ്തമായി. തനിക്കു ഒരിക്കലും വിവാഹം വേണ്ടെന്നും ഒരിക്കലും ഒരു സമസൃഷ്ടിക്കു എന്നെന്നേക്കും താൻ മനഃശല്യത്തിന്നു ഇടവരുത്തുകയില്ലെന്നുമായിരുന്നു നമ്മുടേ ചരിത്രനായകൻ ചെറുപ്പകാലത്തു തീൎച്ചപ്പെടുത്തിയിരുന്നതു.

തന്നോടു ചേരുവാൻപോകുന്ന ഒരു യുവതിക്കു ബാഹ്യവൈരൂപ്യത്തേക്കാൾ എത്രയോ മടങ്ങു അധികമായിട്ടുള്ള മനഃശല്യമായിത്തീരുന്നതു വാസ്തവത്തിൽ ഒരു പുരുഷന്റെ മനോഗുണങ്ങളുടേ അഭാവമാണെന്നും എത്ര സുന്ദരനായാലും ഭൎത്താവിന്നു മററു വേണ്ടതായ ഗുണങ്ങൾ കുറയുന്നപക്ഷം ഭാൎയ്യയായിരിക്കുന്ന സ്ത്രീക്കു യാതൊരു സംതോഷത്തിന്നും ഇടയില്ലെന്നും ബാഹ്യവൈരൂപ്യം അഥവാ ഉണ്ടെങ്കിൽതന്നേയും മനോഗുണങ്ങളുടേ വിളനിലമാകുന്ന ഒരു മാന്യപുരുഷന്റേ ഭാൎയ്യയായിരിപ്പാൻ യോഗമുള്ള ഒരു സ്ത്രീക്കു ആ ബാഹ്യവൈരൂപ്യംകൊണ്ടു യാതൊരു മനഃശല്യത്തിന്നും വഴിയില്ലെന്നും ഒരുസമയം അതുതന്നേ ആ സ്ത്രീയുടേ പ്രേമത്തേ വൎദ്ധിപ്പിക്കാൻ ഉതകുന്നതായിരിക്കുമെന്നും മററുള്ള ഗുണങ്ങളേ ആസ്വദിച്ചു സന്തോഷിക്കുവാൻ സാധിക്കുന്നതാണു എത്രയോ അളവററ അനുഗ്രഹമായിരിക്കുകയെ

ന്നും നമ്മുടെ ചരിത്രനായകൻ ആദ്യത്തിൽ മനസ്സിലാക്കിയിരുന്നില്ലെങ്കിലും ആ തത്വങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തിൽ വിവാഹാനന്തരം യാതൊരു സംശയത്തിന്നും ഇടയില്ലാതേ വെളിവായിത്തീൎന്നു.

തയ്യിൽ കുഞ്ഞമ്പുത്താസിൽദാർ എന്ന പ്രസിദ്ധനായ ഒരാളെ തീയസമുദായത്തിലുള്ളവരെന്നു മാത്രമല്ല മലയാളത്തിൽ ഒട്ടുക്കും അറിയുന്നതാണ. അദ്ദേഹവും അദ്ദേഹത്തിന്റേ സമാനകാലീനനായ ഒയിററി രാമൻ താസിൽദാരും ആയിരുന്നു തീയരുടെ ഇടയിൽ ആദ്യമായി വലിയ ഉദ്യോഗപഥത്തിലെത്തിയവർ. ഇവർ തമ്മിൽ വലിയ സ്നേഹവുമായിരുന്നു. ഒയിററി രാമൻ താസിൽദാരുടെ ഭാൎയ്യ നമ്മുടെ ചരിത്രനായകന്റേ ജ്യേഷ്ഠസോദരിയായ ചിരുതയായിരുന്നുവെന്നു നമുക്കു ഒന്നാമദ്ധ്യായത്തിൽ നിന്നു അറിവായിട്ടുണ്ടല്ലോ. കുഞ്ഞമ്പുത്താസിൽദാരുടെ മകളായി ലക്ഷ്മി എന്നു പേരായ ഒരു കുട്ടിയുണ്ടായിരുന്നു. ആ കുട്ടിക്കു വിവാഹത്തിന്നു പ്രായമാകുന്നതിന്നു കുറച്ചു മുമ്പായി ഒയിററി രാമൻതാസിൽദാർ തന്നോടന്വേഷിക്കാതേ ലക്ഷ്മിക്കു വിവാഹം നിശ്ചയിക്കരുതെന്നു കുഞ്ഞമ്പുത്താസിൽദാരോടാവശ്യപ്പെട്ടിട്ടുണ്ടായിരുന്നു. ഒയിററി രാമൻതാസിൽദാരുടെ ആഗ്രഹമൊ ആവശ്യമൊ ഭാൎയ്യാസഹോദരനായ നമ്മുടേ ചരിത്രനായകനേക്കൊണ്ടു ലക്ഷ്മിയെ വിവാഹംചെയ്യിക്കേണമെന്നുതന്നേ ആയിരിക്കേണം. പക്ഷെ ആ വിചാരം ആരോടും എന്നു വേണ്ട ഭാൎയ്യാസഹോദരനോടു കൂടിയും

അദ്ദേഹം തുറന്നു പറഞ്ഞിരുന്നില്ല. കാൎയ്യം ഇങ്ങിനെയിരിക്കേ ഒയിററി രാമൻതാസിൽദാരും കുഞ്ഞമ്പുതാസിൽദാരും തമ്മിൽ അല്പമായ ഒരു സുഖവിരോധത്തിന്നു സംഗതിയുണ്ടായി. അതിൽപിന്നേ കുഞ്ഞമ്പുതാസിൽദാരുടേ മകളുടേ വിവാഹകാൎയ്യത്തിൽ ഒയിററി രാമൻതാസിൽദാർ യാതൊന്നും പ്രവൎത്തിച്ചില്ലെന്നു മാത്രമല്ല നമ്മുടേ ചരിത്രനായകന്നു വേറേ ഒരു വിവാഹം ആലോചിക്കുവാനും നിശ്ചയിക്കുവാനും അദ്ദേഹം ശ്രമിക്കുകയും ചെയ്തു. വിവാഹവിമുഖനായ നമ്മുടേ ചരിത്രനായകൻ അതിന്നു ശ്രദ്ധിച്ചതേ ഇല്ല. പക്ഷേ അക്കാലത്തു അദ്ദേഹത്തിന്നു മേൽപറഞ്ഞ സംഗതികൾ ഗ്രഹിക്കുവാനിടയായി. കുഞ്ഞമ്പുതാസിൽദാരുടേ മകൾക്കു വിവാഹത്തിന്നു കാലം അതിക്രമിച്ചിരിക്കുന്നുവെന്നും അതുവരേയും വേറേ വിവാഹാലോചനകൾ ഒന്നും ചെയ്യാതിരുന്നതു, തന്നെ ഉദ്ദേശിച്ചാണെന്നു തുറന്നു പറഞ്ഞിട്ടില്ലെങ്കിലും മറിച്ചു മനസ്സിലാക്കുവാൻ പാടില്ലാത്ത വിധത്തിൽ ഒയിററി രാമൻതാസിൽദാർ പറഞ്ഞ വാക്കു വിശ്വസിച്ചതുകൊണ്ടാണെന്നും പ്രായം വൈകിയതുകൊണ്ടു തക്കതായ മററു വരനേ കിട്ടിക്കൊൾവാൻ പ്രയാസമാണെന്നും നമ്മുടെ ചരിത്രനായകൻ മനസ്സിലാക്കി. യാതൊരു ജീവിക്കും മനോവേദന കൊടുത്തുകൂടാ എന്നു ശാഠ്യമുള്ള അദ്ദേഹത്തിന്നു അതുമുതൽ മനസ്സിന്നു ഒരു സമാധാനവും ഇല്ലാതേയും ആയി. തനിക്കു വിവാഹം വേണ്ട എന്ന നിശ്ചയം ഉടനെ മാററി. ആർ വി

രോധിച്ചിരുന്നാലും ആ ബാലികയെത്തന്നേ തനിക്കു ഭാൎയ്യയാക്കിക്കിട്ടേണമെന്നും തീർച്ചപ്പെടുത്തി. എല്ലാ വിവരങ്ങളും വിശദമായി കാണിച്ചു കോഴിക്കോട്ടു ഹജൂരിൽ അപ്പോൾ ഉദ്യോഗത്തിലിരുന്നിരുന്ന തന്റെ ജ്യേഷ്ഠനായ രാമന്നു ഒരെഴുത്തയച്ചു. അദ്ദേഹം ഒയിററി രാമൻതാസിൽദാരോടും മററു വേണ്ടപ്പെട്ടവരോടും ആലോചിച്ചു താമസിയാതേ വിവാഹദിവസവും നിശ്ചയിച്ചു. 1882 ഏപ്രീൽമാസത്തിലായിരുന്നു വിവാഹം. അന്നു നമ്മുടെ ചരിത്രനായകന്നു മുപ്പത്തിരണ്ടു വയസ്സും വധുവിന്നു പതിനാറു വയസ്സും പ്രായമായിരുന്നു.

വിവാഹത്തിന്നുശേഷം നമ്മുടേ ചരിത്രനായകൻ ആദ്യം ഭാൎയ്യയേ കൂടാതേയാണു മദിരാശിക്കു മടങ്ങിയതു. പിന്നേത്തേ അനദ്ധ്യായക്കാലത്തു നാട്ടിൽനിന്നു മടങ്ങിപ്പോകുംപോഴാണ് ഭാൎയ്യയേ മദിരാശിക്കു കൂട്ടിക്കൊണ്ടുപോയതു. അന്നു താമസിപ്പാൻ ഏർപ്പെടുത്തിയ സ്ഥലം ചിന്താദ്രിപ്പേട്ടയിലായിരുന്നു. അവിടെ ഒരു പ്രമാണിയുടേ മകനേ വീട്ടിൽവെച്ചു പഠിപ്പിച്ചിരുന്നതുകൊണ്ടു അയാൾക്കു വലിയ സ്നേഹവും ബഹുമാനവും ഉണ്ടായിരുന്ന നമ്മുടെ ചരിത്രനായകന്നു അയാൾ അടുത്തുതന്നേ ഒരു സുഖമുള്ള വീടുണ്ടാക്കി ചുരുങ്ങിയ വാടകക്കുകൊടുത്തു. അതിൽ അവർ താമസമാക്കുകയും ചെയ്തു.

വധൂവരന്മാർ തമ്മിൽ പതിനാറുവയസ്സോളം പ്രായവ്യത്യാസമുണ്ടായിരുന്നതുകൊണ്ടും മാന്യയും സൌന്ദൎയ്യവതിയുമായ ആ ബാലികയെ വിരൂപിയായ താൻ

വിവാഹംചെയ്തതുകൊണ്ടു ആ സാദ്ധ്വികൾ എത്രയോ മനോദുഃഖത്തിന്നു താൻ ഇടവരുത്തിയിരിക്കുന്നുവല്ലോ എന്നുള്ള ദുർബ്ബോധനനിമിത്തവും നമ്മുടേ ചരിത്രനായകൻ യഥാർത്ഥത്തിൽ ഒരു ഭർത്താവു സ്നേഹിക്കുംപോലെയല്ല, പിന്നെയൊ, പിതൃനിർവ്വിശേഷമായ സ്നേഹത്തോടും അനുകമ്പയോടും കൂടിയായിരുന്നു തൻെറ ഭാൎയ്യയെ സ്നേഹിച്ചുവന്നതു. ഇങ്ങിനെ അകൃത്രിമമായും അകളങ്കമായും ഉണ്ടായിവരുന്ന മൈത്രി അസ്ഥാനത്തിലല്ലാതിരിക്കുന്നപക്ഷം തീർച്ചയായും അതിന്നു അതേതരത്തിലുള്ള പ്രതിച്ഛായ ഉണ്ടാവാതിരിക്കയില്ലെന്നു നമ്മുടെ ചരിത്രനായകൻേറ കുടുംബജീവിതത്തിൽനിന്നു നമുക്കുവെളിവാകുന്നതാണ്.

ഇപ്പോൾ മലയാംജില്ലയിൽ പ്രത്യേകിച്ചും വടക്കേ മലയാളത്തിൽ തീയരുടേ ഇടയിൽ സ്ത്രീവിദ്യാഭ്യാസം മററു സമുദായങ്ങളേ അപേക്ഷിച്ചു എത്രയോ പ്രശസ്തമായ ഒരവസ്ഥ പ്രാപിച്ചിരിക്കുന്നുവെന്നും തീയസമുദായത്തിലേ ഒന്നിലധികം യുവതികൾ വിദ്യാഭ്യാസത്തിന്നായി ബിലാത്തിക്കുകൂടി പോയിരിക്കുന്നുവെന്നും നമുക്കറിവുള്ളതാണല്ലോ. എന്നാൽ അക്കാലത്തു തീയസമുദായത്തിലും സ്ത്രീവിദ്യാഭ്യാസത്തിന്നു ഇന്നേത്തേപ്പോലേയുള്ള പ്രചാരം ലഭിച്ചിരുന്നില്ല. നമ്മുടേ ചരിത്രനായകൻെറ ഭാൎയ്യയായ ബാലികക്കും വിവാഹത്തിന്നു മുമ്പായി വിദ്യാഭ്യാസം കഷ്ടിയായിരുന്നു. മലയാളം നല്ലവണ്ണം വായിപ്പാനും ഒരു മാതിരി എഴുതുവാ

നം പഠിച്ചിരുന്നതല്ലാതേ വേറേ പറയത്തക്ക വിദ്യാഭ്യാസം ഒന്നും ലഭിച്ചിരുന്നില്ലെന്നു തന്നേ പറയാം. തന്നോടുകൂടി മദിരാശിക്കുവന്നതുമുതൽ ഭാൎയ്യയുടെ വിദ്യാഭ്യാസവിഷയത്തിൽ നമ്മുടേ ചരിത്രനായകൻ പ്രത്യേകമായി ദൃഷ്ടിവെച്ചു. മലയാളഭാഷയെ സംബന്ധിച്ചേടത്തോളം ആദ്യത്തിൽ താൻ തന്നേ ഉപദേഷ്ടാവിൻേറ നില സ്വീകരിച്ചു. കോളേജിൽ പോകുംപോഠം കൈയെഴുത്തു നന്നാക്കേണ്ടതിന്നും കണക്കുചെയ്യാനും ഏൎപ്പാടുചെയ്യും. കോളേജിൽനിന്നു മടങ്ങിവന്നാൽ അതൊക്കെയും ശരിയായി ചെയ്തിട്ടുണ്ടോ എന്നു പരിശോധിക്കും. മലയാളഭാഷയിലുള്ള പുസ്തകങ്ങഠം വായിപ്പിക്കും. അൎത്ഥം മനസ്സിലാവാത്തഭാഗം വിശദമായി പറഞ്ഞു മനസ്സിലാക്കും. ഇതിന്നുപുറമേ ഇംക്ലീഷുഭാഷ പഠിപ്പിക്കുവാൻ ഒരു ഉപാദ്ധ്യായിനിയേയും നിയമിച്ചു കുറച്ചുകാലംകൊണ്ടു ഇംഗ്ലീഷുഭാഷയിലും അല്പമായ അറിവുണ്ടാക്കിത്തീൎത്തു.

പാചകവൃത്തിയിൽ തൻേറ ഭാൎയ്യക്കു വിശേഷമായ അറിവുണ്ടാക്കേണമെന്നുള്ള ഉദ്ദേശത്തോടുകൂടി നമ്മുടേ ചരിത്രനായകൻ പാചകവിധികഠം വിവരിക്കുന്ന അനേകം ഇംഗ്ലീഷുപുസ്തകങ്ങളും പരിഭാഷപ്പെടുത്തി ഭാൎയ്യയെക്കൊണ്ട് അതിൽ വിവരിച്ചപ്രകാരമുള്ള നാനാവിധ ഭക്ഷണപദാൎത്ഥങ്ങളും ഉണ്ടാക്കിച്ചുവന്നു. അക്കാലത്തു ഗൃഹകൃത്യങ്ങഠംക്കായി ഒരു വേലക്കാരി മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതുകൊണ്ടു പാചകപ്രവൃത്തി മിക്ക

സമയത്തും ഭാൎയ്യതന്നെ സംതോഷത്തോടുകൂടി ചെയ്തുവന്നിരുന്നു. കുറച്ചുകാലംകൊണ്ടു ഭക്ഷണസാധനങ്ങൾ പാകം ചെയ്തുണ്ടാക്കുന്നതിൽ നല്ല നൈപുണ്യവും ഉണ്ടായിത്തീൎന്നു. പാചകപ്രവൃത്തിയിലുള്ള ഈ ജ്ഞാനം കാലക്രമേണ വൎദ്ധിച്ചുവന്നതോടുകൂടി തന്റേറ സന്താനങ്ങളേയും ഈ വിഷയത്തിലേക്കു ഉത്സാഹിപ്പിച്ചു വന്നതിനാൽ ഈ കുടുംബത്തിലേ സ്ത്രീകൾക്കു എല്ലാവൎക്കും അതിൽ അതിയായ സാമൎത്ഥ്യമുണ്ടായിവന്നു. നമ്മുടേ ചരിത്രനായകന്റേറ ആതിത്ഥ്യം സ്വീകരിച്ചു, അദ്ദേഹത്തിന്റേറ വീട്ടിൽ നിന്നു ഭക്ഷണം കഴിക്കാൻ സംഗതിവന്നിട്ടുള്ളവൎക്കാൎക്കും ഈ കാൎയ്യത്തിൽ രണ്ടഭിപ്രായമുണ്ടാകുന്നതല്ല. പത്തുപന്ത്രണ്ടു കൊല്ലങ്ങൾക്കു മുമ്പ് നാഷനൽ ഇന്ത്യൻ അസോസിയേഷൻ വകയായി, ഏററവും മേത്തരമായ ഇന്ത്യൻ ഭക്ഷണപദാൎത്ഥങ്ങൾ ഉണ്ടാക്കുന്നതിന്നു സമ്മാനങ്ങൾ കൊടുക്കുകയുണ്ടായി. ബ്രാഹ്മണർ തുടങ്ങി നാനാ ജാതിക്കാരും അനവധി സാധനങ്ങൾ ഉണ്ടാക്കി അയച്ചിരുന്നുവെങ്കിലും അന്നു നമ്മുടേ ചരിത്രനായകന്റേറ വീട്ടുകാർ ഉണ്ടാക്കി അയച്ച "മുട്ടമാല" "പഞ്ചസാരപ്പാററ" എന്നീ രണ്ടു പലഹാരങ്ങൾക്കായിരുന്നു ഒന്നാമത്തേ സമ്മാനം ലഭിച്ചതെന്നും ഇവിടെ പ്രസ്താവയോഗ്യമാണ്.

നമ്മുടേ ചരിത്രനായകന്റേറ ഭാൎയ്യക്കു തുന്നൽപണി പരിശീലിപ്പിക്കുവാൻ ഒരു ഉപാദ്ധ്യായിനിയേയും പ്രത്യേകമായി ഏൎപ്പെടുത്തിയിരുന്നു. അചിരേണ ആ

വിഷയത്തിലും അവൎക്ക നല്ല വൈദഗ്ദ്ധ്യം സിദ്ധിച്ചു. ഈ കുടുംബത്തിലുള്ള എല്ലാ സ്ത്രീകൾക്കും ഈ വിഷയത്തിൽ ആദ്യമേ അഭിരുചി വന്നതിന്നു കാരണം മാതാവിന്റെ പ്രേരണതന്നേ ആയിരിക്കേണം. പത്തിരുപതു കൊല്ലം മുമ്പു കണ്ണൂരിൽവെച്ചു നടത്തിയ ഒരു പ്രദൎശനത്തിന്നു് ഈ കുടുംബക്കാർ ഷേക്സ്പിയർ മഹാകവിയുടേ കിങ്ങ്ലിയർ നാടകത്തിലേ തടവുമുറി എന്ന വിഷയത്തേ ആസ്പദമാക്കി ലിയർരാജാവിന്റേയും മകളുടേയും കൂടിക്കാഴ്ച കാൻവാസ്സിൽ നാനാവൎണ്ണങ്ങളിലുള്ള പട്ടുനൂലിനാൽ തുന്നിപ്പിടിപ്പിച്ചു അയക്കുകയും പ്രദൎശനപ്രവൃത്തകന്മാർ അതിന്നു ഒരു സ്വൎണ്ണമുദ്രസമ്മാനിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. ഈ വിചിത്രവേല കണ്ടു് കാണികൾ വളരെ അത്ഭുതപ്പെടുകയും ചില സായ്പന്മാർ ഇതു് ഒരു സമയം ചായം കയററിയതായിരിക്കുമോ എന്നു സംശയിച്ചു തൊട്ടുനോക്കുകകൂടി ചെയ്കയും ചെയ്തിരുന്നുവെന്നറിയുന്നു. ഇതേ വിചിത്രവേലതന്നേ കേട്ടുവന്നതൊക്കെയുംതീൎത്തു തലശ്ശേരിക്ഷേത്രം വക പ്രദൎശനത്തിന്നയച്ചപ്പോഴും അതിന്നു ഒരു സ്വൎണ്ണമുദ്ര സമ്മാനം കിട്ടി. കാൻവാസ്സിൽവൂൾ നൂലുകൊണ്ടും പട്ടുനൂലുകൊണ്ടും പട്ടുശീലയിൽ ചായംകൊടുത്തും അത്ഭുതമാകുംവിധത്തിൽ ചിത്രവേലകൾ ചെയ്വാൻ കഴിയുന്ന സ്ത്രീകൾ ഈ കുടുംബത്തിലുണ്ടായിവന്നതിന്നു കാരണം ചെറുപ്പത്തിൽ നമ്മുടെ ചരിത്രനായകന്റെ ഭാൎയ്യക്കു ഇതിലുണ്ടായിരുന്ന അഭിരുചിയും തന്മൂലം ഈ

വിഷയത്തിലേക്കു് തന്റെ സന്താനങ്ങളേ വഴികാണി
ച്ചുകൊടുക്കാനുണ്ടായ ഔൽസുക്യവും തന്നേയാണെന്നു
പറയാം.

ഭാൎയ്യ വിദ്യാഭ്യാസവിഷയങ്ങളിലേൎപ്പെട്ടിരുന്ന ഇ
ക്കാലത്തു നമ്മുടേ ചരിത്രനായകൻ സ്വസ്ഥനായിരുന്നി
ല്ല. അദ്ദേഹത്തിന്നു അപ്പോൾ പലേ ബുദ്ധിമുട്ടുള്ള പ്രവൃ
ത്തികളും ഉണ്ടായിരുന്നു. പ്രസിഡൻസികോളേജിലേ മു
ൻഷിപ്രവൃത്തി, ബി. ഏ., എഫ്. ഏ., മട്രിക്കുലേഷൻ
മുതലായ പരീക്ഷകൾക്കു മലയാളത്തിലുള്ള ചോദ്യക്ക
ടലാസ്സുണ്ടാക്കുക, പരീക്ഷക്കടലാസ്സിന്നു മാൎക്ക കൊടുക്കു
ക, മുതലായ പ്രവൃത്തികൾ ആദ്യമായിത്തന്നേ ഉണ്ടാ
യിരുന്നു. അതിന്നുപുറമേ അക്കാലത്തു മലയാളഭാഷയി
ൽ നല്ല പാഠപുസ്തകങ്ങൾ ഏററവും കുറവായിരുന്നതി
നാൽ സ്വന്തമായി ചില പുസ്തകങ്ങളും എഴുതി ഉണ്ടാ
ക്കേണ്ടിവന്നിരുന്നു. ഇതുകൊണ്ടൊക്കെയും നല്ല സംപാ
ദ്യവും ഉണ്ടായിക്കൊണ്ടിരുന്നു. യൂനിവേർസിററി പരീ
ക്ഷകൾകൊണ്ടുമാത്രം കൊല്ലത്തിൽ രണ്ടായിരം ഉറുപ്പി
കയോളം സംപാദ്യമുണ്ടായി.

നമ്മുടേ ചരിത്രനായകന്റേ ഭാൎയ്യക്കു പതിനെട്ടു
വയസ്സു പ്രായമായപ്പോഴാണു ആദ്യസന്താനത്തിന്റേ
ഗൎഭോല്പാദനം ഉണ്ടായതു. ഗൎഭം എട്ടുമാസമായപ്പോൾ
പ്രസവത്തിന്നായി നാട്ടിൽ കൊണ്ടുപോയാക്കേണ്ടിവ
ന്നു. മദിരാശിയിൽ പ്രസവചികിത്സക്കുംമററും എത്രയോ
അധികമായ സൌകൎയ്യം ഉണ്ടായിരുന്നിട്ടും ഭാൎയ്യാഭൎത്താ

ക്കന്മാക്ക പിരിഞ്ഞിരിക്കാൻ അശേഷം ഇഷ്ടമില്ലായിരുന്നുവെങ്കിലും അക്കാലത്തേ സംപ്രദായമനുസരിച്ചു ഭാൎയ്യയേ അവരുടേ ചെറിയആറാട്ട് എന്ന വീട്ടിൽ കൊണ്ടുചെന്നാക്കി. പ്രസവം സുഖമായിക്കഴിഞ്ഞു. ആദ്യസന്താനം ഒരു സ്ത്രീപ്രജയായിരുന്നു. ഈ കുട്ടിക്ക ആറ മാസം പ്രായമായപ്പോഴാണു പിന്നീടു ഭാൎയ്യയേയും കുട്ടിയേയും മദിരാശിക്ക കൊണ്ടുപോയതു. കുട്ടിക്ക ശ്രീദേവി എന്നു പേർ വിളിച്ചു.

അക്കാലത്തു നമ്മുടെ ചരിത്രനായകന്നു മധുര ഗവൎമ്മേണ്ടു കോളേജിൽ പ്രൊഫസ്സർ ആയിപ്പോകുവാൻ ഇഷ്ടമുണ്ടോ എന്ന ഒരന്വേഷണം ഉണ്ടായി. അന്യരാജ്യങ്ങളിൽ പോയിത്താമസിക്കുന്നതിന്നുള്ള ഭാൎയ്യയുടേ ഭീതി ഒന്നുമാത്രം പ്രമാണിച്ച് നമ്മുടേ ചരിത്രനായകൻ അതു വേണ്ടെന്നു വെക്കുകയാണുണ്ടായതു.

രണ്ടു കൊല്ലത്തിന്നു ശേഷമാണു പിന്നേ സന്താനോല്പത്തി ഉണ്ടായതു്. ആ പ്രസവത്തിന്നും നാട്ടിൽതന്നേ പോയി. രണ്ടാമത്തേ സന്താനം പുരുഷപ്രജയായിരുന്നു. ഈ കുട്ടിക്ക രാമൻ എന്നു പേർ വിളിച്ചു. പിന്നെയും രണ്ടു കൊല്ലത്തിന്നു ശേഷം ഒരു സ്ത്രീസന്താനമുണ്ടായി. അതിന്നു മാധവി എന്നു പേർവിളിച്ചു. പതിവുപോലേ രണ്ടു കൊല്ലത്തിന്നു ശേഷം പിന്നേയും ഒന്നുകൂടി പ്രസവിച്ചു. അത് ഒരു പുരുഷസന്താനമായിരുന്നു. അതിന്നു കൃഷ്ണനെന്നു പേരിട്ടു. അഞ്ചു സംവത്സരങ്ങളോളം പിന്നീടു സന്താനങ്ങളുണ്ടായില്ല. ഭാൎയ്യക്ക ഇരുപത്തൊ



ചരിത്രനായകന്റേറ മക്കൾ

ശ്രീദേവിയും മാധവിയും.

ന്വത്ു വയസ്സു പ്രായമായപ്പോൾ പിന്നെയും ഗഭമുണ്ടായി. അക്കുറി ഉണ്ടായ ആൺകുട്ടി മൂന്നുമാസം മാത്രം ജീവിച്ചിരുന്നശേഷം സന്താനനാശത്തിന്റേ തീവ്രമായ വ്യഥയും നമ്മുടേ ചരിത്രനായകനേയും ഭാൎയ്യയേയും അനുഭവിപ്പിക്കാനായി മാത്രം ഭൂലോകവാസം സ്വീകരിച്ചതോ എന്നു തോന്നുമാറു ഇഹലോകവാസം വെടിഞ്ഞു. അതിൽപിന്നേ സന്താനങ്ങളുണ്ടായിട്ടില്ല. ഈ അഞ്ചു പ്രസവങ്ങളും സ്വരാജ്യത്തു വെച്ചുതന്നേയാണുണ്ടായതും.

ആദ്യസന്താനമായ ശ്രീദേവിയുടേയും മൂന്നാമത്തേ സന്താനമായ മാധവിയുടേയും താലികെട്ടുകല്യാണം 1894-ൽ ആണു് കഴിഞ്ഞതു്. അക്കാലത്തു താലികെട്ടുകല്യാണത്തിലുള്ള ഭ്രമം തീയരുടേ ഇടയിലും കുറഞ്ഞിരുന്നില്ല. ശ്രീദേവിയുടേയും മാധവിയുടേയും താലികെട്ടുകല്യാണം അതി ഘോഷമായിട്ടാണു് കഴിഞ്ഞതു്. മൂലിയിൽ തറവാട്ടുവീട്ടിൽ ഈ ആവശ്യത്തിന്നായി കെട്ടിയുണ്ടാക്കിയ മണിപ്പന്തലിന്നുതന്നേ ഇരുന്നൂറുറുപ്പികയോളം ചെലവാക്കിയിരുന്നുവെന്നറിയുംപോൾ മററുണ്ടായിരുന്ന ആഡംബരങ്ങളേക്കുറിച്ചു് വൎണ്ണിക്കേണ്ടതില്ലല്ലോ. ഇങ്ങിനേ പണം ചെലവു ചെയ്യുന്നതിന്നു നമ്മുടേ ചരിത്രനായകന്നു അപ്പോൾ യാതൊരു പ്രയാസവും ഉണ്ടായിരുന്നില്ല. പലേ വിധത്തിലും ഉണ്ടായിക്കൊണ്ടിരുന്ന ദ്രവ്യസംപാദ്യത്തെക്കുറിച്ചു് മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അതിന്നൊക്കെയും പുറമേ 1893-ൽ നമ്മുടെ ചരിത്രനായകന്നു മദിരാശി ഗവൎമ്മേണ്ടിന്റേ മലയാളം ട്രാൻ

സ്സേററുടേ ഉദ്യോഗവും ലഭിച്ചിരുന്നു. ഈ ഉദ്യോഗത്തിന്നു ഇരുന്തൂററമ്പതുറപ്പിക മാസ്സപ്പടിയും ഉണ്ടായിരുന്നു.

ഇതിനിടയിൽ മദിരാശിയിൽ താമസിച്ചു പഠിക്കുവാനായി നമ്മുടേ ചരിത്രനായകന്റെ ബന്ധുക്കളും ചാർച്ചക്കാരുമായി ധാരാളം ആളുകൾ വന്നുകൊണ്ടിരുന്നു. ജ്യേഷ്ഠസഹോദരന്മാരുടേ മക്കളും മററുമായി അപ്പോഴും പിന്നീടും ചിലരൊക്കെയും ഇദ്ദേഹത്തിന്റെ ചെലവിന്മേൽ പഠിച്ചു നന്നായിപ്പോയിട്ടുണ്ടു. മിക്കവരും അദ്ദേഹത്തിന്റേ വീട്ടിൽതന്നേയായിരുന്നു താമസിച്ചിരുന്നതും. ഇക്കൂട്ടത്തിൽ ഒയിററി രാമൻതാസിൽദാരുടേ മകൻ കൃഷ്ണനും ഉണ്ടായിരുന്നു.

ശ്രീദേവിയുടേ രൂപലാവണ്യം ശൈശവത്തിൽതന്നേ ഒയിററി കൃഷ്ണനേ വളരേ സന്തോഷിപ്പിച്ചിരുന്നുവെന്നു സമയമുള്ളപ്പോഴൊക്കെയും ആ ചെറുപ്പക്കാരൻ ഈ കുട്ടിയേ എടുത്തുകൊണ്ടുപോയി ലാളിക്കാറുള്ളതുകൊണ്ട് ആൎക്കും അറിയാമായിരുന്നു. അതുപോലേതന്നേ അവളുടേ ബുദ്ധിസാമൎത്ഥ്യവും അവളുടേ കൌമാരവയസ്സിൽ ആയാളേ ആകൎഷിച്ചുകൊണ്ടിരുന്നു. പക്ഷേ ഒയിററി രാമൻതാസിൽദാൎക്കും കുടുംബങ്ങൾക്കും നമ്മുടേ ചരിത്രനായകനോടും കുടുംബങ്ങളോടും ഉണ്ടായിരുന്നു എന്നു മുമ്പു ഈ ചരിത്രത്തിൽ സൂചിപ്പിച്ച ആ സുഖവിരോധം ക്രമേണ വളൎന്നു വന്നുകൊണ്ടിരുന്നതുകൊണ്ടു ഒയിററി രാമൻതാസിൽദാരുടേ മകൻ ശ്രീദേവി

യേ ഒരു കാലത്തു വിവാഹം ചെയ്യുമെന്നു ആരും പ്രതീക്ഷിച്ചിരുന്നില്ല. ശ്രീദേവിയുടേ അച്ഛന്ന് ഇങ്ങിനേ ഒരു വിചാരമുണ്ടെങ്കിൽ അതു ഇല്ലായ്മ ചെയ്യേണമെന്നുള്ള ഉദ്ദേശത്തോടുകൂടി അദ്ദേഹത്തിൻേറ മരുമകളും ഒയിററി കൃഷ്ണൻേറ സോദരിയുമായ സ്ത്രീതന്നേ നമ്മുടേ ചരിത്രനായകനോടു അങ്ങിനേ ഒരു വിവാഹം ഉണ്ടാവാനിടയില്ലെന്നു നേരിട്ടു അറിയിച്ചിരുന്നു. ഒയിററി കൃഷ്ണൻ ബി. എൽ. പരീക്ഷയിൽ വിജയിയായി കോഴിക്കോട്ടു വക്കീലായി പ്രാക്ടീസ് ചെയ്തുവന്നിരുന്നു. അദ്ദേഹം താമസിച്ചിരുന്നതു മൂളിയിൽ രാമൻ ട്രാൻസ്ലേററരുടേ വീട്ടിലായിരുന്നു. മിസ്റ്റർ കൃഷ്ണന്നു വക്കീലായ ഉടനേ തന്നേ നല്ല പേരും ധാരാളം കേസ്സും കിട്ടിത്തുടങ്ങി. മകൻേറ വിവാഹം താമസിയാതേ നടത്തേണമെന്നു ഒയിററി രാമൻതാസിൽദാക്കു ആഗ്രഹം ഉണ്ടായി. മിസ്റ്റർ കൃഷ്ണൻ ഒരഗാധബുദ്ധിയായതിനാൽ അയാളുടേ അന്തൎഗ്ഗതം അറിവാൻ അത്ര എളുപ്പമായിരുന്നില്ല. അച്ഛൻ ആലോചിക്കുന്ന വിവാഹകാൎയ്യങ്ങളൊന്നും മിസ്റ്റർ കൃഷ്ണന്നു സമ്മതമുണ്ടായിരുന്നില്ല. ഒടുവിൽ നിർബ്ബന്ധം സഹിക്കവയ്യാതായപ്പോൾ നമ്മുടേ ശ്രീദേവിയേയല്ലാതേ വേറെ ആരേയും താൻ ഭാൎയ്യയായി സ്വീകരിക്കുന്നതല്ലെന്നു ഒയിററി കൃഷ്ണൻ തീൎച്ചയായി പറഞ്ഞു. മകൻേറ മക്കടമുഷ്ടി കണ്ടു അച്ഛനും മററുള്ളവരും അതിന്നു വഴിപ്പെടേണ്ടിയും വന്നു.

ശ്രീദേവിക്കു പതിനഞ്ചുവയസ്സു പ്രായമായപ്പോൾ പ്രീമട്രിക്കുലേഷൻ ക്ലാസ്സിൽ വായിക്കുകയായിരുന്നു.

1899-ലെ മദ്ധ്യവേനൽകല്പനക്ക മലയാളത്തിലേക്ക പോകുന്നതിന്നു മുമ്പായി നമ്മുടെ ചരിത്രനായകന്നു ഒയിററി രാമൻ താസിൻദാരുടെ ഒരു കത്തുകിട്ടി. അതിൽ താമസിയാതേ കുടുംബസമേതം നാട്ടിലേക്ക വരേണമെന്നും ഒരു വിവാഹകൎമ്മം നിർവ്വഹിക്കേണ്ടതുണ്ടെന്നും എഴുതിയിരുന്നു. കാൎയ്യത്തിന്റേ സൂക്ഷ്മവിവരം ധരിക്കാതേ മലയാളത്തിലേക്ക പോയവഴി കോഴിക്കോട്ടിറങ്ങി ജ്യേഷ്ഠസോദരനോടൊപ്പം രണ്ടുദിവസം താമസിച്ചു. അവിടെ അന്വേഷിച്ചതിലും യഥാൎത്ഥമായ വിവരം കിട്ടിയില്ല. എല്ലാവരുംകൂടി നാട്ടിലെത്തിയപ്പോഴാണു ഒയിററി രാമൻ താസിൽദാരുടേ കത്തിൽ പ്രസ്താവിച്ച വിവാഹം ശ്രീദേവിയുടേ വിവാഹംതന്നേയാണെന്നു തീൎച്ചവിവരം മനസ്സിലായതു.

1899-ലാണു ഈ മംഗളകൎമ്മം നടന്നതു. അതിൽപിന്നേ പതിനാറുകൊല്ലത്തോളം ശ്രീദേവി ആഡംബരത്തോടുകൂടി ഭർത്തൃസുഖം അനുഭവിച്ചു കോഴിക്കോട്ടു താമസിച്ചുവന്നു. ഒയിററി കൃഷ്ണൻവക്കീലിനെക്കുറിച്ചു അക്കാലത്തു അറിവില്ലാത്തവർ മലയാളരാജ്യത്തു ചുരുക്കംപേരേ ഉണ്ടായിരുന്നുള്ളു. ഒരു പ്രസിദ്ധ ക്രിമിനൽവക്കീലിന്റേ നിലയിലും കോഴിക്കോട്ടു മുനിസിപ്പാൽ ചേർമാന്റേ നിലയിലും അദ്ദേഹം വലിയ ഖ്യാതി നേടിയിരുന്നു. പക്ഷേ ദൈവവിധി ആരാലും തടുക്കാവുന്നതല്ലല്ലോ. പതിനാറുവൎഷം ദാമ്പത്യസുഖം അനുഭവിച്ചശേഷം ഒയിററി കൃഷ്ണൻവക്കീൽ തന്റേ

പ്രിയപ്പെട്ട ഭാൎയ്യ ശ്രീദേവിയേയും ആറ സന്താനങ്ങളേയും വെടിഞ്ഞു പരലോകപ്രാപ്തനായി. സന്താനങ്ങളിൽ നാലാമത്തേതായ രാമകൃഷ്ണനൊഴികേ മററ അഞ്ചുപേരും പെൺകുട്ടികളായിരുന്നു. അതിൽ ആദ്യജാതയായ സാവിത്രി അഞ്ചുവയസ്സ മുതൽ മുത്തച്ഛൻേറയും മുത്തശ്ശിയുടേയും സംരക്ഷണയിൽ മദിരാശിയിൽത്തന്നേയാണ വളൎന്നുവന്നതു. ഈ യുവതി ബി. ഏ. പരീക്ഷ ജയിച്ചശേഷം മദിരാശിയിൽ ട്രിപ്ലിക്കേൻ ഉപാദ്ധ്യായിനികളുടേ ട്രെയിനിങ്ങ് സ്കൂളിൽ ഒരു മിസ്ത്രസ്സായിരിക്കയാണ. ബാക്കിയുള്ള കുട്ടികളും യഥായോഗ്യം വിദ്യാഭ്യാസം ചെയ്തുവന്നു. ഭൎത്തൃവിയോഗശേഷം ശ്രീദേവി അമ്മയും അച്ഛനമ്മമാരുടെ അടുക്കേ വന്നുചേൎന്ന ഒരു വിധം മനസ്സമാധാനത്തോടുകൂടി ജീവിതം നയിച്ചുവന്നു. എഗ്മൂറിലെ ഉപാദ്ധ്യായിനികളുടേ ട്രെയിനിങ്ങ് സ്കൂളിൽ ഒരുപാദ്ധ്യായിനിയുടേ പ്രവൃത്തി ഈ അമ്മയും അംഗീകരിച്ചിട്ടുണ്ട.

നമ്മുടേ ചരിത്രനായകൻേറ രണ്ടാമത്തേ സന്താനമായ രാമൻ ബി. ഏ. പരീക്ഷ ജയിച്ച ഉടനേ സിക്രട്ടരിയററിൽ ഒരു ക്ലാൎക്കായി ചേൎന്നു. അന്നുമുതല്ക്കേ പോസ്റ്റൽ സൂപ്രഡേണ്ടുദ്യോഗം കിട്ടിയാൽ കൊള്ളാമെന്നുള്ള ആഗ്രഹം ഉണ്ടായിരുന്നതുകൊണ്ട അതിന്നായി നിരന്തരം ശ്രമം ചെയ്തുകൊണ്ടും വന്നു. ഒടുവിൽ ഇദ്ദേഹത്തേ പോസ്റ്റൽ സൂപ്രഡേണ്ടായി നിശ്ചയിക്കുകയും ചെയ്തു. ഇദ്ദേഹം വിവാഹം ചെയ്തതു അമ്മയുടേ സോദ

നം കോഴിക്കോട്ടു അസിസ്റ്റാണ്ട് പബ്ലിക്ക് പ്രോസിക്യൂട്ടരും ആയ ടി. കെ. കൃഷ്ണൻ അവർകളുടേ മകളേയാകുന്നു.

മൂന്നാമത്തെ സന്താനമായ മാധവി വേണ്ടതുപോലെ വിദ്യാഭ്യാസം കഴിഞ്ഞശേഷം ഒണ്ടെൻ ശങ്കരൻ എന്നു പേരായ ഒരു യുവാവിനെ വിവാഹംചെയ്തു. ഇദ്ദേഹം ബി. ഏ. ജയിച്ചു ഉടനേ ട്രാൻസ്ലേററരുടെ ആപ്പീസ്സിൽ ഒരു ക്ലാക്കായി ചേൎന്നു. ഈ ചെറുപ്പക്കാരൻേറ സംപ്രദായങ്ങളും നടവടിയും നമ്മുടേ ചരിത്രനായകനേ ഏത്രയും സന്തോഷിപ്പിച്ചു. തങ്ങളുടേ ദ്വിതീയ പുത്രിയായ മാധവിക്കു ഈയാൾ വരനായിത്തീൎന്നാൽ നന്നായിരിക്കുമെന്നു അച്ഛനമ്മമാൎക്കു വിചാരമുണ്ടായി. മിസ്റ്റർ ശങ്കരനേ ബി. എൽ. പരീക്ഷക്കു വായിപ്പിക്കുവാനും തീൎച്ചപ്പെടുത്തി. ബി. എൽ. പരീക്ഷയിൽ വിജയിയായശേഷവും മിസ്റ്റർ ശങ്കരൻ ട്രാൻസ്ലേററരുടേ ആപ്പീസ്സിൽതന്നേയായിരുന്നു പ്രവൃത്തി എടുത്തിരുന്നതു. 1904-ൽ മാധവിക്കു പതിന്നാലുവയസ്സു പ്രായമുള്ളപ്പോഴായിരുന്നു വിവാഹം കഴിഞ്ഞതു. ഈ വിവാഹവും വളരേ ആഘോഷത്തിൽതന്നേ കഴിഞ്ഞുകൂടി. വിവാഹാനന്തരം തൻേറ കീഴിൽ പുത്രിയുടേ ഭൎത്താവു ഉദ്യോഗത്തിലിരിക്കുന്നതു നിയമവിരോധമായതുകൊണ്ടു മിസ്റ്റർ ശങ്കരന്നു വേറേ വല്ല ഡിപ്പാർട്ടുമെണ്ടിലേക്കും മാററം കൊടുക്കേണ്ടതാണെന്നു നമ്മുടേ ചരിത്രനായകൻ റിപ്പോർട്ടുചെയ്തതനുസരിച്ചു മിസ്റ്റർ ശങ്കരന്നു് ഹൈക്കോ

ടതിയിലേക്കു ട്രാൻസ്സ്ലേററരുടേ ഉദ്യോഗമായി ഒരു മാററവും ലഭിച്ചു. പിന്നീടു ബഞ്ചുക്ലാക്കാവുകയും തലശ്ശേരി ഡിസ്ത്രിക്ട് കോടതിയിൽ ശിരസ്തദാരാവുകയും ചെയ്തു ശേഷം ഇപ്പോൾ അദ്ദേഹം ഒരു മുൻസീപ്പായി പ്രവൃത്തിചെയ്തുവരുന്നു. ഈ ദംപതിമാൎക്കു ഏഴു സന്താനങ്ങളുണ്ടായതിൽ മൂന്നാമത്തെ സന്താനമായ രാഘവൻ ഒഴികേ ബാക്കിയുള്ളവരെല്ലാം ജീവിച്ചിരിപ്പുണ്ടു. തലശ്ശേരിക്കു മാററമായിപ്പോയതുവരേയും ഈ ദംപതിമാരും സന്താനങ്ങളും മദിരാശിയിൽ നമ്മുടേ ചരിത്രനായകന്റെ ഗൃഹത്തിൽതന്നേയായിരുന്നു താമസിച്ചുവന്നതു.

ചരിത്രനായകന്റെ നാലാമത്തേ സന്താനമായ കൃഷ്ണൻ വിദ്യാഭ്യാസം കഴിഞ്ഞശേഷം ബോംപായിൽ പോയി അവിടേ യൂനിയൻ ബാങ്കിൽ ഉദ്യോഗത്തിൽ ഇരിക്കുകയാകുന്നു.

അഞ്ചാമത്തേ സന്താനം മൂന്നു മാസത്തിലധികം ജീവിച്ചിരുന്നില്ലെന്നു മുമ്പു പ്രസ്താവിച്ചുവല്ലോ. സ്വന്തം സന്താനങ്ങൾ അനുഭവത്തിന്നു നാലേ ഉണ്ടായിരുന്നുള്ളൂവെങ്കിലും പൌത്രസന്താനങ്ങൾ എപ്പോഴും കൂടേ ഉണ്ടായിരുന്നതിനാൽ നമ്മുടേ ചരിത്രനായകന്നും പത്നിക്കും ബഹുസന്താനങ്ങളുടേ സന്തോഷാനുഭവം തന്നേയാണുണ്ടായിരുന്നതു.

ശ്രേയോന്മുഖമായ നമ്മുടേ ചരിത്രനായകന്റെ ജീവിതത്തിൽ അദ്ദേഹത്തിന്നു അനുഭവമായ രണ്ടു കഷ്ടസംഭവങ്ങളും കൂടി ഈ അദ്ധ്യായത്തിൽതന്നേ വിവരി

ക്കേണ്ടിയിരിക്കുന്നു. നമ്മുടേ ചരിത്രനായകന്നു മനസ്സിന്നു അത്യന്തം വേദനയുണ്ടാക്കിത്തീൎത്ത ആ അത്യാഹിതം 1916-ലാണുണ്ടായതു. അതു തന്റേ ആദ്യജാതയായ ശ്രീദേവിയുടേ ഭൎത്താവിന്റേ ദേഹവിയോഗമായിരുന്നു. രണ്ടു ദിവസം കിടപ്പിലാകാതേയും ഭാൎയ്യാസന്താനങ്ങൾക്കു യാതൊരു സ്വത്തും കൊടുക്കാതേയുമാണു ഒയിററി കൃഷ്ണൻവക്കീൽ അന്തരിച്ചതു്. മരിച്ച ക്ഷണത്തിൽ അദ്ദേഹത്തിന്റേ സഹോദരന്മാർ വന്നു പെട്ടികളും മുറികളും പൂട്ടി മുദ്രവെച്ചു. ശ്രീദേവിക്കു പ്രാണവല്ലഭന്റേ വിയോഗംകൊണ്ടുണ്ടായ അപാരമായ വ്യസനത്തിന്നിടയിൽ തനിക്കു പിതാവിൽനിന്നു കിട്ടിയ സ്വന്തം സാമാനങ്ങളോ തന്റേയും കുട്ടികളുടേയും ഉടുപ്പുകൾ കൂടിയോ എടുപ്പാൻ കഴിവുണ്ടായില്ല. പുലകുളി മുതലായ അടിയന്തരങ്ങൾ കഴിഞ്ഞാൽ ഭൎത്തൃസഹോദരന്മാർ അക്കാൎയ്യത്തിൽ ആലോചനചെയ്യുമെന്നായിരുന്നു ആ സാധ്വി വിചാരിച്ചിരുന്നതു. പക്ഷേ അതിന്നുള്ള വട്ടമൊന്നും കാണാതിരുന്നതിനാൽ ഭൎത്തൃവിയോഗത്തിന്നു ശേഷം താനും കുട്ടികളും താമസിച്ചുവന്നിരുന്ന ഭൎത്താവിന്റേ തറവാട്ടുവീട്ടിൽനിന്നു കുട്ടികളോടൊപ്പം അപ്പോൾ തലശ്ശേരി വക്കീലായിരുന്ന തന്റേ അമ്മാമൻ മിസ്റ്റർ ടി. കെ. കൃഷ്ണന്റേ വീട്ടിൽ വന്നു താമസിച്ചു. മൂന്നു മാസത്തോളം കഴിഞ്ഞിട്ടും ശ്രീദേവിയമ്മയുടേ സാമാനങ്ങൾ മടക്കിക്കൊടുക്കുന്നതിൽ ഭൎത്താവിന്റേ വീട്ടുകാൎക്കു യാതൊരു ശ്രദ്ധയും കണ്ടില്ല. പിന്നീടു "കണ്ണിയററാൽ മു



ഒയിററി കൃഷ്ണനും ഭാൎയ്യയും.

രട്ടി" എന്നു പറഞ്ഞപ്രകാരം ശ്രീദേവിഅമ്മയും സന്താനങ്ങളും അച്ഛനമ്മമാരുവട അടുക്കേ വന്നുചേൎന്നു.

മരുമക്കത്തായക്കാരുടേ ഇടയിലുള്ള ഈ ഒരു സങ്കടാവസ്ഥക്കു പരിഹാരമാൎഗ്ഗം കണ്ടുപിടിക്കേണ്ടതിന്നു കാലം വൈകിയിരിക്കുന്നു. എത്രയൊ സുഖമായ നിലയിൽ കാലക്ഷേപം ചെയ്തുവന്നിരുന്ന ഭാൎയ്യാസന്താനങ്ങൾക്കു ഭൎത്താവു മരിക്കുന്നതിന്നു മുമ്പായി വല്ലതും ഒസ്യത്തുപ്രകാരം കൊടുത്തിട്ടില്ലെങ്കിൽ മരിച്ച ശേഷം അവൎക്കു യാതൊന്നുംതന്നേ കിട്ടുന്നതല്ലെന്നുള്ള ദുരവസ്ഥ തീൎച്ചയായും മാറേറണ്ടതുതന്നെയാകുന്നു. ബുദ്ധിമാന്മാരായ മനുഷ്യരൊക്കെയും ഈ അവസ്ഥ മുൻകൂട്ടി കണ്ടറിഞ്ഞു അതിന്നു നിവാരണമാൎഗ്ഗം ചിന്തിച്ചുവെക്കും. എന്നാൽ ചിലർ ഉദാസീനത നിമിത്തമോ മറേറാ അങ്ങിനേചെയ്യാൻ വിട്ടുപോയിട്ടുണ്ടെങ്കിൽ അവരുടേ കുടുംബത്തിലേ മററുള്ള അംഗങ്ങൾ ഉദാരമതികളാണെന്നു വരികിൽ തീൎച്ചയായും ഭാൎയ്യാസന്താനങ്ങളേ കഷ്ടപ്പെടുത്താതിരിക്കേണ്ടതിന്നു വേണ്ടുന്നതു പ്രവൎത്തിക്കാതിരിക്കയില്ല. ഇങ്ങിനേയുള്ള സംഭങ്ങളിൽ വിശാലഹൃദയവും ഔദാൎയ്യവും പ്രശംസനീയമാകുംവിധം പ്രദൎശിപ്പിക്കുന്ന മരുമക്കത്തായത്തറവാടുകളും ധാരാളം ഉണ്ടെന്നുള്ളതു ഇവിടെ പ്രസ്താവയോഗ്യമാകുന്നു.

ഒയിററി കൃഷ്ണൻവക്കീലിൻേറ സ്വത്തിന്നു ഭാൎയ്യാമക്കൾ അവകാശികളല്ലെങ്കിലും ശ്രീദേവിയുടെ സ്വന്തം സാമാനങ്ങളും അവളുടേയും കുട്ടികളുടേയും ഉടുപ്പുകളും

മററം അവക്ക മടക്കിക്കിട്ടേണ്ടതിന്നു വ്യവഹാരം നടത്തുകതന്നേ വേണ്ടിവന്നു. നമ്മുടേ ചരിത്രനായകൻേറ മകൾ ശ്രീദേവി കോഴിക്കോട്ടു മുൻസീപ്പു കോടതിയിൽ ഹാജരുണ്ടായിരുന്ന വക്കീൽമാൎക്കും മററം തൻേറ മധുരമായ ഇംഗ്ലീഷുസംസാരംകൊണ്ടു ആശ്ചൎയ്യവും അൻകംപയും ജനിപ്പിച്ചു. മുൻസീപ്പു ആ അമ്മക്ക ഗുണമായ വിധിയും കല്പിച്ചുകൊടുത്തു. വളരെക്കാലത്തോളം ഒന്നിച്ചു സുഖിച്ചിരുന്ന ഭൎത്താവു മരിച്ചപ്പോൾ തീരെ അന്യന്മാർകൂടിച്ചെയ്യാത്ത വിധത്തിൽ ഭൎത്തൃസഹോദരന്മാർ ഭാൎയ്യയോടു പ്രവൎത്തിച്ചു എന്നതിന്നു കോടതികളിൽ ഒരു റിക്കാർഡും കൂടി അധികമായി.

മകളുടേ വൈധവ്യദുഃഖത്തിൽ ഭാഗഭാക്കായിരുന്ന നമ്മുടേ ചരിത്രനായകന്നു അക്കാലത്തു ഇങ്ങിനേ ഒരു വ്യവഹാരത്തിൽ ഏൎപ്പെടേണ്ടിവന്നുവല്ലോ എന്നുള്ള ഒരു വ്യസനംകൂടിയുണ്ടായി. തൻേറ പിൻകാലത്തു മററു സന്താനങ്ങൾക്കുകൂടി ഒരു തണലായി കണ്ടുവെച്ചിരുന്ന കൃഷ്ണൻവക്കീൽ ഇങ്ങിനേ അകാലമരണം പ്രാപിക്കുകയും മകളേയും ആറു ചെറുകിടാങ്ങളെയും അന്യാധാരമില്ലാതേ ആക്കി വിട്ടുപോകയും ചെയ്തപ്പോഴാണു നമ്മുടേ ചരിത്രനായകന്നു തൻേറ ജീവിതത്തിൽ ആദ്യമായി വലിയൊരു മനോവേദനക്കു കാരണമുണ്ടായതു. എന്നാൽ ഈ കാലത്തു മകളുടേ ധൈൎയ്യവും സ്വാതന്ത്ര്യപ്രകടനവും ചിലപ്പോൾ അച്ഛനേക്കൂടി ആശ്ചൎയ്യപ്പെട്ടു

ത്തിയിരുന്നു. അച്ഛന്റെ ക്രൂടേ യാതൊന്നിന്നും ഒരു കുറവും ഉണ്ടായിരുന്നില്ലെങ്കിലും തന്റെ ചെലവിന്നു താൻതന്നേ സംപാദിച്ചുകൊള്ളാമെന്നു വെച്ചാണു ശ്രീദേവിഅമ്മ ഉപാദ്ധ്യായിനിവൃത്തി അംഗീകരിച്ചതു. അതുപോലേ തന്റേ ആദ്യജാതയായ സാവിത്രിയേയും വിദ്യാഭ്യാസം ചെയ്യിക്കുന്നതിലും ബി. ഏ. പരീക്ഷ ജയിച്ചശേഷം ഉദ്യോഗത്തിൽ പ്രവേശിപ്പിക്കുന്നതിലും മാതാവിന്റേ പ്രേരണതന്നേയായിരുന്നു കാൎയ്യമായി ഉണ്ടായിരുന്നതു.

നമ്മുടേ ചരിത്രനായകൻ പിന്നേയും ഒരാപത്തു അനുഭവിച്ചതു 1920-ലാണു. അതു മാധവി എന്ന രണ്ടാമത്തേ പുത്രിയുടേ മൂന്നാമത്തേ മകനായ രാഘവൻ എന്ന കുട്ടിയുടേ മരണമായിരുന്നു. മാധവിഅമ്മയും മക്കളും ഭൎത്താവോടൊന്നിച്ചു 1920 വരേയും അച്ഛനമ്മമാരുടേ ക്രൂടേത്തന്നെയായിരുന്നു താമസം. രാഘവൻ ചെറുപ്പത്തിൽതന്നേ വലിയ ബുദ്ധിശക്തി പ്രദൎശിപ്പിച്ചിരുന്നു. തന്റേ കുടുംബത്തിലുണ്ടായിരുന്ന സന്താനങ്ങളിൽവെച്ചു നമ്മുടേ ചരിത്രനായകന്നു ഈ കുട്ടിയോടു അധികമായ ഒരു പ്രതിപത്തിയും ഉണ്ടായി. അതുപോലേ ഈ ബാലന്നും മുത്തച്ഛനോടു വലിയ അടുപ്പമായിരുന്നു. നന്നെച്ചെറുപ്പത്തിൽതന്നേ മുത്തച്ഛൻ പുരാണകഥകൾ പറയുന്നതു കേൾപ്പാൻ ഇവൻ സദാ ജാഗരൂകനായിരുന്നു. ശ്രീകൃഷ്ണലീലകളേക്കുറിച്ചു കേൾപ്പാൻ ഇവന്നു അധികമായ താൽപൎയ്യമുണ്ടായിരുന്നു.

പലപ്പോഴും ശ്രീകൃഷ്ണനുമായി താൻ ക്രീഡിച്ചിരുന്നതായി സ്വപ്നംകണ്ടുവെന്നു ഈ കുട്ടി മുത്തച്ഛനോടു പറഞ്ഞിരുന്നു. വളരെച്ചെറുപ്പത്തിൽതന്നേ ഈ കുട്ടിയിൽ ദൈവഭക്തി വിശദമായിക്കണ്ടിരുന്നു. ക്രിസ്തുമതാവലംബികൾ തങ്ങളുടേ വീടുകളിൽവെച്ചു ദിനംപ്രതി ദൈവത്തോടു പ്രാൎത്ഥിക്കാറുള്ളതുപോലേ എന്തുകൊണ്ടാണ് നമുക്കു ദൈവത്തേ ആരാധിക്കുന്നതിന്നു വീട്ടിൽ പ്രത്യേകമായി ഏൎപ്പാടുകൾ ഇല്ലാത്തതു എന്നു രാഘവന്റെ ഇടവിടാതേയുള്ള ചോദ്യങ്ങൾക്കു ഉത്തരംമുട്ടി നമ്മുടേ ചരിത്രനായകൻ സ്വന്തം ഭവനത്തിൽ ഒരു ചെറിയ മുറി ദൈവാരാധനയ്ക്കായി നിയമിച്ചുവെച്ചിരുന്നതിൽ ദിവസേനവന്നു ആരാധിക്കുന്നതിന്നു രാഘവനേ യഥേഷ്ടം അനുവദിച്ചു. ഈ ബാലന്നു എട്ടുവയസ്സു പ്രായം ചെന്നപ്പോൾ ഒരു ജ്വരബാധ പിടിപെട്ടു: യോഗ്യന്മാരായ ഡോക്ടർമാരെക്കൊണ്ടു വേണ്ടപോലെ ചികിത്സിപ്പിച്ചുവെങ്കിലും യാതൊരു ഫലവും ഉണ്ടായില്ല. നമ്മുടേ ചരിത്രനായകന്നു ഈ കുട്ടിയുടേ വിയോഗത്തേ ഒരിക്കലും മറക്കാൻ സാധിച്ചില്ല.



രാഘവൻ.

# നാലാം അദ്ധ്യായം.

## ഉദ്യോഗവും മററു പരിശ്രമങ്ങളും.

നമ്മുടെ ചരിത്രനായകന്നു ആദ്യത്തേ ഉദ്യോഗം കണ്ണൂര മിഷ്യൻസ്കൂളിൽ ഹേഡ്മാസ്റ്ററായിട്ടായിരുന്നുവെന്നും ആ ഉദ്യോഗത്തിൽ നാലു കൊല്ലത്തോളം ഇരുന്ന ശേഷമാണ കോഴിക്കോട്ടു ഗവമ്മേണ്ടു സ്കൂളിലേ മലയാളം മുൻഷിയായതെന്നും അതിൽ ആറു കൊല്ലത്തോളം ഇരുന്ന ശേഷമാണ ബി. ഏ. പരീക്ഷക്കു വായിക്കുവാനായി കല്പനക്കപേക്ഷിച്ചപ്പോൾ കല്പന കിട്ടാതിരുന്നതു നിമിത്തം അതു രാജി വെച്ചതെന്നും അതിൽപിന്നേ 1878-ലാണ മദിരാശി പ്രസിഡൻസി കോളേജിൽ മലയാളം മുൻഷി ആയതെന്നും രണ്ടാം അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ടല്ലോ. ആ ഉദ്യോഗത്തിൽ ചേന്നതു മുതൽ മിഡിൽസ്കൂൾ, പിന്നീടു ലോവർസെക്കണ്ടറി, മട്രിക്കുലേഷൻ, എഫ്. ഏ., ബി. ഏ. എന്നീ പരീക്ഷകൾക്ക് ഒക്കെയും പരീക്ഷകനായി ഇദ്ദേഹത്തേ നിയമിച്ചിരുന്നു. അതു കൂടാതേ ഗവമ്മേണ്ടുവക മലയാളപരീക്ഷകൾക്കും ഇദ്ദേഹം തന്നെയായിരുന്നു പരീക്ഷകൻ. മലയാളഭാഷയേ സംബന്ധിച്ച് സർവ്വകലാശാല വകയായോ ഗവമ്മേണ്ടു വകയായോ ഉണ്ടായ സകല ഏപ്പാടുകളും ഇദ്ദേഹത്തിൻെറ അഭിപ്രായപ്രകാരമായിരുന്നു അക്കാലങ്ങളിലൊക്കെയും ചെയ്തുവന്നി

രുന്നതു. പരീക്ഷകന്റേ നിലയിൽ തനിക്കു നേരിട്ടറിവാനും ഇടപെടുവാനും കഴിഞ്ഞവരിൽ യോഗ്യത ഒന്നുമാത്രം പ്രമാണമാക്കി അതുസംബന്ധിച്ച ഉദ്യോഗങ്ങളും പ്രവൃത്തികളും നമ്മുടേ ചരിത്രനായകൻ കൊടുപ്പിച്ചുവന്നു. പരീക്ഷകന്മാരായി തെരിഞ്ഞെടുത്തവരിൽ പലരും ഇന്നകാരണത്താലാണു അല്ലെങ്കിൽ ഇന്നാളുടെ ഏല്പാടുകൊണ്ടാണു തങ്ങൾക്കു ആ ഉദ്യോഗമോ അനുഭവമോ ഉണ്ടായതെന്നും അറിഞ്ഞിരുന്നില്ല. പക്ഷേ അപ്പോഴും സേവനോക്കിയോ, ചാച്ചുനോക്കിയോ മുഖം നോക്കിയോ മാത്രം ഈവക അനുഭവങ്ങൾ തങ്ങൾക്കു സാധിപ്പിച്ചുകൊടുക്കാത്തതുകൊണ്ടു പലക്കും പരിഭവമുണ്ടാകാതിരുന്നിട്ടില്ല. അന്നുണ്ടായിരുന്ന ഗവമ്മേണ്ടുവക പരിഭാഷപ്പരീക്ഷകളിൽ (Translation Higher and Lower) സ്വന്തം ആളുകളായാൽക്കൂടിയും തൃപ്തികരമാംവണ്ണം ഉത്തരം എഴുതാത്തവരേ വിജയികളാക്കിത്തീക്കാതിരുന്നതുകൊണ്ടും ചിലരൊക്കെയും വല്ലാതേ പരിഭവിച്ചിട്ടുണ്ടായിരുന്നു. എന്നാൽ കൃത്യനിഷ്ഠയുള്ള അദ്ദേഹത്തിന്നു അതിലൊന്നും വലിയ ക്രുസലുണ്ടായില്ല. ഏതായാലും സർവ്വകലാശാലക്കാക്കും ഗവമ്മേണ്ടിന്നും അദ്ദേഹത്തോടു വലിയ ബഹുമാനംതന്നെയാണുണ്ടായിരുന്നതു. മദനപ്പള്ളിക്കോളേജ് മദിരാശി സവ്വകലാശാലയോടു ചേൎത്തുകിട്ടേണമെന്നു അപേക്ഷ വന്നപ്പോൾ ആ സ്ഥലത്തുപോയി മലയാളഭാഷയെസംബന്ധിച്ചേടത്തോളമുള്ള എല്ലാ വിവരങ്ങളും നേരിട്ടന്വേഷിച്ചു റി

പ്പോർട്ടുചെയ്യുവാൻ സർവ്വകലാശാലക്കാർ ഇദ്ദേഹത്തേയാണു നിയമിച്ചിരുന്നതു. അതുപോലേതന്നേ മദിരാശി ഗവൎമ്മേണ്ടുവക മലയാളം ട്രാൻസ്ലേററരുടേ ഉദ്യോഗം 1893-ൽ ഒഴിവായിരുന്നപ്പോഴും ആ ഉദ്യോഗം മുൻഷിപ്രവൃത്തിക്കു പുറമേ നമ്മുടേ ചരിത്രനായകന്നുതന്നേ നൽകി. ആദ്യകാലങ്ങളിൽ മലയാളം ട്രാൻസ്ലേററരുടേ ഉദ്യോഗത്തിന്നു പെൻഷൻ ഇല്ലാതിരുന്നതുകൊണ്ടു രണ്ടുദ്യോഗവുംകൂടി നോക്കുന്നതിന്നു വിരോധമുണ്ടായിരുന്നില്ല. പിന്നീടു 1909-ലാണു ട്രാൻസ്ലേററരുടേ ഉദ്യോഗം പെൻഷനുള്ള ഉദ്യോഗമായതും നമ്മുടേ ചരിത്രനായകന്നു ട്രാൻസ്ലേററരുടേ ഉദ്യോഗത്തിൽ കുറേക്കാലംകൂടി ഇരിക്കേണ്ടതിന്നായി മുൻഷിപ്രവൃത്തിയിൽനിന്നു പെൻഷൻവാങ്ങിപ്പിരിഞ്ഞതും.

ഇതിന്നൊക്കേപ്പുറമേ നമ്മുടേ ചരിത്രനായകൻ സർവ്വകലാശാലവക മലയാളം ബോഡ് ഓഫ് സ്റ്റഡീസ് (Board of Studies) എന്ന യോഗത്തിൽ ആദ്യത്തിൽ ഒരംഗമായും പിന്നീടു അദ്ധ്യക്ഷനായും, ദ്രാവിഡഭാഷാ ബോഡ് ഓഫ് സ്റ്റഡീസ് എന്ന യോഗത്തിലെ ഒരംഗമായും, സ്കൂൾബുക്ക് ആൻറ് ലിറററേച്ചർ സൊസൈറ്റി (School book and literature society) എന്ന യോഗത്തിലേ ഒരംഗമായും, ഗവൎമ്മേണ്ടു് ടെക്സ്റ്റ് ബുക്കുകമ്മിററി (Government Text book Committee)യിൽ ആദ്യം ഒരംഗമായും പിന്നീടു അദ്ധ്യക്ഷനായും ഇരുന്നിരുന്നു. ഒടുവിൽ പറഞ്ഞതിൽനിന്നൊഴികേ ബാക്കി എല്ലാററിലും മ

രിക്കുന്നതുവരേയും ആവക സ്ഥാനങ്ങൾ വഹിച്ചുവരി കയും ചെയ്തു.

ഇങ്ങിനേ സിദ്ധിച്ച ഓരോ പദവികൾക്കും പ്രത്യേകം പ്രത്യേകം ചുമതലയും ഉണ്ടായിരുന്നു. ഏററവും കൃത്യനിഷ്ഠയുള്ള നമ്മുടെ ചരിത്രനായകൻ തനിക്കു സിദ്ധിച്ച ഉത്തരവാദിത്വമുള്ള യാതൊരു പദവിയും വെറും ബഹുമാനപദവി മാത്രമാണെന്നു വിചാരിക്കാതേ അവ ഓരോന്നിലും ബന്ധിക്കപ്പെട്ടിരുന്ന കൃത്യങ്ങൾ എത്രയോ പ്രശസ്തരീതിയിൽ നിർവ്വഹിച്ചുവന്നു. ഈ കൃത്യനിഷ്ഠ ഒന്നു മാത്രമാണു ഇദ്ദേഹത്തേ സർവ്വസമ്മതനാക്കിത്തീർത്തു. 1901–ലാണു നമ്മുടെ ചരിത്രനായകനു മദിരാശി്സർവ്വകലാശാലയിലെ "ഫെല്ലോ" (Fellow) എന്ന സ്ഥാനം ലഭിച്ചതു. നാലുകൊല്ലത്തോളം സാധാരണ "ഫെല്ലോ" ആയിരുന്നശേഷം സർവ്വകലാശാലയുടെ നിയമമനുസരിച്ച "ഹോണററി ഫെല്ലോ" (Honorary fellow) ആയിത്തീൎന്നു. മരിക്കുന്നതുവരെ ആ നിലയിൽതന്നെയാണിരുന്നിരുന്നതും. 1913-ൽ മദിരാശി ഗവൎമ്മേണ്ടു ഇദ്ദേഹത്തിന്നു ബഹുമാനപ്പെട്ട പദവിയായ"ഹോണററി പ്രസിഡൻസിമജിസ്ത്രേട്ടു""(Honorary Presidency Magistrate) എന്ന സ്ഥാനവും നൽകി.

പ്രസിഡൻസി കോളേജിൽ മലയാളം മുൻഷിയായിരുന്ന കാലത്തു 1884-ൽ തന്നേ നമ്മുടേ ചരിത്രനായകനോടു മധുര കോളേജിലേക്കു പ്രൊഫസ്സറായിപ്പോകാനിഷ്ടമുണ്ടോ എന്നന്വേഷിച്ചപ്പോൾ അതു സ്വീകരി

ച്ചിരുന്നുവെങ്കിലോ അല്ലെങ്കിൽ 1894-ൽ ബി. എൽ. പരീക്ഷ ജയിച്ചു ഉടനേ ഡിപ്യൂട്ടി കലക്ടരായിപ്പോകാൻ ഇഷ്ടമുണ്ടോ എന്നന്വേഷിച്ചപ്പോൾ അതു സ്വീകരിച്ചിരുന്നുവെങ്കിലോ നമ്മുടെ ചരിത്രനായകൻ അധികം ഉന്നതപദവിയിലെത്തുമായിരുന്നു. ഡിപ്യൂട്ടികലക്ടരുടേ ഉദ്യോഗത്തിന്റെ ശംപളത്തിലുമധികം അക്കാലത്തു സംപാദ്യമുണ്ടായിരുന്നതുകൊണ്ടു മാത്രമല്ല അന്നു നമ്മുടേ ചരിത്രനായകൻ ആ ഉദ്യോഗം സ്വീകരിക്കാതിരുന്നതും. അതിന്നു അദ്ദേഹത്തിന്നുണ്ടായ വൈമുഖ്യത്തിന്നു ഒരു രസകരമായ സംഗതി വേറേയുമുണ്ടായിരുന്നു. ഒരു കൊലക്കേസ്സിൽ യഥാൎത്ഥത്തിൽ കുററം ചെയ്ത ആൾ ഒരു ദരിദ്രനേക്കൊണ്ടു "ഞാനാണു കൊന്നതു" എന്നു പറയിക്കുകയും അങ്ങിനെ സമ്മതിച്ചതിന്നു ഒരു സംഖ്യ പ്രതിഫലമായി കൊടുക്കുകയും ചെയ്തു. ഈ കേസ്സ് വിചാരണ ചെയ്തതു നമ്മുടെ കഥാനായകന്റെ ഉററ മിത്രമായ ഒരു താസിൽദാരായിരുന്നു. അക്കാലത്തു താസിൽദാർമാൎക്ക മജിസ്ത്രേട്ടധികാരവുംകൂടി ഉണ്ടായിരുന്നു. താസിൽദാർ കേസ്സിന്റെ യഥാൎത്ഥതത്വം അറിഞ്ഞിരുന്നുവെങ്കിലും തെളിവുപ്രകാരം ആ നിരപരാധിയെ സെഷൻകോടതിക്കു "കമ്മിററു" ചെയ്യുകയും സെഷൻജഡ്ജി അവനേ തൂക്കിക്കൊൽവാൻ വിധിക്കുകയും ചെയ്തു. ഈ സംഭവം കഴിഞ്ഞതിന്റെ അടുത്ത കാലത്താണു നമ്മുടേ ചരിത്രനായകനോടു ഡിപ്യൂട്ടി കലക്ടരുടേ ഉദ്യോഗം വേണമോ എന്നു അന്വേഷണം ചെയ്തതു. സ്വതേ അധൎമ്മഭീ

രുവും വിനീതനമായ ഇദ്ദേഹത്തിന്നു ആ ഉദ്യോഗത്തിലിരുന്നാൽ നിരപരാധികളേയും ചിലപ്പോൾ ശിക്ഷിക്കേണ്ടിവരുമെന്ന ഭയംകൂടി ഉണ്ടായപ്പോൾ എന്തായാലും തനിക്കു അതു വേണ്ടാ എന്നു തോന്നിയതിൽ അത്ഭുതപ്പെടാനില്ല.

മദിരാശി ഗവർമ്മേണ്ടിൻേറ മലയാളം ട്രാൻസ്ലേറരായിരുന്ന കാലത്തു മററ ദ്രാവിഡഭാഷകളിൽ പരിഭാഷപ്പെടുത്തുന്നതിന്നു എത്രയോ മുമ്പായിട്ടാണ് എല്ലാ കടലാസ്സുകളും മലയാളഭാഷയിൽ പരിഭാഷപ്പെട്ടുത്തിയിരുന്നതു. ഇതിന്നു സംഗതി നമ്മുടെ ചരിത്രനായകൻേറ ഉത്സാഹശക്തി തന്നെയായിരുന്നു. ഒരിക്കൽ ഒരു ചെറുപുസ്തകം എല്ലാ ദ്രാവിഡഭാഷകളിലും പരിഭാഷപ്പെടുത്തേണ്ടതിന്നു ഗവർമ്മേണ്ടിൽനിന്നയച്ചുകിട്ടി. അതു പരിഭാഷപ്പെടുത്തുവാൻ ഒരു മാസത്തോളം വേണ്ടിവരുമെന്നു മററെല്ലാ ട്രാൻസ്ലേററർമാരും അഭിപ്രായപ്പെട്ടു. പക്ഷേ അതു കഴിയുന്ന വേഗത്തിൽ ഗവർമ്മേണ്ടിന്നു കിട്ടേണ്ടതായിരുന്നതുകൊണ്ടു നമ്മുടെ ചരിത്രനായകൻ വീട്ടിൽ കൊണ്ടുപോയി ഒരാഴ്ചകൊണ്ടു പരിഭാഷപ്പെടുത്തിക്കൊടുത്തു. ഇതുകൊണ്ടു മററുള്ള ട്രാൻസ്ലേററർമാൎക്കു സുഖവിരോധത്തിന്നു വഴിയായി എന്നു പറയേണ്ടതില്ലല്ലോ. പിന്നേയും രണ്ടുപുസ്തകങ്ങൾ ഗവർമ്മേണ്ടിൻേറ ആവശ്യപ്രകാരം പരിഭാഷപ്പെടുത്തിക്കൊടുത്തു. അവ ബ്രാൻഡർ എന്നവരുടെ ഗൃഹഭരണതന്ത്രവും (Bander's domestic economy) റോബർട്ട്സൺ എന്നവരുടെ കൃഷിശാസ്ത്രവും (Robertson's agricultural primer) ആയിരുന്നു.

അക്കാലത്തു മലയാളഭാഷയിൽ പാഠപുസ്തകങ്ങൾ വളരേ ദുർല്ലഭമായിരുന്നതുകൊണ്ടു ഗവൎമ്മേണ്ടിൽനിന്നുതന്നേ പാഠപുസ്തകങ്ങൾ എഴുതി ഉണ്ടാക്കിക്കുന്നതിൽ ശ്രദ്ധ വെച്ചിരുന്നു. നമ്മുടെ ചരിത്രനായകൻ ഉണ്ടാക്കിയ മൂന്നാംപാഠപുസ്തകവും നാലാംപാഠപുസ്തകത്തിന്റെ ഒന്നാം ഭാഗവും അവ വായിക്കുവാനിടവന്നിട്ടുള്ളവരാരും ഇപ്പോഴും മറന്നിരിക്കയില്ല. നാലാംപാഠപുസ്തകത്തിന്റെ രണ്ടാംഭാഗം ഉണ്ടാക്കിയതു ഡിപ്യൂട്ടി കലക്ടരുടേ ഉദ്യോഗത്തിൽനിന്നു ഇപ്പോൾ പെൻഷൻ വാങ്ങിയിരിക്കുന്ന ദിവാൻബഹദൂർ ജി. ടി. വൎഗ്ഗീസ്സ് ബി. ഏ. അവർകളായിരുന്നു. ഈ പുസ്തകങ്ങൾ ഇപ്പോൾ പ്രചാരത്തിലില്ലാത്തതു മലയാളിവിദ്യാൎത്ഥികളുടെ നിൎഭാഗ്യംകൊണ്ടുതന്നേ ആയിരിക്കേണം. ഇതുകളുടേ "കോപ്പിറൈറ്റ്" ഗവൎമ്മേണ്ടു പ്രതിഫലം കൊടുത്തു വാങ്ങിയിരിക്കകൊണ്ടു മററാൎക്കും പ്രസിദ്ധീകരിക്കാനും പാടില്ലാതേ വന്നിരിക്കുന്നു.

ഹരിഹരയ്യർ എന്നു പേരായ ഒരാൾക്കു നമ്മുടേ ചരിത്രനായകൻ പ്രതിഫലം കൂടാതേ ഒരു മലയാളം പ്രീമർ പുസ്തകം ഉണ്ടാക്കിക്കൊടുത്തതു പിന്നീട് അയാൾ മാക്ക്മില്ലൻ കംപനിക്കാൎക്കു അവകാശം വിററവഴി ഇപ്പോഴും ആ കംപനിക്കാർ പ്രചാരത്തിൽ വരുത്തിക്കൊണ്ടിരിക്കുന്നുണ്ടു. മാർസ്ഡൻസായ്വിന്നുവേണ്ടി ഒന്നു മുതൽ നാലുവരേ സ്റ്റാണ്ടാൎഡ് റീഡർ പുസ്തകങ്ങൾ പിഴ തീൎത്തുകൊടുത്തതും ഒന്നു മുതൽ ഏഴുവരെ ഫോറം

റീഡർ എഴുതികൊടുത്തതും നമ്മുടേ ചരിത്രനായകൻതന്നേയാണ. എട്ടും ഒമ്പതും ഫോറം റീഡർ പുസ്തകങ്ങൾ നമ്മുടേ ചരിത്രനായകനും മിസ്റ്റർ ജോസഫ് മൂളിയിലും കൂടിയാണ എഴുതിയതു. ഇതുകൂടാതേ മാർസ്ഡൻ സായ്പിന്നു വേണ്ടി ഒരു ഇന്ത്യാചരിത്രവും ഇന്ത്യാചരിത്രത്തിൽനിന്നുള്ള ചെറുകഥകൾ എന്ന ഒരു പുസ്തകവും എഴുതിക്കൊടുത്തിട്ടുണ്ടു. നമ്മുടെ ചരിത്രനായകൻ സ്വന്തമായിട്ടുതന്നേ വേറേ ഒരിന്ത്യാചരിത്രവും ഏഷ്യാഭൂഖണ്ഡത്തിന്റേയും യൂറോപ്പുഭൂഖണ്ഡത്തിന്റേയും ഭൂമിശാസ്ത്രവുംഎഴുതിപ്രസിദ്ധംചെയ്തിട്ടുണ്ടു. മോറിസൺസായ്പിന്റെ "ഇന്ത്യയുംബർമ്മയുംസിലോണും(India, Burma and Ceylon) എന്ന ഭൂമിശാസ്ത്രം അദ്ദേഹത്തിന്നു ആരോ പരിഭാഷപ്പെടുത്തിക്കൊടുത്തതിൽ എത്രയോ പിഴകൾ ഉണ്ടായിരുന്നതിനാൽ പിഴ തീക്കുവാനായി അദ്ദേഹം അതു് നമ്മുടേ ചരിത്രനായകനേ ഏല്പിച്ചു. അതും വളരേ കരുതലോടും കൂടി വായിച്ചു പിഴ തീൎത്തുകൊടുത്തു. പ്രസിഡൻസി കോളേജിൽ ഒരു പ്രൊഫസ്സറായിരുന്ന സുബ്രഹ്മണ്യയ്യർ ഇംഗ്ലീഷിൽ എഴുതിയ "Elements of civics" എന്ന പുസ്തകം "പ്രജാധൎമ്മസംഗ്രഹം" എന്ന പേരിൽ അദ്ദേഹത്തിന്റേ ആവശ്യപ്രകാരം പരിഭാഷപ്പെടുത്തിക്കൊടുത്തു.

മദിരാശി സർവ്വകലാശാലക്കാർ പാഠപുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തിയിരുന്നവയിൽ പദ്യഭാഗങ്ങൾ തെരിഞ്ഞെടുക്കുന്നതിന്നു യാതൊരുപ്രയാസവുമുണ്ടായിരുന്നി



ഒയിററി കൃഷ്ണൻ ബി. ഏ. ബി. എൽ.

മുനിസിപ്പാൽ ചേർമാൻ, കോഴിക്കോട്.

ല്ല. മുമ്പുണ്ടായിരുന്ന കവികൾ ഗദ്യത്തിൽ കവിതയെ ഴുതുകയെന്ന സംപ്രദായമേ ഇല്ലാതിരുന്നതുകൊണ്ടു സ ർവ്വകലാശാലക്കാരുടേ ആവശ്യപ്രകാരം ഗദ്യഭാഗങ്ങ ൾ ഏകദേശം പത്തുസംവത്സരങ്ങളോളം നമ്മുടെ ച രിത്രനായകൻതന്നേ ഉണ്ടാക്കിച്ചേൎക്കേണ്ടിവന്നു. ഗദ്യ ങ്ങൾക്കു മാതൃകപോലുമില്ലാതിരുന്ന അക്കാലത്തു രാമ ചരിതം, സാവിത്രി, നളകഥ, മഹാവീരചരിതം, സ്വയം സഹായം സഹായം, ചന്ദ്രഹാസൻ മുതലായ ഗദ്യപ്ര ബന്ധങ്ങളെല്ലാം നമ്മുടെ ചരിത്രനായകൻ എഴുതിയവ യാണ്. ബാസൽമിഷ്യൻകാൎക്കുവേണ്ടി ആരോ ഒരാൾ "ലഘുശബ്ദകോശം" എന്ന പേരിൽ ഇംഗ്ലീഷും മലയാ ളവും ചേൎന്ന ഒരു അകാരാദി (Crown Anglo-Vernacular Dictionary) എഴുതിയതിൽ മലയാളം സൎവ്വാബദ്ധമാ യിരുന്നതു പിഴതീൎത്തതിന്നു നമ്മുടേ ചരിത്രനായകന്നു അവർ എഴുനൂററമ്പതുറുപ്പിക പ്രതിഫലം കൊടുത്തു. നമ്മുടേ ചരിത്രനായകനും, പ്രസിദ്ധനായ ശേഷഗിരി പ്രഭുവുംകൂടി എഴുതിയതാണു ഇപ്പോഴും പ്രചാരത്തിലി രിക്കുന്ന "ബാലവ്യാകരണം". ഇതിന്റേ പകൎപ്പവകാശ വും ഇവർ രണ്ടുപേരിലുംകൂടിയാണിരിക്കുന്നതു.

മേൽവിവരിച്ചവയും മററുമായി എപ്പോഴും സാ ഹിത്യവിഷയങ്ങളിൽ ഏൎപ്പെട്ടുകൊണ്ടുതന്നേയാണു ന മ്മുടേ ചരിത്രനായകൻ കാലം കഴിച്ചുവന്നിരുന്നതെന്നു പറഞ്ഞാൽ മതിയല്ലോ. അദ്ദേഹത്തിന്റേ പദ്യങ്ങളുടേ ആസ്വാദ്യത കാണിക്കുവാനായി ചിലതു താഴേ ചേ ൎക്കുന്നു.

"വണ്ണംതിരണ്ട നെടുവാലതുയൎത്തി പിൻകാൽ
തിണ്ണം ചരിച്ചതിലമൎന്നു കരങ്ങൾപൊക്കി
കണ്ണും തുറിച്ചു കുരുകായിവകാൻതിന്നും
അണ്ണാനതാക്കു നയനോത്സവമേകിടാത്തു."

* * * *

"പണ്ടാഴിബന്ധിച്ചുളവിണ്ടൽനീക്കി
വേണ്ടുന്നതാകും പടിചെയ്തമൂലം
കൊണ്ടാടിരാമൻ തഴകിക്കരത്താ
ലുണ്ടായിപോൽ ഹന്ത വലിത്രയങ്ങൾ."

* * * *

"കടംകൊണ്ടുകഴിപ്പോൻ ദു
ഷ്ടടേ വീണുഴലും ദൃഢം
കടംകൊണ്ടുളവാകും സം
കടം ചൊല്ലുയസാദ്ധ്യമാം"

* * * *

"ചിരിച്ചുവാങ്ങുന്നു കടം നരന്മാർ
തിരിച്ചുവീട്ടാനരുതാതെയാംപോൾ
വരിച്ചിടുന്നുണ്ടുണ ദാതൃദാസ്യം
ഇരിപ്പതിൽനന്നു മരിപ്പതെന്നാം"

* * * *

"ഒരുനാൾ ഇരക്രുടാതിരിപ്പതരിപ്പമാ
ണിരുനാളേക്കുമൊന്നായ് ചെൽതുകയ്യതാനും
അരുതുനിന്നെപ്പൊറുപ്പിക്കെന്നതുദരമേ
ചെറുതെന്നാലും കരുമനതേ പെരുതയ്യോ"

* * * *

"കനംകുറഞ്ഞുള്ള മരങ്ങൾ മൂന്നാ
ലണച്ചിണച്ചായതിലേറിനിന്നുടൻ
കണക്കുവെക്കാതലവന്നവങ്കടൽ
ഗ്ഗമിക്കവേവോൻ ശീർന്നതില്ല സംശയം"
* * * *
"കാണുന്ന പൊങ്ങിയലമേലൊരുകാണിനേരം
കാണാതെയാകുമടിയിൽ ബത താണുപിന്നേ
ചേണാന്നതല്ലുമലതള്ളിയുരുട്ടിയിട്ടാ
ലാണതപമാന്ന കുതികൊണ്ടതിലേറിനിൽക്കും"
* * * *

## സാവിത്രിയുടെ സ്തുതി.

കാലകാലദയിതേ ദയനീയേ
കാലിണക്കു പണിയുന്നതിവേലം
കാലദോഷവശനെന്നുടെ കാന്തം
പാലയാഖില ശുഭപ്രദശീലേ.
* * * *
സത്യതല്പരനതീവഗുണീമെൻ
സത്യവന്തമിഹ പാലയദേവീ
മൃത്യുദുഃഖമവനെത്തിടവായ്വാൻ
അത്യുദാരമരുൾചെയ്ക വരംമേ.
* * * *
ഇറന്നിതെൻ നായകനെന്നുവന്നാ
ലിരുന്നിടന്നോളിവളല്ലദേവീ
ഇരിക്കവൈധവ്യമൊടെന്നതേക്കാൾ
മരിക്കയത്രേ സതിമാക്കു ധമ്മം.

നമ്മുടെ ചരിത്രനായകൻ ഒന്നാംതരം ഫലിതക്കാരനായിരുന്നു. ഗ്രന്ഥവിസ്താരത്തെ ഭയപ്പെട്ട ഇതിന്നുദാഹരണമായി ഒന്നുമാത്രമേ ഇവിടേ ഉദ്ധരിക്കുന്നുള്ളു.

തീവണ്ടിയാത്രയിലൊരിക്കൽ കൂടേ ഉണ്ടായിരുന്നവരോടുകൂടി ലഘുഭക്ഷണത്തിന്നായി ഒരു റിഫ്രെഷ്മെണ്ട റൂമിൽ പോവാൻ തുടങ്ങിയപ്പോൾ കൂട്ടത്തിലൊരാൾ മൂത്രശങ്കക്കുവേണ്ടി പോവുകയും അപ്പോൾ അയാൾ "ഞാൻ ഇതാ എത്തിപ്പോയി. അല്പം മൂത്രം കഴിച്ചു വന്നുകളയാം" എന്നു പറഞ്ഞു ഉടനെ അദ്ദേഹം സ്വതേ ഉള്ള തന്റെ മൃദുസ്വരത്തിന്നു യാതൊരു മാററവും വരുത്താതെ "വേണ്ട കിട്ടു, ചായവാങ്ങിത്തരാം" എന്നു പറയുകയുണ്ടായി.

നമ്മുടെ ചരിത്രനായകൽ ഭാര്യാസമേതനായി വന്നപ്പോൾ ആദ്യമായി താമസിച്ചതു ചിന്താദ്രിപ്പേട്ടയിലായിരുന്നുവെന്നു മുമ്പു പ്രസ്താവിച്ചുവല്ലോ. 1891 വരേ അവിടെത്തന്നേയായിരുന്നു താമസം. പിന്നീടു രണ്ടു കൊല്ലത്തോളം മൈലാപ്പൂരിൽ താമസമാക്കി. അതിന്നുശേഷം എഗ്മൂരിൽവന്നു. ആദ്യമായി റിപ്പൺവില്ല (Ripon Villa) എന്ന വീട്ടിലായിരുന്നു താമസിച്ചതു. പിന്നീടു "ശ്രീരംഗവിലാസം" എന്ന വീട്ടിലേക്കു മാറി. നമ്മുടേ ചരിത്രനായകനും കുടുംബവും ചെന്നു കൂടിയപ്പോൾ ഈ വീട്ടിന്നു മാളികയുണ്ടായിരുന്നില്ല. മാളികയെടുപ്പിക്കേണ്ടതിന്നു രണ്ടായിരം ഉറുപ്പിക ചെലവുണ്ടാകുമെന്നും ആ സംഖ്യ സഹായമായി കടംകൊടുത്താൽ

മാളിക എടുപ്പിച്ചതരാമെന്നും വീട്ടുടമസ്ഥൻ പറഞ്ഞതു പ്രകാരം നമ്മുടേ ചരിത്രനായകൻ രണ്ടായിരം ഉറുപ്പിക കൊടുക്കുകയും, മാളികക്കു വാടക കൊടുക്കേണ്ടതില്ലെന്നും വീടുവിട്ടുപോകുംപോൾ ചെലവായ രണ്ടായിരം ഉറുപ്പിക മടക്കികൊടുക്കാമെന്നും ഉള്ള നിശ്ചയത്തിന്മേൽ ആ വീട്ടിൽതന്നെ താമസിച്ചുവരികയും ചെയ്തു. അങ്ങിനേയിരിക്കേ മദിരാശിയിൽ ഒരുകുറി കലശലായ വൎഷം ഉണ്ടായപ്പോൾ വീട്ടിന്റെ താഴത്തെ നിലയിലേ ഒരു വാതിൽ വീണുപോയി. അതു നന്നാക്കി,വെച്ചുകൊടുപ്പാനായി എത്ര ആവശ്യപ്പെട്ടിട്ടും വീട്ടുമടസ്ഥൻ ക്രുട്ടാക്കിയില്ല. വീട്ടുടമസ്ഥന്റെ ഉദാസീനതകൊണ്ടു ബുദ്ധിമുട്ടു സഹിക്കാൻ വയ്യാതായപ്പോൾ സ്വന്തമായി ഒരു വീടു പണിയിച്ചാലോ എന്ന വിചാരം നമ്മുടേ ചരിത്രനായകന്നുണ്ടായി. ഉത്സാഹശീലനായ അദ്ദേഹത്തിന്നു ആ വിചാരം സഫലമാക്കിത്തീൎപ്പാൻ അധികകാലം വേണ്ടിവന്നില്ല. പൂനമല്ലിഹൈറോഡിന്നു സമീപം വീടുപണിയിക്കത്തക്ക വലിയ ഒരു ഒഴിഞ്ഞ സ്ഥലം വിൽക്കുവാനുണ്ടായിരുന്നതു ഉടനെ വാങ്ങാമെന്നും തീൎച്ചപ്പെടുത്തി. അൎബ്ബത്തനട്ട് ബാങ്കിൽപലിശക്കിട്ടിരുന്ന തന്റേ പണം മുഴുവനും ഈ ആവശ്യത്തിലേക്കായി വാങ്ങി. കാലതാമസംക്രുടാതേ അൎബ്ബത്തനട്ടു ബാങ്കും പൊളിഞ്ഞു.

ശ്രീരംഗവിലാസത്തിന്റെ വീട്ടുടമസ്ഥൻ വീണുപോയ വാതിൽ വെച്ചുകൊടുക്കാഞ്ഞതുകൊണ്ടു നമ്മു

ടേ ചരിത്രനായകന്നു താൻ പ്രയത്നിച്ചു സംപാദിച്ച പ
ണം അദ്ദേഹത്തിനു് ബാങ്കുകാൎക്കു കൊടുക്കാതേ കഴിക്കാ
നിടവന്നു. ഇങ്ങിനെ നാം പ്രതീക്ഷിക്കാതേ ഓരോ തര
ത്തിൽ ദൈവം നമുക്കു പ്രതികൂലമെന്നു പ്രഥമദൃഷ്ടി
ത്തിൽ തോന്നിക്കുന്ന സംഭവങ്ങൾകൊണ്ടു പിന്നീടു ഗു
ണകരമായ അനുഭവങ്ങൾ വരുത്തുമാറുണ്ടെന്നു നാം എ
ല്ലായ്പോഴും ഓൎക്കേണ്ടതാണ്.

വീടു പണിയിക്കാനായി സ്ഥലം വാങ്ങിയ ഉട
നേ വീട്ടുപണിക്കുള്ള ആരംഭവുമായി. വീട്ടിന്റേ പ്ലാൻ
വരച്ചതു ഭാൎയ്യതന്നെയായിരുന്നു. വീട്ടിന്നു "ലക്ഷ്മീവിലാ
സം" എന്ന പേരും കൊടുത്തു. വീട്ടുപണി പൂൎത്തിയായ
കാലത്താണു അപ്പോൾ യുവരാജാവായിരുന്ന ഇപ്പോഴ
ത്തേ ജോർജ്ജ് ചക്രവൎത്തി മദിരാശിപട്ടണം സംദൎശി
ച്ചതു. രാജകുമാരന്റേ വരവിനേസംബന്ധിച്ചു നാട്ടുരാ
ജാക്കന്മാരെല്ലാം മദിരാശിയിൽ എത്തിച്ചേരേണമെ
ന്നു കാണിച്ചു ഗവൎണ്ണർ ക്ഷണനപത്രം അയച്ചിരുന്നതി
നാൽ അന്നു കേരളത്തിലുണ്ടായിരുന്ന മിക്ക രാജാക്ക
ന്മാരും മദിരാശിയിൽ സന്നിഹിതരായിരുന്നു. അക്കൂട്ട
ത്തിൽ നമ്മുടേ ചിറക്കൽതംപുരാനുമുണ്ടായിരുന്നു. അ
ദ്ദേഹത്തിന്നു താമസിക്കാൻ പുതുതായി പണിതീൎന്ന ല
ക്ഷ്മീവിലാസം ആയിരുന്നു ഏൎപ്പെടുത്തിയിരുന്നതു. തംപു
രാന്റേ താമസത്തിന്നു സൌകൎയ്യങ്ങൾ വരുത്തേണ്ടതി
ന്നു വേണ്ട ദ്രവ്യം ചെലവുചെയ്യുവാൻ നമ്മുടേ ചരിത്ര
നായകൻ മടികാണിച്ചില്ല. നീരാട്ടുകുളി മുങ്ങികുളി ആ



ചരിത്രനായകന്റേ ഭാര്യ.

വേണ്ടതിന്നു ലക്ഷ്മീവിലാസത്തിലേ കുളിമുറി ഒരു കെട്ടിപ്പുട്ടത്ത ചെറിയ മണിക്കുളമാക്കിത്തീൎത്തു. അക്കാലത്തു വിദ്യുച്ഛക്തിവിളക്കുകൾ ഇല്ലാതിരുന്നതുകൊണ്ടു ലക്ഷ്മീവിലാസത്തിലും തൊടിയിൽ നാനാഭാഗങ്ങളിലും ഗാസ്‌വിളക്കുകൾ വെപ്പിച്ചു. രാജകുമാരന്റെ വരവുനിമിത്തം വലിയ ആഘോഷത്തോടുകൂടിയിരുന്ന മദിരാശിപ്പട്ടണത്തിൽ പുതുക്കംകൊണ്ടും അലംകാരങ്ങൾകൊണ്ടും അതിയോഗ്യത തോന്നിയിരുന്ന ലക്ഷ്മീവിലാസത്തിൽ ചിറക്കൽ തംപുരാനും പരിവാരസമേതം എത്തിച്ചേൎന്നു. മദിരാശിയിൽ ഒരു പ്രധാന സ്ഥലമായ പൂനമല്ലിഹൈറോഡിൽ ഇത്ര വിശേഷപ്പെട്ട ഒരു വീട്ടിൽ താമസിച്ചുവന്ന ചിറക്കൽ തംപുരാനേക്കുറിച്ചു തമിഴരുടേ ഇടയിൽ "മലയാളത്തുരാജാവു" എന്നു പ്രസിദ്ധിയുമുണ്ടായി. മദിരാശിയിൽ തംപുരാൻ താമസിച്ചിരുന്ന ദിവസങ്ങളിലൊക്കെയും നമ്മുടേ ചരിത്രനായകനും കൂടെത്തന്നേ ഉണ്ടായിരുന്നു. മദിരാശി ഗവൎണ്ണരുമായി കൂടിക്കാഴ്ചയുണ്ടായപ്പോൾ ഭാഷാന്തരംചെയ്തുകൊടുക്കാനും ഇദ്ദേഹംതന്നേയായിരുന്നു. ഇതുകൊണ്ടൊക്കെയും തംപുരാന്നു വലിയ സന്തോഷമുണ്ടായി എന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ.

ചിറക്കൽതംപുരാൻ യാത്രയായതിൽശേഷമാണു നമ്മുടേ ചരിത്രനായകനും കുടുംബവും ലക്ഷ്മീവിലാസത്തിൽ താമസമാക്കിയതു. ലക്ഷ്മീവിലാസത്തിന്റെ വടക്കുവശത്തായി വളരേ വിശാലമായ ഒരു സ്ഥലം ഒഴി

ഞ്ഞുകിടന്നിരുന്നു. അവിടേ ഒരു വീടുകൂടി എടുപ്പിക്കുവാൻ നല്ല സൌകൎയ്യവും ഉണ്ടായിരുന്നു. രണ്ടാമത്തും വീടെടുപ്പിക്കുവാൻ നമ്മുടേ ചരിത്രനായകൻ സാമാനങ്ങൾ ശേഖരിച്ചുതുടങ്ങി. ആദ്യത്തേ ലക്ഷ്മീവിലാസം വീടു പണിതീൎന്നു പത്തുകൊല്ലം കഴിയുന്നതിന്നു മുമ്പായിത്തന്നേ രണ്ടാമത്തേ വലിയ വീടും പണികഴിഞ്ഞു. ഈ വീടിന്നാണു ചില സംഗതികളിൽ ആദ്യത്തേതിലും സൌകൎയ്യം കൂടുന്നതു. ഒന്നാമതായി റോഡിൽനിന്നു ഏകദേശം അരഫർല്ലോങ്ങ് വിട്ടിട്ടായതിനാൽ പൊടിയുടേ അസൌകൎയ്യം അശേഷംപോലുമില്ല. രണ്ടാമതു നിരത്തിലുണ്ടാവുന്ന യാതൊരു ബഹളവും വീട്ടിലേക്കു അറിയുകയേ ഇല്ല. സ്ഥലവും ധാരാളമുണ്ടു്. രണ്ടു വീടുകളും തമ്മിൽ യാതൊരു ബന്ധവും ഇല്ലാതേ കിടങ്ങുകൾ കൊണ്ടു വേർതിരിച്ചുവെച്ചശേഷം ഒന്നാമത്തേവീടു വാടകക്കു കൊടുക്കുകയും രണ്ടാമത്തെ വീടു സ്വന്തം ഉപയോഗത്തിന്നായി എടുക്കുകയും ചെയ്തു. മദിരാശിയിൽ എത്രയോ യോഗ്യന്മാരായ മലയാളികൾവന്നു താമസിച്ചിരുന്നുവെങ്കിലും സ്വന്തമായി വീടു പണിയിച്ചതിൽ നമ്മുടെ ചരിത്രനായകൻതന്നേയാണു ഒന്നാമൻ.

രണ്ടുവീടുകൾ അനാവശ്യമാണെന്നും നല്ല വില കിട്ടുന്നതായാൽ ഒന്നു വിക്രയംചെയ്തുകളയാമെന്നും നമ്മുടെ ചരിത്രനായകൻ മുമ്പേതന്നേ തീർച്ചപ്പെടുത്തിയിരുന്നുവെങ്കിലും ആദ്യം പണിയിച്ച വീടു വിൽക്കുന്നതിന്നു 1917-ലേ സംഗതിയായുള്ളു. അന്നു അതിന്നു അമ്പ

തിനായിരം ഉറപ്പിക വിലകിട്ടുകയും ചെയ്തു. രണ്ടാമത്തേ ലക്ഷ്മീവിലാസവും നല്ല വില കിട്ടിയാൽ വിക്രയം ചെയ്തു നാട്ടിൽപോയി ബാക്കിയുള്ള ജീവിതകാലം നാട്ടിൽതന്നേ താമസിക്കേണമെന്നായിരുന്നു നമ്മുടേ ചരിത്രനായകൻേറ ഉദ്ദേശമെങ്കിലും അദ്ദേഹത്തിന്നു ആ ഭവനത്തിൽവെച്ചു മരിക്കാനായിരുന്നു യോഗം.

---

## അഞ്ചാം അദ്ധ്യായം.

---

### ഉപസംഹാരം.

"ഉത്സാഹിനം പുരുഷസിംഹമുപേതിലക്ഷ്മി" എന്ന തത്വത്തേ മുൻനിൎത്തി ന്യായമായ പന്ഥാവിൽനിന്നു വ്യതിചലിക്കാതേ നിരന്തരം പരിശ്രമിക്കുന്നതായാൽ എത്ര എളിയ നിലയിലിരുന്നവനായാലും ഉന്നതസ്ഥാനത്തിന്നൎഹനാകുമെന്നു നമ്മുടേ ചരിത്രനായകൻേറ ജീവിതത്തിൽ നിന്നു തെളിയുന്നുണ്ടല്ലോ. മുൻ വിവരിച്ചതിൽനിന്നു അദ്ദേഹം ആദ്യകാലങ്ങളിൽ എത്രത്തോളം കഷ്ടപ്പെടേണ്ടിവന്നിട്ടുണ്ടെന്നും നമുക്കു മനസ്സിലാകുന്നതാണ്. ജാതകപരീക്ഷ ചെയ്തപ്പോൾ ഇംഗ്ലീഷുവിദ്യാഭ്യാസത്തിന്നു പററുന്നവനല്ലെന്നു ജ്യോതിഷക്കാരൻ അഭിപ്രായപ്പെട്ടതു മററുള്ളവരെല്ലാം വിശ്വസിച്ചുവെങ്കിലും നമ്മുടേ ചരിത്രനായകന്നു അതിൽ അശേഷം വിശ്വാസമുണ്ടായില്ല. തൻേറ സ്ഥിരോത്സാഹംകൊണ്ടു ജാതക

ഫലം മാററവാൻ സാധിക്കുമെന്നായിരുന്നു അദ്ദേഹത്തിൻെറ വിശ്വാസം. ആ വിശ്വാസത്തിൻെറ ഫലമായി പിന്നീടു അങ്ങിനെതന്നേ വന്നുകൂടുകയും ചെയ്തു. ബാലനായിരിക്കുമ്പോൾ നമ്മുടേ ചരിത്രനായകൻ പ്രദശിപ്പിച്ച സ്ഥൈൎയ്യവും പരിശ്രമശീലവും ഏതു കുട്ടികൾക്കും അനുകരിക്കത്തക്ക ആദൎശമായിരിക്കേണ്ടതാകുന്നു.

---

ഏഴുവയസ്സു പ്രായത്തിൽ വസൂരി പിടിപെട്ടതിൻെറ ഫലമായി ഇടത്തേകണ്ണിൽ ഒരു കല വന്നുപോയതിനാൽ ആ കണ്ണിന്നു കാഴ്ചയില്ലാതായതു മുതൽ ആ അംഗഹീനത പിന്നീടു ഏറിയകാലം നമ്മുടേ ചരിത്രനായകനു മനസ്സിന്നു ശല്യമായിത്തീൎന്ന പലേ സന്ദൎഭങ്ങളും ഉണ്ടാക്കിത്തീൎത്തു. എന്തു സംഗതിക്കെങ്കിലും ആക്കെങ്കിലും വല്ലപ്പോഴും അദ്ദേഹത്തെക്കുറിച്ചു ആക്ഷേപമായി പ്രസ്താവിക്കേണ്ടിവരുമ്പോഴൊക്കെയും ആ നഷ്ടമായ അവയവത്തെ സൂചിപ്പിച്ചുകൊണ്ടായിരുന്നു അങ്ങിനേ ചെയ്തുവന്നിരുന്നതു. ചെറുപ്പകാലത്തൊക്കെയും ഇതു കേൾക്കുമ്പോൾ ഈ ബാലനു വലിയ വിഷാദമുണ്ടായി. നിസ്സാരസംഗതികൾ കൂടി ഗൌരവമുള്ളവയായി കരുതി ആലോചിക്കുന്നതായിരുന്നു ഈ ബാലൻെറ പ്രകൃതി. ഇങ്ങിനേ ആലോചിച്ചിരുന്നതുകൊണ്ടാണു നമ്മുടേ ചരിത്രനായകനു ബാല്യകാലത്തു കുട്ടികളിൽ കണ്ടുവരാറുള്ള ദുൎന്നടവടികളിലൊന്നിലും അകപ്പെടാതേ വളൎന്നുവരാനും തൻമൂലം പിന്നീടു ഉത്തമരീതിയിൽ ദാം

പത്ന്യസുഖം പരിപൂൎണ്ണമായി അനുഭവിപ്പാനും ഇടവന്നു. കാലമാകുന്നതിന്നു മുമ്പായിത്തന്നേ ചാപല്യങ്ങൾ തുടങ്ങുന്ന ബാലന്മാൎക്ക യൌവനം വന്നെത്തുന്നതിന്നു മുമ്പായിത്തന്നേ ദേഹസുഖം ഇല്ലാതായി, പരിശുദ്ധമായ ദാംപത്ന്യസുഖം ഇന്നതാണെന്നു തീരേ അറിയാൻ നിവൃത്തിയില്ലാതേ വരുന്നു എന്നുള്ള വാസ്തവ തത്വവും ചെറുപ്പകാലത്തു തന്നേ ആരും അറിഞ്ഞിരിക്കേണ്ടതാണല്ലോ.

ദൈവഗത്യാ വന്നു ചേരുന്ന വൈരൂപ്യത്തേയോ അംഗഹീനതയേയോ സൂചിപ്പിച്ച അനാവശ്യമായി ഊന്നിപ്പറയുന്ന സംപ്രദായം യോഗ്യന്മാരെന്നു നടിക്കുന്ന ചിലരിലും കൂടി നാം പ്രായേണ കണ്ടുവരുന്നു. സംസാരിക്കാൻ വയ്യാത്തവനേക്കുറിച്ച പൊട്ടനെന്നും ചെകിട്ടു കേൾക്കാൻ വയ്യാത്തവനേക്കുറിച്ച ചെകിടനെന്നും നടക്കാൻ നല്ല സ്വാധീനമില്ലാത്തവനേക്കുറിച്ച ചട്ടു അല്ലെങ്കിൽ നൊണ്ടി എന്നും മററും അവരുടേ പേരിന്നു ചേൎത്തു വിളിക്കുന്നതു സാധാരണ സംപ്രദായമായിത്തീൎന്നിരിക്കുന്നു. ഏററവും നികൃഷ്ടമായ ഈ സംപ്രദായം ഒരിക്കലും അനുകരണീയമല്ലെന്നു ആലോചനയുള്ളവൎക്ക ബോദ്ധ്യം വരുന്നതാണ. വൈരൂപ്യമോ അംഗഹീനതയോ വന്നു പോയിട്ടുള്ളവൎക്ക അതു അവരുടേ തെററുകൊണ്ടു വന്നിട്ടുള്ളതല്ലെന്നുള്ള കഥയോ അതേ വിധത്തിലോ അതിലധികമോ തങ്ങൾക്കും വന്നു കൂട്ടുവാൻ യാതൊരു പ്രതിബന്ധവുമില്ലെന്നുള്ള അവസ്ഥ

യൊ ആ വകക്കാർ വിസ്മരിച്ചുകളയുന്നു. നമ്മുടേ ചരിത്രനായകനേ സംബന്ധിച്ചേടത്തോളം അസൂയാകലുഷമായ മനസ്സുകൊണ്ടാലോചിച്ചു അദ്ദേഹത്തിൽ ദോഷാരോപണത്തിന്നു വഴി കാണാതിരിക്കുംപോൾ അദ്ദേഹത്തിൻേറ അഭ്യുദയത്തിൽ അക്ഷമരായ ചില ദുർമ്മതികൾ യാതൊരു സങ്കോചവും കൂടാതേ അദ്ദേഹത്തേക്കുറിച്ചും ഇങ്ങിനെ ചിലതൊക്കെ പറഞ്ഞുവന്നിരുന്നു എന്നു വ്യസനസമേതം പറഞ്ഞുകൊള്ളുന്നു. ഒരു സമസൃഷ്ടിയുടേ മനസ്സിന്നു വേദന കൊടുക്കുന്നുണ്ടെന്നു വിചാരിച്ചെങ്കിലും ഈ ചരിത്രം വായിക്കുന്ന കുട്ടികളാരും മേലിൽ ആ വിധം പ്രവൎത്തിക്കുന്നതല്ലെന്നു വിശ്വസിക്കുന്നു.

ഉയൎന്ന ജാതി എന്നഭിമാനിക്കുന്നവരിൽ നിന്നു നമ്മുടേ ചരിത്രനായകന്നു പലേതരം ബുദ്ധിമുട്ടുകളും അനുഭവിപ്പാനിട വന്നിട്ടുണ്ടു. പക്ഷേ ആ വക വിവരങ്ങൾ ഒക്കെയും പ്രസ്താവിക്കുന്നതിൽ അദ്ദേഹത്തിന്നുണ്ടായിരുന്ന വൈമുഖ്യത്തേ ഓൎത്തു അവയൊക്കെയും വെളിവായി പറയുവാൻ വിചാരിക്കുന്നില്ല. നേരിട്ടു കാണുംപോൾ ഗുരുനാഥനെന്ന നിലയിലും മുന്നിൽനിന്നു മറഞ്ഞാൽ താണജാതിയെന്ന നിലയെ ആസ്പദമാക്കി പുച്ഛിച്ചും വൎത്തിച്ചുവന്ന അനേകം ശിഷ്യസംപത്തും അദ്ദേഹത്തിന്നു ഉയൎന്ന ജാതികളിലുണ്ടായിരുന്നു. വീട്ടിൽ സാധാരണയായിവന്നു മിക്കപ്പോഴും ആതിഥ്യം സ്വീകരിച്ചു ഒന്നിച്ചിരുന്നു ഭക്ഷണം കഴിക്കുന്നതിന്നു വിരോധമില്ലെങ്കിലും ആ വിവരം പുറത്തറിയിക്കുന്നതിന്നു വ



മിസിസ് ഒണ്ടേൻ ശങ്കരൻ.

ളരേ വിരോധമുണ്ടായിരുന്ന അനേകം സഹൃദ്രത്ത ങ്ങളും ഉയൎന്നജാതികളിൽ അദ്ദേഹത്തിന്നുണ്ടായിരുന്നു. ഉയൎന്നജാതികളിൽനിന്നു അദ്ദേഹത്തിന്നു അനുഭവമായി വന്നിട്ടുള്ള ആക്ഷേപകരങ്ങളായ പ്രവൃത്തികളിൽ ഒന്നു താഴേ വിവരിക്കാം.

മലയാളിക്ലബ്ബ് വകയായി മദിരാശിയിൽ ഓണം ആഘോഷിക്കാറുള്ളതിന്നു ഒരുകുറി വന്നു ചേൎന്നിരുന്ന അസംഖ്യം മലയാളികളിൽ മുന്നണിയിൽ ആറാളുകൾ ഇരുന്നിരുന്നവരിൽ ഒന്നു തീയനായ നമ്മുടേ ചരിത്ര നായകനും മററ അഞ്ചുപേരും ഉയൎന്നജാതിക്കാരും ആയിരുന്നു. ആഘോഷം അവസാനിക്കാറായപ്പോ ൾ സഭസ്സിൽ സന്നിഹിതരായ മാന്യന്മാരേ ഹാര മണിയിപ്പിക്കുക എന്നൊരേൎപ്പാടുണ്ടായി. നമ്മുടേ ചരി ത്രനായകൻേറ ശിഷ്യനായ ഒരു ഉയൎന്നജാതിക്കാര ൻ യുവാവു അഞ്ചു മാല്യങ്ങൾ കൊണ്ടുവന്നു മുന്നണി യിൽഇരുന്നിരുന്ന അഞ്ചു മാന്യന്മാരേയും അണിയി ച്ചു. മൂന്നാമത്തേ കസാലയിൽ ഇരുന്നിരുന്ന നമ്മുടേ ചരിത്രനായകനേ ഒഴിച്ചുവിട്ടതു കണ്ടു അടുത്തിരുന്ന മാന്യൻ തൻേറകഴുത്തിൽ നിന്നു മാലയൂരി അദ്ദേഹത്തി ൻേറ കഴുത്തിൽ അൎപ്പിച്ചു. ഈ ഒരു സംഭവംകൊണ്ടു ത ന്നേ ഉയൎന്നവരെന്നഭിമാനിക്കുന്നവരുടെ സമുദായത്തിൽ വിവേകം കുറഞ്ഞ ചിലൎക്കു തീയരോടുള്ള പുച്ഛരസം ഉദാഹരിക്കാം. ഈ ചരിത്രം വായിക്കാനിടയുള്ള ഉയ ൎന്നജാതിക്കാരെരെങ്കിലും ഈ ഭാഗം വായിക്കുംപോൾ

ലജ്ജിച്ചു തല കുനിക്കാത്തവരുണ്ടെങ്കിൽ നമുക്കു അവരോടു അസൂയപ്പെടേണ്ടതില്ല എന്നേ പറയേണ്ടതുള്ളു.

ഇങ്ങിനേയുള്ള അനേകം ചെറു സംഭവങ്ങളിലും ഉയൎന്നജാതിക്കാർ തീയരോടു കാണിച്ചുവന്നതും വരുന്നതുമായനിൎദ്ദയത്വമോ അഥവാ അധികപ്രസംഗമോ ആണ ഇന്നു തീണ്ടലെന്നുള്ള അനാചാരത്തെക്കാളും പ്രബലമായി തീയസമുദായത്തേയും മററുസമുദായങ്ങളേയും അകററി നിൎത്തുന്നതു എന്നു നിസ്സംശയം പറയാവുന്നതാകുന്നു.

നമ്മുടേ ചരിത്രനായകൻേറ കൃത്യനിഷ്ഠകൊണ്ടു അനേകം പേൎക്ക അദ്ദേഹത്തോടു സുഖക്കുറവിന്നു വഴിയായിട്ടുണ്ടു. ബന്ധുത്വവും ചാൎച്ചയും പരിചയവും ഉള്ളവർ ആരെങ്കിലും ഇദ്ദേഹം പരീക്ഷകനായ വല്ല പരീക്ഷകളിലും തോററുപോയാൽ "ഇനി അയാൾ പരീക്ഷകനായിരിക്കുന്ന കാലത്തോളം ഞാൻ പരീക്ഷക്കു പോകുന്നില്ല. അയാൾ കല്പിച്ചുകൂട്ടിത്തോല്പിക്കുകയാണ" എന്നിങ്ങിനെ പരിഭവിക്കുകയാണ പതിവു. പരീക്ഷകനായി ഒരു കൊല്ലം തെരിഞ്ഞെടുക്കാതിരുന്നാലും, വല്ല ദോഷബഹുലമായ പുസ്തകങ്ങളും ടെക്സ്റ്റ്ബുക്കായി സ്വീകരിക്കാതിരുന്നാലും ഇതേവിധത്തിലുള്ള ആവലാതി പുറപ്പെടും. ഈ വക കാൎയ്യങ്ങളിൽ ചുമതലയുള്ളവൎക്ക എത്രത്തോളം സ്വാതന്ത്ര്യരാഹിത്യം ആവശ്യമാണെന്നു ആരും ആലോചിക്കുകയുമില്ല. ബന്ധുത്വവും ചാൎച്ചയും പരിചയവും ഇല്ലാത്തവൎക്കും ഈ വിഷയത്തിൽ

ആക്ഷേപത്തിന്നു സംഗതിയുണ്ടായിരുന്നു. അവരുടേ ആവലാതി നമ്മുടേ ചരിത്രനായകൻ ഗ്രഹണം ചെയ്യുന്ന തൊക്കേ സ്വന്തം ആളുകൾക്കു മാത്രമാണു എന്നായിരുന്നു. ഉത്തരവാദിത്വമുള്ള ഏതൊരു പ്രവൃത്തിക്കും ഈ നിലയിലുള്ള ആക്ഷേപത്തിന്നു സംഗതിയില്ലാതിരിക്കയില്ല, എന്നു ഒരു സമാധാനം മാത്രമാണു നമ്മുടെ ചരിത്രനായകന്നുണ്ടായിരുന്നതു.

ബലമായ മറ്റൊരാക്ഷേപം നമ്മുടെ ചരിത്രനായകൻ സേവനോക്കി സംസാരിക്കുന്നവനാണെന്നായിരുന്നു. അതിന്നുദാഹരണമായിത്തീരുവാൻ അദ്ദേഹവുമായി ഉണ്ടായി എന്നു വിചാരിക്കാവുന്ന രണ്ടു സംഭാഷണങ്ങൾ ഉദ്ധരിക്കാം. അനദ്ധ്യായകാലത്തു ഒരു ദിവസം രാവിലേ പത്തു മണിക്കു ഒരു വിദ്യാൎത്ഥി നമ്മുടെ ചരിത്രനായകനേ കാണ്മാൻ വരുന്നു.

വിദ്യാൎത്ഥി:—മുൻഷിയേ കണ്ടിട്ടു വേണം നാട്ടിലേക്കു പോകാൻ എന്നു വെച്ചു വന്നതാണു.

മുൻഷി:—മിസ്റ്റർ മേനോനോ-നല്ലതുതന്നെ. എന്നാണു നിങ്ങൾ നാട്ടിലേക്കു പോകുന്നതു?

വിദ്യാൎത്ഥി;—ഇന്നുതന്നെ. ഇവിടെത്താമസിക്കുവാൻ വലിയ ബുദ്ധിമുട്ടു്.

മുൻഷി:—ശരിയാണു. ഒരു ദിവസം മുമ്പായി നാട്ടിലെത്തുകയാണുത്തമം.

സംസാരം കുറേക്കൂടി തുടൎന്നശേഷം വിദ്യാൎത്ഥി വിടവാങ്ങിപ്പോയി. അന്നുതന്നേ പതിനൊന്നു മണിക്കു മറെറാരു വിദ്യാൎത്ഥി വന്നു കയറി.

വിദ്യാൎത്ഥി;—ഈ വഴിക്കു പോകുംപോൾ മുൻഷിയേ ഒന്നു കണ്ടുകളയാമെന്നു വെച്ചു കയറിയതാണു.

മുൻഷി:—ഓ പണിക്കരോ. സുഖം തന്നെയല്ലേ. നിങ്ങൾ നാട്ടിൽ പോകുന്നില്ലെന്നുണ്ടോ.

വിദ്യാൎത്ഥി:—ഇല്ല-എന്തിന്നു വെറുതേ പണം ചെലവു ചെയ്യുന്നു. അതുമല്ല നാട്ടിൽ എന്തു രസമാണുള്ളതു. ഞാൻ പോകുന്നില്ല.

മുൻഷി:—ശരിയാണു. വെറുതേ പണം ചെലവാക്കി നാട്ടിൽ പോയിട്ടു എന്തു കാൎയ്യം. ഇവിടെവെച്ചു വായിക്കരുതോ.

പിന്നേയും കുറേ സംസാരിച്ചു വിദ്യാൎത്ഥി വിടവാങ്ങിപ്പോയി. ഇനി ഈ രണ്ടു വിദ്യാൎത്ഥികളും തമ്മിൽ അന്നുതന്നെ ഉണ്ടായി എന്നു വിചാരിക്കാവുന്ന ഒരു സംഭാഷണംകൂടി താഴെ വിവരിക്കട്ടേ.

പണിക്കർ:—മേനന്നേ-എന്താണിത്ര ധൃതി. എവിടെപ്പോയിരുന്നു.

മേനോൻ:—ഞാൻ ഇന്നു നാട്ടിൽ പോകുന്നു. നിങ്ങൾ ഇപ്പോൾ എവിടുന്നാണു വരുന്നതു?



ഒണ്ടേടൻ ശങ്കരൻ, ബി. ഏ. ബി. എൽ.

SEN GUPTA MEMORIAL
PUTHIYARA
READING ROOM & LIBRARY

പണിക്കർ:—ഞാൻ നമ്മുടേ മുൻഷിയേ കണ്ടു വരികയാണു.

മേനോൻ:—ഞാനും കുറേ നേത്തേ പോയിക്കണ്ടിരുന്നു. എന്നോടു നാട്ടിലേക്കു വേഗം പോകുന്നതാണു നല്ലതെന്നുപദേശിച്ചു.

പണിക്കർ:—വാസ്തവമോ-എന്തു പുതുമയാണിതു? എന്നോടു നാട്ടിൽ പോകേണ്ട എന്നാണുപദേശിച്ചതു.

മേനോൻ:—അയാറം പറയുന്നതിന്നു വല്ല വേസ്ഥയുമുണ്ടോ-ഇങ്ങിനേ സേവ പറവാൻ മിടുക്കൻ വേറേആരാണുള്ളതു?

പിന്നീടു കുറേക്കൂടി സംസാരിച്ച ശേഷം അവരും പിരിയുന്നു. നമ്മുടേ ചരിത്രനായകൻ സേവ നോക്കി സംസാരിക്കുന്നവനാണെന്നുള്ള അഭിപ്രായവും പ്രബലമായി പരന്നു തുടങ്ങുന്നു. യാതോരു ഫലവും ഉണ്ടാകാത്ത അവസരങ്ങളിൽ അവനവൻേറ സ്വാഭിപ്രായം ഉപദേശരൂപമായിപ്പറയുന്നതുകൊണ്ടു "ശവം കുത്തി പകയേല്ക്കുക"എന്നല്ലാതേ മററെന്താണുള്ളതു? ഓരോരുത്തക്കും ഓരോ വിധത്തിലായിരിക്കും നാട്ടിൽ പോകുന്നതുകൊണ്ടും പോകാതിരിക്കുന്നതുകൊണ്ടും അനുഭവം. അങ്ങിനേ വരുന്ന അവസരങ്ങളിൽ സ്വാഭിപ്രായ പ്രകടനം കൊണ്ടു എന്തു കാൎയ്യമാണു? സൂക്ഷ്മമായി ആലോചിക്കുന്ന ഏവനും നമ്മുടേ ചരിത്രനായകൻേറ ഉദാരബുദ്ധിയാണു ഇതിൽ പ്രത്യക്ഷപ്പെട്ടു കാണുക. എന്നാൽ ഇതാ

ണ് അദ്ദേഹത്തിനെക്കുറിച്ചു ബാലമായി പുറപ്പെടുവിക്കാവുള്ള അപവാദം.

അഥവാ ഇതൊരു തെററു തന്നെയായിരിക്കാമെന്നു സമ്മതിക്കുന്നതായാൽ കൂടി അത്ര വലിയ തെററാണോ? മനുഷ്യരുടേ ഇടയിൽ നാം ഏതെല്ലാംതരക്കാരേ കാണുന്നു? വലിയ സമുദായപരിഷ്കാരികളെന്നഭിമാനിക്കുന്ന എത്ര പേരാണു സ്വന്തമായി നിർവ്വഹിക്കാവുന്ന പരിഷ്കാരങ്ങൾ കൂടി നിറവേററാൻ പൌരുഷമില്ലാതേയും അതു പുറത്തറിയുന്നതിലുള്ള ലജ്ജകൊണ്ടു വ്യാജമായ സമാധാനങ്ങൾ പറഞ്ഞും കാലംകഴിക്കുന്നതു? അന്യരിൽ നിഷ്കളംകമായ മൈത്രികാണുംപോൾ അതു സഹിക്കാൻ കഴിവില്ലാതേ എത്ര പേരാണു അങ്ങിനേയുള്ളവരേക്കുറിച്ചു ദുശ്ശങ്കകൾ ഉണ്ടാക്കിത്തീർത്തു അവരേക്കുറിച്ചു അപവാദങ്ങൾ പറഞ്ഞു നടത്തുന്നതു? എത്ര പ്രമാണികളാണു തങ്ങളേക്കാൾ യോഗ്യതയുള്ള മുറവുള്ളവരുടേ നടവടിയിൽ അസൂയപ്പെട്ടു അവരേ വൃഥാ പഴിക്കുന്നതു? എത്ര യോഗ്യന്മാരെന്നു നടിക്കുന്നവരാണു തങ്ങളുടേ സ്നേഹിതന്മാരുടേ വീട്ടിൽ ആതിത്ഥ്യം സ്വീകരിച്ചുവരുന്ന അവസരങ്ങളിൽ പോലും അവരുടേ കുടുംബജീവിതം കലുഷമാക്കിത്തീർപ്പാൻ ശ്രമിക്കുന്നതു? എത്രപേരാണു കാൎയ്യകാരണങ്ങളുടേ സംബന്ധം തെററിദ്ധരിച്ചുണ്ടായ വൈരത്തേ പിന്നീടു യഥാൎത്ഥസ്ഥിതി വെളിവാക്കിക്കൊടുത്തിട്ടുകൂടി സമാധാനിക്കാതേ മരണംവരേയും ആ കാലുഷ്യം വെച്ചുകൊ



ചരിത്രനായകനും കുടുംബവും.

ണ്ടിരിക്കുന്നതു? എത്ര വലിയ ഉദ്യോഗസ്ഥന്മാരാണു തങ്ങളുടേ ഉദ്യോഗം വെറും ആകസ്മികമായ ഒരു സംഗതി മാത്രമാണെന്നു വിചാരിക്കാതേ വാസ്തവത്തിൽ തങ്ങളേപ്പോലേയോ തങ്ങളേക്കാളുമോ യോഗ്യതയുള്ള മററുള്ളവരേ തൃണവൽ ഗണിക്കുന്നതു? എത്രപേരാണു ഉദ്യോഗതിമിരം ബാധിച്ചു മുമ്പു ഒന്നിച്ചുകളിച്ചിരുന്നവരേ തീരേ ബഹുമനിക്കാതേയും മററുള്ളവരെല്ലാം തൻേറ ഉദ്യോഗം പ്രമാണിച്ചു തന്നേ ബഹുമാനിച്ചുകൊള്ളേണമെന്നു കരുതുന്നതു? എത്രപേരാണു മേലധികാരികളോടു പട്ടികളേപ്പോലേ കാലിൽവീണു ആശ്രയിച്ചു പെരുമാറി കീഴിലുള്ളവരേ കഴിയുന്നവിധത്തിലെല്ലാം ദ്രോഹിക്കുന്നതു? എത്രപേരാണു തങ്ങളുടേ അഭിവൃദ്ധിക്കുവേണ്ടി അന്യരേ ബലികഴിപ്പാൻ സശ്രദ്ധരായിരിക്കുന്നതു? എത്രപേരാണു അതേകാൎയ്യത്തിന്നുവേണ്ടി പൌരുഷമുള്ളവർ പുറത്തുപറവാൻകൂടി ലജ്ജിക്കത്തക്ക പ്രവൃത്തികൾ ചെയ്യുന്നതു? എത്രപേരാണു വിടവൃത്തികൊണ്ടു ആദ്യമായി തങ്ങളെത്തന്നെ ദുഷിപ്പിച്ചു് തന്മൂലം തങ്ങളുടേ കുടുംബങ്ങളേയുംകൂടി ദുഷിപ്പിക്കുന്നതു? എത്രപേരാണു കൈക്കൂലിവാങ്ങിയും നീതിയും ന്യായവും തീരേവിട്ടും നടക്കുന്നതു? എത്രപേരാണു ഏഷണികൂട്ടുന്നതു? എത്രപേരാണു കളവുപറയുന്നതു? എത്രപേരാണു കക്കുന്നതു? എത്ര വിമൎശകന്മാരാണു സ്വകാൎയ്യമത്സരംകൊണ്ടു വിശിഷ്ടകൃതികളേ സംഗതികൂടാതേ ആക്ഷേപിക്കുന്നതു? എത്ര ഗ്രന്ഥകാരന്മാരാണു തങ്ങളുടേ സാഹിത്യത്തി

ല്യുള്ള ദോഷങ്ങളേ നിമ്മത്സരബുദ്ധ്യാ കാണിച്ചുകൊടു ക്കുന്നവരോടു നിത്യശത്രുത്വം വിചാരിച്ചുവരുന്നതു? എ ത്ര ജനങ്ങളാണ വലിയ സമുദായനേതാക്കളാണെന്നു ഭാവിച്ചു തരം കിട്ടുംപോഴൊക്കേയും തങ്ങളുടേ സ്വാത്ഥ ത്തേ മാത്രം മുൻനിൎത്തി പ്രവൎത്തിക്കുന്നതു? ഇങ്ങിനെ ആ ക്ഷേപകരമായി അനവസാനംവിധത്തിൽ നാം കാണു ന്നമനോഗതികളൊന്നും നമ്മുടേ ചരിത്രനായകനിൽ കാ ണാതിരിക്കുന്ന സ്ഥിതിക്കു അന്യരേ മുഷിപ്പിക്കാൻ അ ദ്ദേഹം ശ്രമിച്ചില്ല എന്നതു ഇത്ര വളരേ വലുതാക്കി ആ രെങ്കിലും ആദ്ദേഹത്തേ അധിക്ഷേപിക്കുന്നുണ്ടെങ്കിൽ അതുതന്നേ അദ്ദേഹത്തിന്നു മററു പറയത്തക്ക ദോഷ ങ്ങൾ യാതൊന്നും ഇല്ലെന്നുള്ളതിന്നു ഒരു പ്രത്യേക തെ ളിവായി വിചാരിക്കാവുന്നതാകുന്നു.

ഈ വക ദോഷങ്ങളുടേ അഭാവത്തിന്നു പുറമേ നമ്മുടേ ചരിത്രനായകൻേറ സ്വഭാവത്തിന്നു ഒരു വി ശേഷഗുണമുള്ളതു് ഇങ്ങോട്ടു വിരോധം ചെയ്യുവരോടു പ്രതിക്രിയ ചെയ്യുയില്ലെന്നുള്ളതാണ്. നമ്മോടു വല്ല വി രോധവും കാണിക്കുന്നവരോടു അതേതരത്തിൽ അങ്ങോ ട്ടും കാണിക്കുന്നതു ശൌൎയ്യമാണെന്നും അങ്ങിനേ ചെ യ്യാതിരുന്നാൽ ഒരു സമയം ഭയപ്പെട്ടു മാത്രം അങ്ങിനേ ചെയ്യാതിരിക്കുന്നതാണെന്നും ആരെങ്കിലും വിചാരിക്കു മായിരിക്കാം. കാൎയ്യത്തിൻേറ സൂക്ഷ്മസ്ഥിതി അങ്ങിനേ യല്ല. പ്രതിക്രിയ ചെയ്യുന്നതു മൃഗസ്വഭാവമാണ്. സൽ ബുദ്ധിയുള്ളവർ ഇങ്ങോട്ടുചെയ്യുന്ന അപകാരത്തിന്നു പ

കരം അങ്ങോട്ടു ഉപകാരമാണ് ചെയ്യുക. ഒരാൾ മ
റെറാരാളുടേ വീട്ടിൽ ചെല്ലുംപോൾ വന്ന ആളുടേ സ്ഥാ
നത്തിന്നൊത്ത വിധത്തിൽ വീട്ടുകാർ മാനിക്കുകയോ
ആദരിക്കുകയോ ചെയ്തില്ലെന്നു വന്നാൽ വല്ലകാലത്തും
ആ വീട്ടുകാരൻ മറേറ ആളുടേ വീട്ടിൽ ചെല്ലേണ്ടിവ
രുംപോൾ അതേതരത്തിൽ അയാളേയും അപമാനിക്കു
കയോ അനാദരിക്കുകയോ ചെയ്യുന്നതിന്നു പകരം മുമ്പു
തനിക്കനുഭവമായ സംഗതി വിസ്മരിച്ചു വേണ്ടതുപോ
ലേ മാനിക്കുകയാണ് ചെയ്യേണ്ടതു. അതുകൊണ്ടു താൻ
മുമ്പു ചെയ്തുപോയ അപരാധം വിശേഷബുദ്ധിയുള്ളവ
നാണെങ്കിൽ മറേറ ആൾക്കു വെളിപ്പെട്ടു കാണാറാകും.
വിശേഷബുദ്ധിയില്ലാത്തവനാണെങ്കിൽ ഒരുസമയം ത
ന്നേ ഭയപ്പെട്ടു ചെയ്തതാണെന്നനുമാനിക്കുമായിരിക്കാം.
അതുപോലേ ഏതുകാൎയ്യത്തിലും പ്രവൎത്തിക്കുന്നതാണു
സൎവ്വഥാ അനുകരണീയമായിരിക്കുക.

ഈ ചരിത്രം അവസാനിപ്പിക്കുന്നതിന്നു മുമ്പായി
നമ്മുടേ ചരിത്രനായകന്റേ അവസാന കാലത്തേസ്ഥി
തികൂടി അല്പമായി പ്രസ്താവിച്ചുകൊള്ളുന്നു. ഒരിക്കലും വൃ
ഥാസമയം കഴിക്കുന്നതിന്നു അദ്ദേഹത്തിന്നു ഇഷ്ടമോ
സൌകൎയ്യമോ ഉണ്ടായിരുന്നില്ല. താൻ ഒരംഗമായിട്ടുള്ള
യോഗങ്ങൾ വകയായും മററുമുള്ള ഓരോ കാൎയ്യങ്ങളിൽ
ഏൎപ്പെട്ടുകൊണ്ടും പിഴ തീൎക്കുവാനും അഭിപ്രായത്തി
ന്നും മററുമായി അയച്ചുകിട്ടുന്ന പുസ്തകങ്ങൾ വായിച്ചും
പൌത്രന്മാരുടേയും പൌത്രിമാരുടേയും വിദ്യാഭ്യാസകാ

ൎയ്യങ്ങളിൽ ശ്രദ്ധവെച്ചും എപ്പോഴും ഈശ്വരദ്ധ്യാനത്തിന്നു മുടക്കം കൂടാതേയുമാണ ഈ വന്ദ്യവയോധികൻ അന്ത്യകാലം കഴിച്ചുകൂട്ടിയിരുന്നതു. സ്വന്ത സമുദായത്തിന്നു വന്നു ചേൎന്നിട്ടുള്ള അധഃപതനത്തിൽ നിന്നു അതിനേ ഉദ്ധരിക്കുവാൻ ശ്രമിക്കുന്ന സമുദായാംഗങ്ങളോടു ഇദ്ദേഹത്തിന്നു വളരേ ബഹുമാനമായിരുന്നു. അക്കാൎയ്യത്തിൽ തന്നേക്കൊണ്ടു കഴിയുന്ന വിധത്തിൽ അവരേ പ്രോത്സാഹിപ്പിക്കുകയുംചെയ്തിരുന്നു. ഉദ്യോഗത്തിന്നു ശ്രമിച്ചുനടക്കുന്ന ചെറുപ്പക്കാരേക്കൊണ്ടു ഇദ്ദേഹത്തിന്നു കുറേ ശല്യമുണ്ടായിരുന്നു. ആ സായ്വിനൊരെഴുത്തു ഈ സായ്വിനൊരെഴുത്തു എന്നിങ്ങിനേ ധാരാളം ആളുകൾ ശിപാൎശിക്കത്തിന്നു വരും. ആരുടേയും മുഖം മുറിച്ചുപറവാൻ വയ്യാത്ത ഇദ്ദേഹം അവരേ ഒന്നും വെറുതേ മടക്കി അയക്കയുമില്ല ഇക്കൂട്ടത്തിൽ പരിചയമില്ലാത്ത ചില സായ്വന്മാൎക്കുപോലും കത്തുകൾ കൊടുത്തതായും കാൎയ്യം സാധിച്ചതായും കേട്ടിട്ടുണ്ടു്. അന്യന്മാരുടേയും വിശേഷിച്ചു സായ്വന്മാരുടേയുംഇടയിൽ ഇദ്ദേഹത്തേപ്പററിയുണ്ടായിരുന്ന ബഹുമാനം എത്രയാണെന്നു ഇതുകൊണ്ടു അനുമാനിക്കാവുന്നതാണല്ലോ.

ആഴ്ചയിലൊരിക്കലെങ്കിലും മദിരാശി കോസ്മോപ്പോളിട്ടൻ ക്ലബ്ബിൽ പോകുക എന്നതു ഇദ്ദേഹത്തിന്നു ഒഴിച്ചുകൂടാത്ത ഒരു കൃത്യമായിത്തീൎന്നിരുന്നു. അതു സാധാരണയായി ബിലാത്തിമെയിൽ വന്ന ദിവസമോ അതിന്നടുത്ത പിറേറദിവസമോ ആയിരിക്കും. കോസ്മോപ്പോ-

ളിട്ടൻ ക്ലബ്ബിൽ വിശേഷപ്പെട്ട കാപ്പി കിട്ടുമെന്നു ഇദ്ദേഹം ചിലപ്പോഴൊക്കെയും പറയാറുണ്ടായിരുന്നതുകൊണ്ടു ആഴ്ചയിലൊരിക്കൽ അതു അനുഭവിക്കുന്നതിലുള്ള കൃത്യം ഇദ്ദേഹം തെററിക്കാറുണ്ടായിരുന്നില്ലെന്നു തീച്ച്പ്പെടുത്താം. കോസ്മോപ്പോളിട്ടൻ ക്ലബ്ബിൽ വന്നുചേരുന്ന സകലരാലും അഭിനന്ദിക്കപ്പെട്ടും ക്ലബ്ബിലേ ഭൃത്യനിവഹങ്ങളാൽ ആദരിക്കപ്പെട്ടും ഇദ്ദേഹം വീട്ടിലേക്കു മടങ്ങും. ഇങ്ങിനെയായിരുന്നു മരിക്കുന്നതിന്നു അടുത്തുള്ള സംപ്രദായം.

ഒരു സാധാരണനിലയിൽ ജനിച്ചവളുന്ന് വിശേഷിച്ച സൌകൎയ്യങ്ങളൊന്നും ഇല്ലാതിരുന്നു എന്നുമാത്രമല്ല പ്രതിബന്ധങ്ങൾ എത്രയൊ ഉണ്ടായിരുന്നിട്ടും പരിശ്രമം കൊണ്ടു ഒരു നല്ലനിലയിലെത്തിയ മലയാളികളിൽ നമ്മുടേ ചരിത്രനായകന്നു കിടനില്ക്കത്തക്കവർ ചുരുക്കം പേരേ ഉണ്ടായിട്ടുള്ളു. അതുകൊണ്ടു ഈ ജീവനചരിത്രം കേരളത്തിലേ ബാലന്മാൎക്കു ഒരാദൎശമായിത്തീരുമെന്നതിന്നു സംശയമില്ല.

ശുഭം.

# ശുദ്ധിപത്രം.

| ഭാഗം | വരി | അബദ്ധം | സുബദ്ധം |
|---|---|---|---|
| അവതാരിക 3 | 4 | ആവശമായ | ആവശ്യമായ |
| ,, 3 | 12 | തന്നെ | നന്നെ |
| 19 | 21 | ദിനചൎയ്യം | ദിനചൎയ്യ |
| 20 | 3 | വരുന്നതിൽ | വന്നതിൽ |
| 29 | 12 | സിദ്ധ | സിദ്ധി |
| 56 | 18 | ബഹുമാനപ്പെട്ടപദവി | ബഹുമാനപദവി |
| 57 | 12 | പറയ | പറയി |
| 57 | 15 | കഥാനായകന്റെ | ചരിത്രനായകന്റെ |
| 73 | 1 | സഹൃദ്രത | സുഹൃദ്രത |

GUPTA MEM

f 41

30

~~424~~

F-41

41

GUPTA MEM...

92
KR1

Indic Digital Archive Foundation

gpura.org